www.malankaralibrary.com

കൊല്ലാനിട്ട നമ്പർ | സമാധാനം എത്ര ദൂരെ? | ഈ മണിക്കൂറിൽ മണിപ്പൂർ

Vol. 20 No. 08 Aug. 2023

# കാരുണികൻ

₹ 35
www.karunikan.com
സമഗ്ര ദൈവശാസ്ത്ര മാസിക



## മണിപ്പൂർ
## പീഡാനുഭവം

www.malankaralibrary.com



www.malankaralibrary.com



കാരുണികൻ

പുസ്തകം 20 ലക്കം 8
2023 ആഗസ്റ്റ്

**രക്ഷാധികാരി**
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പിരീയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

**എഡിറ്റർ ഇൻ ചാർജ്**
ഫാ. ആന്റോ പുതുവ MCBS

**എക്സിക്യൂട്ടീവ് എഡിറ്റർ**
ജോസ് ക്ലെമന്റ്

**പത്രാധിപസമിതി**
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

**ഫിനാൻസ് മാനേജർ**
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

**മാർക്കറ്റിംഗ് മാനേജർ**
ഫാ. അഖിൽ ചാരംതൊട്ടിയിൽ MCBS

**ഓർഗനൈസിംഗ് അസിസ്റ്റൻസ്**
ഫാ. ജോജോ കന്നപ്പിള്ളി MCBS

**കവർ & ഇല്ലുസ്ട്രേഷൻസ്**
സതീഷ്

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

**അക്ഷരവിന്യാസം**
**നിഷ ബിനു**

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ., എറണാകുളം – 682 015
ഫോൺ : 0484 – 2663933, 9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com
ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

**BANK DETAILS**

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank,Thevara |


## മണിപ്പൂർ കേരളസഭയുടെ പുറമ്പോക്ക്!

മണിപ്പൂർ സംഘർഷം ശക്തിപ്പെട്ട സമയം. ഞായറാഴ്ച പ്രസംഗം പതിയെ മണിപ്പൂരിലേക്ക് തെന്നിമാറി. വായിച്ചറിഞ്ഞ് ഹൃദയത്തിൽ തട്ടിയ കെടുതികൾ വിവരിക്കുന്നതിനിടയിൽ ആവേശപൂർവ്വം ചോദിച്ചു: ''ഇതു വരെയായിട്ടും മോദിജി എന്ത്യേ മണിപ്പൂർ സന്ദർശിച്ചില്ല?''

ഇത് ചെറിയൊരു ആശ്രമമാണ്. അയൽപക്കത്തുള്ള കുറെ പ്രായമായവരാണ് കുർബ്ബാനയ്ക്ക് വരുന്നത്. കൂടിപ്പോയാൽ ഒരു അമ്പത് പേര് കാണും. അത്രമാത്രം. കുർബ്ബാന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഒരു വല്യമ്മച്ചി അടുത്തുവന്നു. പതിവ് സ്തുതി ചൊല്ലിയ ശേഷം ചോദിച്ചു: ''മോദിജി മണിപ്പൂരിൽ പോകാത്ത കാര്യം അച്ചൻ പറഞ്ഞല്ലോ. അച്ചൻ മോദിജിയെ വിട്ടുകള. അച്ചൻ എന്തുകൊണ്ടാണ് ഇതുവരെ മണിപ്പൂരിൽ പോകാഞ്ഞത്?''

ഒരാഴ്ചയ്ക്കു ശേഷം ജൂലൈ 23-ാം തീയ്യതിയിലെ പ്രസംഗത്തിൽ മണിപ്പൂരിലേക്ക് യാത്രയാകുകയാണെന്ന കാര്യം ഞാൻ അറിയിച്ചു. കുർബ്ബാന കഴിഞ്ഞ് സങ്കീർത്തിയിൽ നിന്ന് പുറത്തുവന്നതേ ഒരു ചേട്ടൻ ഓടിവന്നു. പേഴ്സ് തുറന്ന് ആരും കാണാതെ എന്റെ കൈയിൽ പിടിപ്പിച്ചിട്ട് പറഞ്ഞു: ''അച്ചോ, എന്റെ കൈയിൽ ഇപ്പോൾ ഇത്രയേ ഉള്ളൂ. അയ്യായിരം. അച്ചൻ മണിപ്പൂരിൽ പോകുമ്പോൾ കഷ്ടപ്പെടുന്നവർക്ക് കൊടുക്കണം.''

അതിനുശേഷം, മുറിയിൽ വന്ന് അല്പം കഴിഞ്ഞതേ, വാതിലേൽ ഒരു മുട്ട്. കതക് തുറന്ന് നോക്കിയപ്പോൾ അയൽപക്കത്ത് തന്നെയുള്ള ഒരു ചേച്ചിയാണ്. കുർബ്ബാന കഴിഞ്ഞ് വീട്ടിൽ പോയിട്ട് തിരികെ വന്നിരിക്കുന്നതാണ്. ഒരു കടലാസുപൊതി തന്നിട്ട് പറഞ്ഞു, ''പള്ളിയിൽ വന്നപ്പോൾ എന്റെ കൈയിൽ ഒന്നുമില്ലായിരുന്നു.'' അത് രണ്ടായിരം രൂപ ഉണ്ടായിരുന്നു.

പത്തുവർഷം മുമ്പ്, 2013 മാർച്ച് 7-ാം തീയതി. ബുവെനോസ് ഐെരേസിലെ കർദ്ദിനാൾ ഹോർഹെ ബെർഗോളിയോ മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെടാൻ നിർണ്ണായകമായത് കർദ്ദിനാൾ സംഘത്തിൽ

www.malankaralibrary.com

ആദ്ദേഹം നടത്തിയ മൂന്നര മിനിറ്റിന്റെ പ്രസംഗമായിരുന്നു. അദ്ദേഹം പറഞ്ഞു: ''സഭയുടെ നേതാക്കളെന്ന നിലയിൽ നമ്മൾ പലപ്പോഴും നമ്മിലേക്ക് തന്നെ പിൻവലിയുകയാണ് ചെയ്യുന്നത്.'' തുടർന്ന് അദ്ദേഹം വിശദീകരിച്ചു: ''ഇത് അപകടകരമാണ്. ഉള്ളിലേക്ക് പിൻവലിയുകയല്ല, മറിച്ച് സമൂഹത്തിന്റെ പുറമ്പോക്കുകളിലേക്ക് നീങ്ങുകയാണ് സഭ ചെയ്യേണ്ടത്!''

പത്തുവർഷം മുമ്പ് കർദ്ദിനാൾ സംഘത്തോട് പറഞ്ഞ അതേ ആഹ്വാനം ഫ്രാൻസീസ് പാപ്പാ ഇന്നത്തെ സാഹചര്യത്തിൽ കേരളസഭയോട് തീർച്ചയായും ആവർത്തിക്കും: ''സഭയുടെ നേതാക്കളെന്ന നിലയിൽ ഉള്ളിലേക്ക് പിൻവലിയുകയല്ല നമ്മുടെ ധർമ്മം, മറിച്ച് പുറമ്പോക്കിലേക്ക് നീങ്ങുകയാണ്.'' ഏതാണ് ഇന്ന് കേരളസഭയുടെ പുറമ്പോക്ക്? ഒരു സംശയവും വേണ്ട, വടക്കു കിഴക്കൻ സംസ്ഥാനമായ മണിപ്പൂരാണ്. ആ പുറമ്പോക്കിൽ നിറയെ അഭയാർത്ഥികളും, ഭവനരഹിതരും, ദരിദ്രരും, പീഡിതരും, മുറിവേറ്റവരുമാണ്. അവരുടെയിടയിലേക്കാണ് കേരളസഭ നീങ്ങേണ്ടത്.

എന്നാൽ, പുറമ്പോക്കിലേക്ക് പോകുന്നത് ഫോട്ടോഷൂട്ടിനാകരുത്; അതിനുശേഷം മറുവശത്തുകൂടെ കടന്നുപോകുകയുമരുത് (ലൂക്കാ 10:31). മറിച്ച്, അടുത്തു ചെല്ലാനും മനസ്സലിഞ്ഞ്, കൈയ്യിൽ സ്വന്തം ആവശ്യത്തിന് കരുതിവച്ചിരിക്കുന്ന എണ്ണയും വീഞ്ഞുമൊഴിച്ച് മുറിവേറ്റവരെ പരിചരിക്കാനും, സ്വന്തം കഴുതപ്പുറത്തു കയറ്റി സത്രത്തിൽ എത്തിക്കാനും അവസാനം കൈയ്യിൽ ആകെയുള്ള രണ്ടു ദനാറ അവർക്കായി വ്യയം ചെയ്യാനുമായിരിക്കണം. കൂടുതൽ ചിലവായാൽ അത് തരാൻ തിരികെ വരുമെന്ന് ഉറപ്പുകൊടുക്കാനുമാവണം.

ഈ എളിയ ആഹ്വാനം കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ നേതൃത്വത്തിലിരിക്കുന്ന വൈദികരോടും വൈദിക ശ്രേഷ്ഠരോടുമാണ്. യൂറോപ്പിലും അമേരിക്കയിലും പോയപ്പോൾ അവിടുത്തെ ക്രൈസ്തവകൂട്ടായ്മകളിൽ നിന്ന് ഒരു ഞായറാഴ്ചത്തെ 'കളക്ഷൻ' എങ്കിലും സ്വീകരിക്കാത്തവർ നമ്മുടെയിടയിൽ ആരെങ്കിലുമുണ്ടോ? എന്നിട്ടും എന്തുകൊണ്ടാണ് നമ്മുടെ ഹൃദയം അലിയാനും നമ്മുടെ സമ്പാദ്യങ്ങൾ പങ്കുവയ്ക്കാനും നമ്മൾ ഇത്രയും അമാന്തിക്കുന്നത്?

കേരള സഭയിലെ എല്ലാ ഇടവകകളിലും ഒരു ഞായറാഴ്ചത്തെ 'സ്തോത്രക്കാഴ്ച' മണിപ്പൂരിനുവേണ്ടിയാണെന്ന് പറഞ്ഞാൽ നമ്മുടെ സഹോദരങ്ങൾ ഉദാരമായി സഹകരിക്കുമെന്ന കാര്യം ഉറപ്പാണ്. ബൈബിൾ കൺവെൻഷനുകളിൽ വമ്പിച്ച 'സ്തോത്രക്കാഴ്ച' വീഴ്ത്തിയിട്ടുള്ള ധ്യാനഗുരുക്കന്മാരും മുമ്പോട്ട് വരണം. അവരുടെയൊക്കെ സ്വകാര്യ പേഴ്സുകളും ബാങ്ക് അക്കൗണ്ടുകളും മണിപ്പൂരിലെ നിസ്വർക്കായി തുറക്കപ്പെടണം.

സഭാപിതാവായ ബേസിലിന്റെ പ്രഖ്യാപനം നമുക്ക് വേണ്ടി കൂടിയുള്ളതാണെന്ന കാര്യം നമ്മൾ മറക്കണ്ട.: ''നിന്റെ മേശയിൽ നീ മിച്ചം സൂക്ഷിച്ചുവച്ചിരിക്കുന്ന പണം നിന്റെ സ്വന്തമല്ല, മറിച്ച്, നിന്റെ സമീപത്തുള്ള ദരിദ്രന്റേതാണ്. നീ നിന്റെ അടുക്കളയിൽ കരുതിവച്ചിരിക്കുന്ന ഭക്ഷണം നിന്റെ സ്വന്തമല്ല, വിശക്കുന്ന പാവപ്പെട്ടവന്റേതാണ്. നിന്റെ അലമാരയിൽ നീ അലക്കി തേച്ചുവച്ചിരിക്കുന്ന വസ്ത്രം നിന്റേതല്ല. പിന്നെയോ വസ്ത്രമില്ലാത്ത ദരിദ്രന്റേതാണ്.''

www.malankaralibrary.com

കൊടുക്കുന്നതുകൊണ്ടുള്ള മുന്തിയ ഗുണം കൊടുക്കുന്നവനുതന്നെയാണെന്ന് പഠിപ്പിച്ചത് യേശുവല്ലേ? ''നിത്യജീവൻ പ്രാപിക്കാൻ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക'' (മർക്കോ 10:21) എന്നല്ലേ അവൻ പഠിപ്പിച്ചത്. കൊടുക്കുമ്പോഴാണ് നിന്നിലെ ജീവൻ വർധിക്കുന്നതും വളരുന്നതും, അവസാനം അത് നിത്യതയിലേക്ക് നിലനിൽക്കുന്നതും.

ഇസ്രായേലിലെ രണ്ടു തടാകങ്ങളെ മറക്കണ്ട: ഗലീലി കടലും ചാവുകടലും. യഹൂദർ അവയെ കടലുകൾ എന്നാണ് വിളിക്കുക. അത് അവരുടെ ഒരു സ്വഭാവ രീതിയായി കണ്ടാൽ മതിയാകും. രണ്ടും വെറും തടാകങ്ങൾ മാത്രമാണ്. ഗലീലി കടലിനേക്കാൾ പതിന്മടങ്ങ് വലിപ്പമുള്ളതാണ് ചാവുകടൽ. രണ്ടിലും വന്നുചേരുന്നത് യോർദ്ദാൻ നദിയിലെ ജലം തന്നെയാണ്. എന്നിട്ടും, രണ്ടും വിരുദ്ധ സ്വഭാവങ്ങൾ കാണിക്കുന്നു. ഗലീലി കടലിൽ നിറയെ മത്സ്യങ്ങളും ചെടികളും ജീവജാലങ്ങളുമാണ്; ജീവൻ ത്രസിച്ചുനിൽക്കുന്ന തടാകമാണത്.

എന്നാൽ ചാവുകടലോ? അത് വന്ധ്യവും നിർജീവവുമാണ്. എന്താണ് ഇതിന് കാരണം? ഗലീലി കടൽ ജോർദാൻ നദിയിൽ നിന്ന് വെള്ളം സ്വീകരിക്കുന്നു, തുടർന്ന് അതേപോലെ ആ ജലം യോർദ്ദാൻ നദിയുടെ തുടർ കൈവഴിയിലേക്ക് കൈമാറി കൊടുക്കുന്നു. എന്നാൽ, ചാവുകടൽ വെള്ളം സ്വീകരിക്കുന്നതല്ലാതെ, എങ്ങോട്ടും കൊടുക്കുന്നില്ല.

സ്വന്തം സമ്പത്തെല്ലാം പങ്കുവച്ചു കൊടുക്കുന്ന സക്കേവൂസിനോട് യേശു പറഞ്ഞത് മറക്കണ്ട, ''ഇന്ന് ഈ ഭവനം രക്ഷ പ്രാപിച്ചിരിക്കുന്നു'' (ലൂക്കാ 19:9) കൊടുക്കുമ്പോഴാണ് ജീവനും നിത്യജീവനും രക്ഷയും കൈവരുന്നത്.

അങ്ങനെയെങ്കിൽ, എപ്പോഴാണ് ഒരു മതസമൂഹംപോലും മൃതമാകുന്നതെന്ന് വ്യക്തം. ഒന്നും പങ്കുവച്ചുകൊടുക്കാതെ സ്വീകരിച്ചുകൊണ്ടും സമാഹരിച്ചുകൊണ്ടുമിരുന്നാൽ അത് ജീവനറ്റുപോകുകയേ ഉള്ളു, മൃതമായിത്തീരുകയേ ഉള്ളൂ. നമ്മുടെ സമൂഹം കടന്നുപോകുന്ന മൃതാവസ്ഥയിൽ നിന്ന് ഉയർത്തെഴുന്നേൽക്കാനും ജീവന്റെ നിറവിലേക്ക് വളരാനുമുള്ള മാർഗം ഒന്നേയുള്ളൂ: നമുക്ക് പുറമ്പോക്കിലേക്ക് നീങ്ങാം! തുടക്കത്തിലെ വല്യമ്മച്ചിയുടെ ചോദ്യം നേതൃത്വത്തിലുള്ള എല്ലാവരോടും തന്നെയാണ്: ''മോദിജിയുടെ കാര്യം വിട്ടുകള, അച്ചൻ മണിപ്പുരിൽ പോയോ?''

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


08

**ഈ മണിക്കൂറിൽ മണിപ്പൂർ**

മണിപ്പൂരിലൂടെയുള്ള കാരുണികന്റെ യാത്ര ആരംഭിക്കുകയാണ്. ഇംഫാലിന്റെ മെത്രാപ്പൊലീത്ത ആർച്ച് ബിഷപ്പ് ഡൊമനിക് ലുമോൻ ലോകത്തോട് അഭ്യർത്ഥിക്കുന്നത്, അടിയന്തിരമായി മണിപ്പൂരിന് വേണ്ടതിനെ കുറിച്ചാണ്.

12

**90ലും വലിയ 10**

മണിപ്പൂരിലെ ആകെ ഭൂമിയിൽ 10 ശതമാനം മാത്രമാണ് സമതലം. ബാക്കി കുക്കികളും നാഗാസും കൂടുതലായി പാർക്കുന്ന കാടും മലയും. കുക്കികൾ ജനസംഖ്യയുടെ ശതമാനത്തിലും പെരുകുന്നു എന്ന മറ്റൊരു വ്യാജഭീതി- മണിപ്പൂരിലെ യാഥാർത്ഥ്യത്തിന്റെ കണക്കുകൾ...

18

**ചൂട്ടു പിടിക്കുന്ന അമ്മമാർ**
**തോക്കു കളിക്കുന്ന കുട്ടികൾ**

മണിപ്പൂരിലെ സംഘർഷ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച ഡെലഗേഷനിലെ ഫാ. ജോയ്സൺ പുതുക്കാട്ട് തന്റെ അനുഭവങ്ങൾ എഴുതുന്നു.

21

**കൊല്ലാനിട്ട നമ്പർ**

മെയ് മൂന്നിന് വൈകുന്നേരം സാങായിപ്രൂ പ്രദേശത്ത് വീടുകൾക്ക് നമ്പരിടാൻ തുടങ്ങി. കൊല്ലാനും കൊള്ളയടിക്കാനുമുള്ള അടയാളം. ആസൂത്രണം തിരിച്ചറിയാനാകും മണിപ്പൂരിലെ ആക്രമങ്ങളുടെ ആഴത്തിലിറങ്ങുമ്പോൾ..

23

**മണിപ്പൂർ എങ്ങനെ**
**മഹാഭാരതത്തിലെ മണിപ്പൂരായി?**

കുക്കികളും മെയ്തേയികളും തമ്മിലുള്ള സംഘർഷത്തിന്റെ ചരിത്രപരവും സാംസ്കാരികവും മതപരവുമായ പശ്ചാത്തലങ്ങളിലേക്കുള്ള അന്വേഷണമാണിത്.





31

28

**പിടയുന്നു കുക്കി**

മണിപ്പൂർ സംഘർഷം മെയ്തേയികളും കുക്കികളും തമ്മിലായിരുന്നു. എന്നാൽ ഇതിനൊരു മൂകസാക്ഷിയുണ്ട് – നാഗന്മാർ. ഇനി വരുന്ന പേജുകളിൽ ഈ മൂന്നുകൂട്ടരും ഉൾപ്പെടുന്ന ഒരു സംവാദമാണ്. മൂവരുടെയും പ്രതിനിധികൾ സംസാരിക്കുന്നു.

www.malankaralibrary.com







03 എഡിറ്റോറിയൽ

44 കഥ

47 കവിത

49 പുസ്തകപരിചയം

50 അന്ത്യവിധി

## കവർസ്റ്റോറി

ഇത്തവണത്തെ കാരുണികൻ മണിപ്പൂരിൽ നിന്നുമാണ്. പ്രശ്നബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് ഒരാഴ്ചയിലധികം മണിപ്പൂരിൽ ചിലവഴിക്കാനായി. അങ്ങനെയാണ് ഈ കാരുണികൻ രൂപം കൊണ്ടത്. ഇതിന് സഹായിച്ചവർ അനേകരാണ്. എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു. ഏറ്റവുമധികം സഹായിച്ചവർ: Fr. Varghese Velickakam - VG; Fr. Francis Vialo - Economer; Fr. Solomon Thezii - Chancellor; Sr. Jolly SJSM; Fr. Joy Cherukattumadathil; Fr. Roy Muthedathu MSFS; Fr. Joseph Bungsong; Fr. Samuel Dilbung; Fr. Denis Ngaopuni; Fr. Sijo Ozhalakattu; Sr. Jessy SJSM; Sr. Ranjitha SJSM.

ഇത്തവണത്തെ കവർ സ്റ്റോറി
തയ്യാറാക്കിയത്: ജെ. നാലുപറയിൽ.

38

### സമാധാനം എത്ര ദൂരെ?

ഇംഫാലിലെ സമാധാനപരിശ്രമങ്ങൾക്ക് മുൻകൈ എടുക്കുന്ന ഗോഹാട്ടിയുടെ മുൻ ആർച്ച്ബിഷപ് തോമസ് മേനാംപറമ്പിലാണ്. ഇന്റർ ഫെയ്ത്ത് ഫോറം ഫോർ പീസ് ആന്റ് ഹാർമണിയുടെ നേതൃത്വത്തിൽ നടക്കുന്ന സമാധാന ശ്രമങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നു.

43

### ഇസ്രയേലിന് പ്രിയപ്പെട്ട മണിപ്പൂരിലെ യഹൂദർ

മണിപ്പൂരിൽ മുറിവേറ്റ, കൊല്ലപ്പെട്ട, പുറത്താക്കപ്പെട്ട ജനതയിൽ ഗോത്ര യഹൂദരുമുണ്ട്. സിനഗോഗുകളും മതപഠന ശാലയും തീപ്പെട്ടു. മണിപ്പൂരിന്റെ സമാധാനം അന്താരാഷ്ട്ര വിഷയമാകുന്നത് മുറിവേറ്റ ഈ യഹൂദ ഗോത്ര ജനതയിലൂടെയുമാണ്...

www.malankaralibrary.com



# ഈ മണിക്കൂറിൽ മണിപ്പൂർ

ആർച്ച്ബിഷപ് ഡൊമിനിക് ലുമോൺ

മണിപ്പൂരിലൂടെയുള്ള കാരുണികന്റെ യാത്ര ആരംഭിക്കുകയാണ്. ഇംഫാലിന്റെ മെത്രാപ്പൊലീത്ത ആർച്ച് ബിഷപ്പ് ഡൊമനിക് ലുമോൺ ലോകത്തോട് അഭ്യർത്ഥിക്കുന്നത്, അടിയന്തിരമായി മണിപ്പൂരിന് വേണ്ടതിനെ കുറിച്ചാണ്. ദേശത്തിന്റെ ജീവൻ നിലനിൽക്കാൻ അത്യാവശ്യം വേണ്ട കാര്യങ്ങൾ. ഈ നിമിഷം മണിപ്പൂരിന് നമുക്ക് ചെയ്യാനാവുന്ന കാര്യങ്ങൾ...

ഒരാഴ്ചയിൽ കൂടുതൽ ഇംഫാൽ അതിരൂപതയുടെ ആതിഥ്യം സ്വീകരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ആർച്ച്ബിഷപ്പിന്റെയും വികാരിജനറാളായ വർഗീസ് അച്ചന്റെയും രൂപതാ സംവിധാനങ്ങളുടെയും സഹായത്താൽ പ്രധാനപ്പെട്ട പ്രശ്നബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിക്കാനായി. അടുത്തു ജീവിച്ചതിന്റെ വെളിച്ചത്തിൽ പറയട്ടെ, ലാളിത്യത്തിന്റെയും സുതാര്യതയുടെയും ആൾരൂപമാണ് ഡൊമിനിക് പിതാവ്. കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവുമധികം സമഭാവനയോടെ വൈദികരോടും അല്മായരോടും ഇടപെടുന്നൊരു സഭാശ്രേഷ്ഠൻ!

### മണിപ്പൂരിന്റെ അടിയന്തരമായിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്?

അനേകായിരങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലാണ് കഴിയുന്നത്. ഇത് എത്രനാൾ നീളുമെന്ന് അറിയില്ല. അനുദിന ജീവിതത്തിന് ആവശ്യമായിട്ടുള്ളതെല്ലാം ക്യാമ്പിൽ കഴിയുന്നവർക്ക് ആവശ്യമാണെന്ന് പറയേണ്ടല്ലോ. ഭക്ഷണത്തിന് പുറമെ ശുദ്ധജലത്തിന്റെ ലഭ്യതയും സാനിട്ടേഷനുമൊക്കെ പ്രശ്നങ്ങളാണ്. സ്ത്രീകളും കുട്ടികളും പോഷകാഹാരത്തിന്റെ ദൗർലഭ്യം നേരിടുന്നുണ്ട്.

റിപ്പോർട്ട് ചെയ്യപ്പെടുന്നതനുസരിച്ച് ഇംഫാൽ സമതലത്തിലുള്ളവരേക്കാൾ ഈ കാര്യത്തിൽ കൂടുതൽ കഷ്ടപ്പെടുന്നത് മലമ്പ്രദേശങ്ങളിൽ ഉള്ളവരാണ്. കാരണം, പട്ടണത്തിലുള്ളവർക്ക് ലഭ്യമാകുന്നതുപോലെ അവശ്യസാധനങ്ങൾ പ്രാന്തപ്രദേശങ്ങളിലുള്ളവർക്ക് ലഭ്യമല്ലല്ലോ.

ദേശീയപാത പോലും തടസ്സപ്പെടുത്തപ്പെടുന്നതിനാൽ അവശ്യസാധനങ്ങളുടെ വരവുപോലും നിലയ്ക്കുന്നുണ്ട്. റോഡ് ബ്ലോക്ക് കാരണം അവശ്യസാധനങ്ങളുടെ ഇംഫാലിലേക്കുള്ള വരവും ഇംഫാലിൽ നിന്ന് പ്രാന്തപ്രദേശങ്ങളിലേക്കുള്ള സഞ്ചാരവും തടസ്സപ്പെട്ടിരിക്കുന്നു. കേന്ദ്രസർക്കാർ കാര്യക്ഷമമായി ഇടപെട്ടില്ലെങ്കിൽ ഈ പ്രതിസന്ധി നീണ്ടുപോകുകയേ ഉള്ളൂ.

### ഭക്ഷണം, വസ്ത്രം മുതലായവ

ആഹാര സാധങ്ങൾ അനുദിനമെന്നോണം ആവശ്യമാണല്ലോ. മണിപ്പൂരിലെ നഗരങ്ങളിൽ നിന്ന് വൻതോതിൽ ആഹാരസാധനങ്ങൾ വാങ്ങിക്കുക പ്രായോഗികമല്ല. ഏറെ അകലെ നിന്ന് കാർഗോ വഴി അയക്കുന്നതും ചിലവേറിയതാകും. ഏറ്റവും പ്രായോഗികം, മണിപ്പൂരിന്റെ സമീപ സംസ്ഥാനങ്ങളിലെ പട്ടണങ്ങളിൽ നിന്ന് വലിയ അളവിൽ വാങ്ങി ഇവിടേക്ക് എത്തിക്കുകയാണ്. ഉദാഹരണത്തിന് ദിമാപ്പൂർ, സിൽച്ചാർ തുടങ്ങിയ പട്ടണങ്ങളിൽ നിന്ന്. സിൽച്ചാറിൽ നിന്നും നൂറ്റമ്പത് കിലോ മീറ്ററേ ഇങ്ങോട്ടുള്ളു. ദിമാപൂരിൽ നിന്നും ഇരുന്നൂറ് കിലോമീറ്ററും.

ഇവിടെ ഇംഫാലിലെത്തിയാലും കുക്കികൾ ഏറ്റ

www.malankaralibrary.com



വും കൂടുതലായി വസിക്കുന്ന നഗരത്തിന്റെ പുറമ്പോക്കിലുള്ള ജില്ലകളിൽ എത്തിക്കുക ശ്രമകരമാണ്.

## വൈദ്യസഹായവും ചികിത്സയും

വൈദ്യസഹായമാണ് ഇപ്പോൾ ഏറ്റവും അവശ്യമായിട്ടുള്ളത്. കമീല്യൻ സന്ന്യാസ സമൂഹം നേതൃത്വം കൊടുക്കുന്ന ഒരു മെഡിക്കൽ ടീം ഇവിടെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. വൈദ്യസഹായത്തിന്റെ കാര്യത്തിലും ഇംഫാൽ താഴ്വാരവും പുറമ്പോക്കിലുള്ള ജില്ലകളും തമ്മിൽ വലിയ അന്തരമുണ്ട്. ഇവിടെ താഴ്വരയിൽ ആശുപത്രികളും ഡോക്ടേഴ്സും മറ്റും ആവശ്യത്തിനുണ്ട്. എന്നാൽ നഗരത്തിന് പുറത്തുള്ള ജില്ലകളിലെ അവസ്ഥ അതല്ല. ഉദാഹരണത്തിന്, ചുരചാന്ദ്പുരിൽ ഡോക്ടേഴ്സ് ഉണ്ട്. പക്ഷേ, മരുന്നുകൾ ലഭ്യമല്ല. മറ്റ് ചിലയിടങ്ങളിൽ ഡോക്ടേഴ്സിനും മരുന്നിനും ക്ഷാമമുണ്ട്.

## വിദ്യാഭ്യാസം

കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോൾ എല്ലായിടത്തും മുടങ്ങിയിരിക്കുകയാണ്. സ്കൂളുകൾ റീഓപ്പൺ ചെയ്തുകഴിഞ്ഞാൽ ഇംഫാൽ താഴ്വരയിലുള്ളവരുടെ പ്രതിസന്ധിക്ക് ഒരുവിധം പരിഹാരമാകും. എന്നാൽ, നഗരത്തിന്റെ പുറമ്പോക്കിലും ക്യാമ്പുകളിലുമുള്ള കുട്ടികൾ സ്കൂൾ തുറന്നാലും എവിടെ പോകും?

അതിനാൽ കുട്ടികളുടെ വിദ്യാഭ്യാസം വലിയൊരു ദീർഘകാല പ്രശ്നം തന്നെയാണ്. ഒരുവിധം സമ്പന്നരായവർ ഇന്ത്യയിലെ മെട്രോപ്പോളിറ്റൻ നഗരങ്ങളിലേക്ക് അവരുടെ കുഞ്ഞുങ്ങളെയും കൊണ്ടുപോയിക്കഴിഞ്ഞു. ഏറെ പേർക്കൊന്നും അത്രയ്ക്ക് സാമ്പത്തിക ഭദ്രത ഉണ്ടാകില്ലല്ലോ. അവർക്കു വേണ്ടിയുള്ള ക്രമീകരണങ്ങൾക്കാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്.

## കുട്ടികളെ എങ്ങനെ സഹായിക്കാം

വിദ്യാഭ്യാസം മുടങ്ങിയവരും സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കാൻ കഴിവില്ലാത്തവരുമായ വിദ്യാർത്ഥികളെയാണ് നമ്മൾ സഹായിക്കേണ്ടത്. ഇവരെ സഹായിക്കാൻ മുമ്പോട്ട് വരുന്നത് ഏറെ സ്വാഗതാർഹമാണ്. ഇവിടെയുള്ള നമ്മുടെ സ്കൂളുകളിലെല്ലാം സാധിക്കുന്നിടത്തോളം കുട്ടികളെ ചേർത്ത് പഠിപ്പിക്കാനുള്ള ക്രമീകരണം നടത്തിയിട്ടുണ്ട്.

ഇത്തരം വിദ്യാർത്ഥികളുടെ വിവരശേഖരണം അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അതിനാൽ അത്തരം വിദ്യാർത്ഥികളുടെ ഡേറ്റാ ഉടനെ തന്നെ ഇവിടെ ലഭ്യമാകും. അവരുടെ വിദ്യാഭ്യാസച്ചിലവ് സ്പോൺസർ ചെയ്യാനുള്ള സ്കീം രൂപത തയ്യാറാക്കിയിട്ടുണ്ട്.

കുട്ടികളുടെ പഠനം സ്പോൺസർ ചെയ്യാൻ സന്നദ്ധതയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും രൂപതയുടെ വികാരി ജനറാൾ ഫാ. വർഗീസ് വേലിക്കകത്തുമായി ബന്ധപ്പെടാവുന്നതാണ്. ഇവിടെ ചെയ്തിരിക്കുന്ന ക്രമീകരണമിതാണ്: ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമുള്ള സഹായങ്ങൾ രൂപതയുടെ സാമൂഹ്യ സേവന വിഭാഗത്തിന്റെ (DSS) അക്കൗണ്ട് വഴിയും (പേജ് 37 കാണുക), വിദ്യാഭ്യാസത്തിനുള്ള സഹായം രൂപതയുടെ അക്കൗണ്ട് വഴിയുമാണ് ക്രമീകരിച്ചിരിക്കുന്നത് (പേജ് 11 കാണുക).

അതോടൊപ്പം, കേരളത്തിലെയോ മറ്റു സംസ്ഥാനങ്ങളിലെയോ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ചേർത്ത് പഠിപ്പിക്കാൻ സാധിക്കുമെങ്കിൽ അതിന് സന്നദ്ധതയുള്ള മാതാപിതാക്കളുമായി ബന്ധപ്പെടാനുള്ള ക്രമീകരണവും ഇവിടെ നിന്നും ചെയ്യാവുന്നതാണ്.

## സമാധാന ശ്രമങ്ങൾ

പല രംഗങ്ങളിലും സമാധാന ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിനോടും കേന്ദ്ര സർക്കാരിനോടും സമാധാന ശ്രമങ്ങൾ ആരംഭിക്കാൻ എല്ലാവരും തന്നെ അഭ്യർത്ഥിക്കുന്നുണ്ട്. എന്നാൽ,

www.malankaralibrary.com




ഇതുവരെ പ്രകടമായ ഒരു നീക്കവും അവരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

പക്ഷേ, സർക്കാരിതര, രാഷ്ട്രീയേതര വ്യക്തികളും സംഘങ്ങളും സമാധാന ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നത് ശുഭോദർക്കമാണ്. ഉദാഹരണത്തിന്, നോർത്ത് ഈസ്റ്റ് ക്രിസ്ത്യൻ ഫോറം (NECF), നാഗാലാൻഡ് ക്രിസ്ത്യൻ ഫോറം, ഓൾ മണിപ്പൂർ ക്രിസ്ത്യൻ ഓർഗനൈസേഷൻ (AMCO), ഇന്റർ ഫെയ്ത് ഫോറം ഫോർ പീസ് ആൻഡ് ഹാർമണി മുതലായ കൂട്ടായ്മകൾ ഒരുമിച്ച് കൂടുകയും കൂടിയാലോചിക്കുകയും ഗവർണറോടും കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്.

## ഇന്റർ ഫെയ്ത് ഫോറം ഫോർ പീസ് ആൻഡ് ഹാർമണി

മണിപ്പൂരിലെ എല്ലാ മതസമൂഹങ്ങളുടെയും നേതാക്കളുടെ കുട്ടായ്മയാണിത്. അതായത്, ക്രിസ്ത്യാനികൾ (ബാപ്റ്റിസ്റ്റ്സ്, കത്തോലിക്കർ, മറ്റ് പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ), വൈഷ്ണവ ഹിന്ദുക്കൾ, സനാമഹികൾ, മുസ്ലീങ്ങൾ, ജൈനന്മാർ, ബുദ്ധർ, സിക്കുകാർ തുടങ്ങിയ മതസമൂഹങ്ങൾ. പത്തൊമ്പത് കോർ കമ്മിറ്റിയംഗങ്ങളാണ് ഇതിലുള്ളത്. ശ്രീ ദെബെൻ ശർമയാണ് ഇതിന്റെ കോ ഓർഡിനേറ്റർ.

## ഭാവി

സംഘർഷത്തിലായിരിക്കുന്ന ഇരു കക്ഷികളും എടുത്തിരിക്കുന്നത് രണ്ട് എക്സ്ട്രീം നിലപാടുകളാണ്. അതുതന്നെയാണ് പ്രധാന പ്രശ്നം. സംസ്ഥാന സർക്കാരും ഈ പ്രശ്നത്തിന്റെ ഭാഗമായിക്കഴിഞ്ഞു. അതിനാൽ അവർക്ക് കാര്യമായിട്ടൊന്നും ചെയ്യാൻ പറ്റുമെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ചുമതലയാണ് ഈ പ്രശ്നത്തിൽ ഇടപെട്ട് സമാധാന ശ്രമങ്ങൾ ആരംഭിക്കുകയെന്നത്. പാർട്ടി ബന്ധങ്ങൾ നോക്കാതെ, ഇവിടത്തെ ജനങ്ങളുടെ ദുരിതം കണ്ട് കേന്ദ്രം ഇടപെടണം. അല്ലെങ്കിൽ ഈ സംഘർഷത്തിന് ഒരു അവസാനവുമുണ്ടാകില്ല.

## വംശീയ കലാപമോ, മതപരമായ സംഘർഷമോ

മെയ്തേയികളിൽ ഭൂരിഭാഗവും ഹിന്ദുക്കളും കുക്കികളിൽ മഹാഭൂരിഭാഗവും ക്രിസ്ത്യാനികളുമാണെന്ന കാര്യം നാം മറക്കരുത്. ഈ സംഘർഷം അതിൽ തന്നെ (per se) ഒരു വംശ സംഘർഷമാണെന്ന് പറയാമെങ്കിലും, മതപരമായ അസഹിഷ്ണുതയുടെ അടിയൊഴുക്കുകൾ ഈ സംഘർഷത്തിൽ വ്യക്തമായി കാണാനാവും. വംശസംഘർഷത്തിന്റെ അവസരം മുതലെടുത്ത് ചില തല്പരകക്ഷികൾ പള്ളികളും ക്രിസ്ത്യൻ സ്ഥാപനങ്ങളും നശിപ്പിച്ചിട്ടുണ്ട്.

ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. കാഞ്ചിപൂരിലെയും സഗായിപ്രുവിലെയും സ്കൂളും പള്ളികളും പാസ്റ്ററൽ ട്രെയിനിങ് സെന്ററും എല്ലാ വിഭാഗങ്ങൾക്കും വേണ്ടിയുള്ള സ്ഥാപനങ്ങളായിരുന്നു; അല്ലാതെ, കുക്കി കത്തോലിക്കരുടേതായിരുന്നില്ല. എന്തുകൊണ്ടാണ്, കുക്കി കത്തോലിക്കരുടേതല്ലാത്ത ഈ സ്ഥാപനങ്ങളെ നശിപ്പിക്കാൻ ഉന്നം വച്ചത്? ഈ സംഘർഷത്തിന്റെ മറവിൽ ചില തല്പരകക്ഷികൾ സഭാസ്ഥാപനങ്ങളെ നശിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നുവെന്ന് വേണം അനുമാനിക്കാൻ.

മറ്റൊരു കാര്യം ആക്രമണത്തിന്റെ രീതിയാണ്: ആദ്യം ഒരു ആൾക്കൂട്ടം വന്ന് ആക്രമിക്കുന്നു; കുറെ കഴിഞ്ഞ് മറ്റൊരു ആൾക്കൂട്ടം വന്ന് അതേ സ്ഥാപനം തന്നെ ആക്രമിക്കുന്നു; മൂന്നാമതും മറ്റൊരു ആൾ

www.malankaralibrary.com

ക്കൂട്ടം വരുന്നു. ഈ ക്രിസ്ത്യൻ സെന്ററുകൾ നശിപ്പിക്കാൻ ആവർത്തിച്ചുള്ള ആക്രമണങ്ങളാണ് നടന്നത്. എന്താണ് അതിന്റെ പിന്നിൽ?

മറ്റൊന്ന്, മെയ് 3-ന് കലാപം തുടങ്ങി മുപ്പത്തിയാറ് മണിക്കൂറിനുള്ളിൽ മെയ്തേയ് പ്രദേശത്തെ മെയ്തേയ് ക്രിസ്ത്യാനികളുടെ 249 പള്ളികൾ തകർക്കപ്പെട്ടു. ഈ പള്ളികൾ തകർത്തത് മെയ്തേയ് ഭൂരിപക്ഷ പ്രദേശങ്ങളിൽ നിന്നും ജീവനും കൊണ്ട് ഓടിപ്പോകുന്ന കുക്കികളാകാൻ ഒരു സാധ്യതയുമില്ല. അങ്ങനെയെങ്കിൽ, കുക്കികളല്ലാത്ത മറ്റു ചില തല്പരകക്ഷികളായിരിക്കില്ലേ മെയ്തേയികളുടെ പള്ളികൾ തകർത്തതിന് പിന്നിൽ?

## കേരളസഭയോട് പറയാനുള്ളത്

ഈ സംഘർഷം തുടങ്ങിയപ്പോൾ തന്നെ ഞാൻ ഈ കാര്യം ഭാരതത്തിലെ എല്ലാ മെത്രാന്മാരെയും അറിയിച്ചിരുന്നു. എല്ലാവരും വളരെ ഭാവാത്മകമായും സ്നേഹത്തോടെയും പ്രതികരിച്ചു. സിബിസിഐ, സിസിബിഐ, രൂപതകൾ, സന്ന്യാസസമൂഹങ്ങൾ തുടങ്ങിയവരെല്ലാം സന്മനസോടെ പ്രതികരിച്ചു. സിബിസിഐ പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തും ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജെർവിസ് ഡിസൂസയും കാരിത്താസ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലിയും ഇവിടെ വന്ന് ഞങ്ങളെ സന്ദർശിച്ചു.

എല്ലാത്തിലുമുപരിയായി കേരളം പ്രത്യേകമായ രീതിയിൽ പ്രതികരിച്ചു. മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി കാര്യങ്ങൾ വിലയിരുത്താനായി വൈദികരുടെ ഒരു സംഘത്തെ ഇങ്ങോട്ട് അയച്ചു. കേരളത്തിൽ നിന്നുള്ള പല രാഷ്ട്രീയ നേതാക്കളും ഇവിടെ വരുകയും ഞങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. ഒത്തിരി പേർ ദുരിതാശ്വാസ സാമഗ്രികൾ സംഘടിപ്പിച്ച് ഇങ്ങോട്ട് എത്തിക്കുന്നുണ്ട്. അനേകർ അവരവരുടെ വീടുകളിലും പള്ളികളിലും മണിപ്പൂരിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥനാറാലി നടത്തുകയും ചെയ്യുന്നുണ്ട്.

മണിപ്പൂരിലെ സംഘർഷത്തെ അർഹിക്കുന്ന ഗൗരവത്തിൽ മനസ്സിലാക്കുകയും ഞങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ഉദാരതയോടെ പ്രതികരിക്കുകയും ചെയ്തതിന് കേരളത്തിലെ സഭയോടും കേരള ജനതയോടും രാഷ്ട്രീയ നേതാക്കളോടുമുള്ള നന്ദി ഞാൻ അറിയിക്കുന്നു. ■

## വിദ്യാർത്ഥികളെ സഹായിക്കാം!

നിങ്ങളുടെ സംഭാവന എത്ര ചെറുതാണെങ്കിലും ഒരു കുട്ടിയെ എങ്കിലും ദുരിതാശ്വാസ ക്യാമ്പിൽ നിന്നും ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളിൽ എത്തിച്ച് പഠിപ്പിക്കാൻ അത് സഹായമാകും. അതിനാൽ ഒരു കുഞ്ഞിന്റെയെങ്കിലും പഠനത്തിൽ കൈത്താങ്ങാകാനുള്ള മിഷന്റെ ഭാഗമാകാമോ?

ഏകദേശമുള്ള വാർഷിക ചിലവാണ് താഴെ കൊടുക്കുന്നത്.

Admission, Books, Uniform (minimum): 5000/-
Monthly School Fee: 500 x 12 = 6000/-
Hostel/Boarding Fees: 2500 x 10 = 25000/-
Full sponsorship of a child for a year will be 36000/-

**ചിലവിന്റെ വിശദ വിവരങ്ങൾ:**

| Sl. No. | Particulars | Total Cost | Local Contribution | Requested Amount |
|---|---|---|---|---|
| 1. | Admission, Books, Uniform | 5000/- (minimum) | 5000/- | |
| 2. | Monthly Tuition Fees | 500x12 = 6000/- | | 500x12= 6000/- |
| 3. | Monthly Hostel Fees | 2500 x 10 = 25000/- | 1500x10=15000/- | 1000x10=10000/- |
| | Total | | 20000/- | 16000/- |

Account Name : Catholic Educational \ Society Imphal
Bank Name : Bank of Baroda
Account Number : 79020100011119
IFSC Code : BARB0VJIMPH (fifth letter is zero)
Branch : Imphal Branch

*For More Details Please Contact:*
Catholic Educational Society Manipur (CESM)
C/o Archbishop's House
Post Box No. 35, Imphal 795 001, Manipur
Email: cathednalmanipur@gmail.com
Mobile No: 95601 17279 (Fr. Francis),
70054 03044 (Fr. Denis)

www.malankaralibrary.com



# 90ലും വലിയ 10

ഫാ. സിബി കൈതാരൻ MI
*നാഷണൽ കോ-ഓർഡിനേറ്റർ, കമില്ല്യൻ ടാസ്ക് ഫോഴ്സ് ഇന്ത്യ (CTF INDIA)*

**സംവരണീയരായ കുക്കികളിൽ ക്രിസ്ത്യൻ മിഷണറിമാർ നടത്തിയ വിദ്യാഭ്യാസ മുന്നേറ്റം ആ വിഭാഗത്തിന് ജോലിയും വരുമാനവുമായി. മണിപ്പൂരിലെ ആകെ ഭൂമിയിൽ 10 ശതമാനം മാത്രമാണ് സമതലം. ബാക്കി കുക്കികളും നാഗാസും കൂടുതലായി പാർക്കുന്ന കാടും മലയും. കുക്കികൾ ജനസംഖ്യയുടെ ശതമാനത്തിലും പെരുകുന്നു എന്ന മറ്റൊരു വ്യാജഭീതി - മണിപ്പൂരിലെ യാഥാർത്ഥ്യത്തിന്റെ കണക്കുകൾ...**

സുന്ദരമായ നാടാണ് മണിപ്പൂർ. മണിപ്പൂർ താഴ്‌വരയിലേക്ക് പറന്നിറങ്ങുമ്പോൾ ജനാലകാഴ്ചകൾ ആരുടെയും മനം കവരും. മലനിരകൾക്കിടയിൽ കൃത്യമായി ചെത്തിവച്ചിരിക്കുന്ന ഒരു വലിയ കുളിസ്ഥലംപോലെ ഇംഫാൽ താഴ്‌വര. നെൽപ്പാടങ്ങളുടെയിടയിൽ പട്ടണങ്ങളും ഗ്രാമങ്ങളും - അതിനുചുറ്റും മനോഹരമായ മലനിരകൾ. മണിപ്പൂരിനെ കൂടുതലറിയാൻ അവിടുത്തെ ഭൂപ്രകൃതിയും മനസ്സിലാക്കണം. 10% വരുന്ന ഇംഫാൽ താഴ്‌വരയും 90% വരുന്ന മലനിരകളും ചേർന്നതാണ് മണിപ്പൂർ.

## ഭൂമി

ഇംഫാൽ താഴ്‌വരയിൽ കൂടുതലും അധിവസിക്കുന്നത് മെയ്തേയ് വിഭാഗക്കാരാണ്. ഏതാണ്ട് 32 ലക്ഷത്തിലധികം ജനങ്ങളാണ് മണിപ്പൂരിലുള്ളത്. ജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 24-ാം സ്ഥാനമാണ് മണിപ്പൂരിനുള്ളത്. ആകെ 22,327 സ്ക്വയർ കിലോമീറ്റർ ഭൂവിസ്തൃതിയുള്ള മണിപ്പൂർ വലുപ്പത്തിന്റെ കാര്യത്തിലും ഇന്ത്യൻ സംസ്ഥാനങ്ങളിൽ 24-ാം സ്ഥാനത്താണ്.


## ജനം

പ്രധാനമായും മൂന്ന് വിഭാഗത്തിൽപ്പെട്ട ജനങ്ങളാണ് മണിപ്പൂരിൽ വസിക്കുന്നത്. ഈ മൂന്ന് വിഭാഗത്തിലും അവരുടെ ഉപവിഭാഗങ്ങൾ വേറെയുണ്ടുതാനും. ജനസംഖ്യയിൽ 53% വരുന്ന മെയ്തേയ് വിഭാഗത്തിൽ ഭൂരിഭാഗവും ഇംഫാൽ താഴ്‌വരയിലാണ് വസിക്കുന്നത്. ഗോത്രവിഭാഗക്കാരായ നാഗ, കുക്കി വിഭാഗക്കാർ ഒന്നുചേർന്ന് ജനസംഖ്യയുടെ 40% വും വരും. ഗോത്രവിഭാഗക്കാർ കൂടുതലും മലനിരകളിലും മലനിരകളോട് ചേർന്നുകിടക്കുന്ന താഴ്‌വാരഗ്രാമങ്ങളിലുമാണ് അധിവസിക്കുന്നത്.

## ഭാഷ

താഴ്‌വരയിൽ താമസിക്കുന്ന മെയ്തേയ് വിഭാഗത്തിൽ ഏതാണ്ട് 29-ഓളം പ്രധാന ഗോത്രങ്ങളുണ്ട്. നാഗാവിഭാഗത്തിൽ അഞ്ചിലധികവും കുക്കി വിഭാഗത്തിൽ ഒൻപതിലധികവും ഉപവിഭാഗങ്ങളുണ്ട്. മണിപ്പൂരി ഭാഷയാണ് മെയ്തേയികളുടെയിടയിലെ പ്രധാനഭാഷ. ഏതാണ്ട് 54 ശതമാനത്തിലധികം ജനങ്ങൾ മണിപ്പൂരി സംസാരിക്കുന്നു. എന്നിരുന്നാലും എല്ലാ ഗോത്രത്തിനും അവരുടെ ഉപഗോത്രങ്ങൾക്കും അവരുടേതായ തനത് ഭാഷകളുണ്ട്. ഗോത്രങ്ങളുടെ ഉള്ളിൽ അവർ ആശയവിനിമയം നടത്തുന്നത് ഈ ഭാഷകൾ ഉപയോഗിച്ചാണ്. എന്നാൽ ഇംഗ്ലീഷ് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഭാഷയാണ്.

www.malankaralibrary.com




## സംഘർഷങ്ങളുടെ നാട്

ഇന്ന് നാം മണിപ്പൂരിൽ കാണുന്ന സംഘർഷങ്ങൾക്ക് പല കാരണങ്ങളുമുണ്ട്. അതിൽ രാഷ്ട്രീയമുണ്ട്, മതമുണ്ട്, ഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങളുണ്ട്, ഗോത്രങ്ങൾ തമ്മിലുള്ള കുടിപ്പകയുണ്ട്, വിഭജനത്തിന്റെ മുറിവുകളുണ്ട്, അയൽരാജ്യങ്ങളുടെ സ്വാധീനമുണ്ട്, തീവ്രവാദ സ്വഭാവമുള്ള സംഘടനകളുടെ സാന്നിധ്യമുണ്ട്. ഇവ കൂടാതെ മനുഷ്യാവകാശ ലംഘനങ്ങളുടെ നീണ്ടനിരതന്നെയുണ്ട്.

'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന ബ്രിട്ടീഷ് തന്ത്രത്തിന്റെ വേരുകൾ മണിപ്പൂരിൽ പടർന്നുകിടക്കുന്നുണ്ട്. മണിപ്പൂർ ചരിത്രത്തിന്റെ ഏടുകളിൽ വായിച്ചുപോയ ഒരു കാര്യം ഓർമയിൽ തെളിയുന്നു. 1800 കളിൽ നാഗാ വിഭാഗത്തിന്റെ പ്രതിരോധങ്ങളെ അതിജീവിക്കാനും അവരോട് പൊരുതാനും ബ്രിട്ടീഷുകാർ ബർമപോലുള്ള സ്ഥലങ്ങളിൽനിന്ന് കൊണ്ടുവന്നതാണ് കുക്കിവിഭാഗത്തെ. ഇത്തരം നിതാന്ത വൈര്യങ്ങൾ ഈ ജനതതിയുടെ മനസ്സിൽ കനലായി അവശേഷിച്ചു.

## മണിപ്പൂരിന്റെ പൗരബോധം

മണിപ്പൂരിലെ സേവനദിനങ്ങൾക്കിടയിൽ എനിക്കൊരു പുസ്തകം സമ്മാനമായി കിട്ടി- MANIPUR - HOPE, PEACE, DEVELOPMENT എന്ന ഗ്രന്ഥം. ഈ പുസ്തകം രചിച്ചിരിക്കുന്നത് മണിപ്പൂരിലെ സെയ്തു (Saitu) നിയോജകമണ്ഡലം എം.എൽ. എയും മുൻപ് രണ്ടുപ്രാവശ്യം ക്യാബിനറ്റ് മന്ത്രിയുമായിരുന്ന ശ്രീ. ഹാക്ക്ഹോളറ്റ് കിപ്ജെൻ (HAOKHOLET KIPGEN) ആണ്. അദ്ദേഹം കാംഗ് പോക്കി (Kang Pokki) ജില്ലയിലെ ഹെങ്ബുങ് (Hengbung) ഗ്രാമത്തിലെ ഗ്രാമത്തലവൻകൂടിയാണ്.

വളരെ ഹൃദ്യമായിരുന്നു ശ്രീ. ഹാക്ക്ഹോളറ്റ് കിപ്ജെനുമായുള്ള കൂടിക്കാഴ്ച. അദ്ദേഹത്തിന്റെ ഭാഷ്യത്തിൽ കുക്കി സമുദായത്തിൽപ്പെട്ട ഗോത്രവംശത്തിനാണ് ഏറ്റവും കൂടുതൽ ദുരിതങ്ങൾ ഈ കാലയളവിൽ നേരിടേണ്ടി വന്നിട്ടുള്ളത്. ഏതാണ്ട് 95 ശതമാനത്തിലധികം കുക്കി വംശജരും ക്രിസ്തീയ വിശ്വാസികളാണ്. ബാപ്റ്റിസ്റ്റ് മിഷനറിമാർ സ്ഥാപിച്ച പള്ളികളാണ് ഇതിൽ അധികവും. ഇക്കഴിഞ്ഞ മെയ് മാസത്തിൽ ഉടലെടുത്ത കലാപം മണിപ്പൂരിനെയാകെ അരാജകത്വത്തിലേയ്ക്കും അരക്ഷിതത്വത്തിലേയ്ക്കും തള്ളിവിട്ടു.

## കലാപത്തിന്റെ കാരണങ്ങൾ

ഭൂമിയിന്മേലുള്ള അവകാശവാദങ്ങൾ മണിപ്പൂരിൽ എന്നും കലാപകാരണമായിട്ടുണ്ട്. താഴ്വര

## മതം

ഹിന്ദുയിസവും ക്രിസ്ത്യാനിറ്റിയുമാണ് മണിപ്പൂർ ജനതയുടെ പ്രധാന മതങ്ങൾ. രണ്ടു വിഭാഗങ്ങളും ഏതാണ്ട് 41% വീതമുണ്ട്. എട്ട് ശതമാനത്തോളം മുസ്ലീം വിഭാഗവും 0.5 ശതമാനം സിക്ക് മതസ്ഥരും 0.25 ശതമാനം ബുദ്ധമതക്കാരും 0.06 ശതമാനം ജൈന മതസ്ഥരും മറ്റ് വിഭാഗങ്ങളിൽപെട്ട 8.19 ശതമാനം ജനങ്ങളും ഇവിടെ വസിക്കുന്നു. മെയ്തേയ് വിഭാഗം കൂടുതലും ഹിന്ദുമത വിശ്വാസികളും കുക്കി വിഭാഗം കൂടുതലും ക്രിസ്ത്യൻ മതവിശ്വാസികളുമാണ്.

www.malankaralibrary.com




***മണിപ്പൂർ: ജില്ലകളും നഗരങ്ങളും***

യിൽനിന്നുള്ള ഭൂരിഭാഗം വരുന്ന മെയ്തേയ് വിഭാഗത്തിന്റെ മലനിരകളിലേക്കുള്ള അധിനിവേശം എന്നും ഗോത്രവർഗക്കാർ ചെറുത്തുപോന്നു. നേരെ തിരിച്ചും അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ മലനിരകളിൽ ഗോത്രവർഗക്കാർ തമ്മിലും ഭൂമിക്കുവേണ്ടി രൂക്ഷമായ സംഘട്ടനങ്ങൾ പലതവണ ഉണ്ടായിട്ടുണ്ട്.

## നിയമസംവിധാനങ്ങൾ

നിയമസംവിധാനങ്ങളുടെ സുരക്ഷിതത്വം ഒട്ടുമില്ലാത്ത നാടാണ് മണിപ്പൂർ. പേരിന് പൊലീസ് സ്റ്റേഷനുകളുണ്ടെങ്കിലും ഓരോ വിഭാഗത്തിനും അവരുടേതായ സംരക്ഷണസംവിധാനങ്ങളുണ്ട്. ഇവ കൂടാതെ മുഴുവൻ സിസ്റ്റത്തെയും നിയന്ത്രിക്കുന്ന അധോലോക സംഘങ്ങൾ എവിടെയും സജീവമാണുതാനും. ആയുധമേന്തി റോന്ത് ചുറ്റുന്ന പുരുഷന്മാരെ നമുക്കെവിടെയും കാണാനാകും. ഓരോ ഗ്രാമങ്ങളിലെയും പുരുഷന്മാർക്ക് സ്വന്തം ഗ്രാമത്തെ സംരക്ഷിക്കേണ്ട ചുമതലകൂടിയുണ്ട്.

റിലീഫ് ക്യാമ്പുകളുമായി മണിപ്പൂരിലുടനീളം സഞ്ചരിക്കേണ്ടിവന്നപ്പോൾ കണ്ട കാഴ്ചകൾ മനസ്സിനെ നൊമ്പരപ്പെടുത്തി. തൊട്ടടുത്ത ഗ്രാമം മറ്റ് വിഭാഗത്തിൽപെട്ടവരുടേതാണെന്ന് കരുതുക. എങ്കിൽ കാര്യങ്ങൾ രണ്ട് ശത്രുരാജ്യങ്ങളുടേതുപോലെയായി. ശത്രുരാജ്യത്തിനെതിരെ അതിർത്തി കാക്കുന്ന സൈനികരെപ്പോലെ മണൽച്ചാക്കുകൾ അട്ടിയായി നിരത്തി അതിനുപിറകിൽ തോക്കുകളും മറ്റായുധങ്ങളുമായി നിലയുറപ്പിച്ചിരിക്കുന്ന ആൾക്കൂട്ടം.

എത്രയോ പൈശാചികമായാണ് അവിടെ മനുഷ്യക്കുരുതികൾ നടക്കുന്നത്. എതിർ വിഭാഗത്തെ കൂടുതൽ ഭയപ്പെടുത്താൻ മനുഷ്യനെ കൊന്ന് വികൃതമാക്കി പ്രദർശിപ്പിക്കുന്ന രീതിയിലേക്കും സ്ത്രീക

www.malankaralibrary.com

ളെയും കുട്ടികളെയുംപോലും മനുഷ്യത്വരഹിതമായ രീതിയിൽ ഉപദ്രവിക്കുന്നതിലേക്കും കാര്യങ്ങൾ എത്തിനില്ക്കുന്നു.

### ഭൂമിയുടെ അവകാശികൾ

ആരാണ് മണിപ്പൂരിലെ ഭൂമിയുടെ യഥാർത്ഥ അവകാശികൾ? ഈ ചോദ്യത്തിന് ആരും പെട്ടെന്ന് തരുന്ന ഉത്തരമുണ്ട് - 10 ശതമാനം വരുന്ന ഇംഫാൽ താഴ്‌വര 52% ജനസംഖ്യയുള്ള മെയ്തേയ് വിഭാഗത്തിന്റേത്. 90% വരുന്ന മലനിരകൾ ജനസംഖ്യയുടെ 40 ശതമാനത്തോളം മാത്രം വരുന്ന കുക്കി, നാഗ ഗോത്രവർഗങ്ങൾക്കും അവരുടെ ഉപവർഗങ്ങൾക്കും അവകാശപ്പെട്ടത്.

കുക്കികളും നാഗാസും ഗോത്രവർഗക്കാരായതുകൊണ്ട് അവർക്ക് മണിപ്പൂരിലെവിടെയും ഭൂമി വാങ്ങാനുള്ള അവകാശമുണ്ട്. എന്നാൽ ഭൂരിപക്ഷവിഭാഗമായ മെയ്തേയ് വിഭാഗത്തിന് മലനിരകളിൽ ഗോത്രവിഭാഗത്തിന്റെ ഭൂമി വാങ്ങാൻ അവകാശമില്ല. ഈ അവകാശങ്ങളെ ചൊല്ലിയുള്ള തർക്കങ്ങളാണ് കലാപങ്ങൾക്ക് വഴിമരുന്നായത്.

പ്രത്യക്ഷത്തിൽ ഈ വാദങ്ങൾ ശരിയാണെന്ന് തോന്നുമെങ്കിലും ഇവിടെ പതിയിരിക്കുന്ന നിരവധി കാര്യങ്ങളുണ്ട്. ഒന്നാമതായി, വികസനം കൂടുതലും കടന്നെത്തിയിരിക്കുന്നത് ഈ 10% വരുന്ന ഇംഫാൽ താഴ്‌വരയിൽ മാത്രമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളും കോർപ്പൊറേറ്റ് ആശുപത്രികളും ഗതാഗത സൗകര്യങ്ങളുമൊക്കെക്കൊണ്ട് സമ്പന്നമാണ് ഇംഫാൽ താഴ്‌വര. എന്നാൽ മലനിരകൾ അടിസ്ഥാന സൗകര്യങ്ങൾ എത്തിപോലും നോക്കാത്ത ഇടങ്ങളാണ്.

ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതൊന്നുമല്ല. കുക്കി ഗോത്രവംശത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം വ്യക്തികൾക്കല്ല. മറിച്ച് ഗ്രാമത്തിനും ഗ്രാമത്തലവനുമാണ്. ആകെ ആയിരം ഏക്കർ സ്ഥലം ഗ്രാമത്തിനുണ്ടെങ്കിൽ ഗ്രാമത്തലവൻ നിശ്ചയിക്കുന്നതനുസരിച്ച് ഓരോ കുടുംബത്തിനും നിശ്ചിതസ്ഥലം ഉപയോഗത്തിനായി ലഭിക്കും. അവർക്കവിടെ വീടുവയ്ക്കുകയും കൃഷിചെയ്ത് ജീവിക്കുകയുമാകാം. ഇനി എന്നെങ്കിലും ഗ്രാമത്തലവൻ ആ ഭൂമി തിരികെ ആവശ്യപ്പെട്ടാൽ അത് തിരികെ കൊടുക്കാൻ ആ വ്യക്തി ബാധ്യസ്ഥനാണ്.

ചുരുക്കിപ്പറഞ്ഞാൽ ആർക്കും ഒന്നും സ്വന്തമല്ലാത്ത ഒരവസ്ഥയാണ് ഇത് സൃഷ്ടിക്കുന്നത്. ഗ്രാമത്തിനും ഗ്രാമത്തലവനുംവേണ്ടി ജോലി ചെയ്യുന്ന അടിയാളന്മാരെന്നു വിളിക്കാവുന്ന കുറെ ജനങ്ങൾ. ഈ അവസ്ഥ ഇന്നും തുടരാൻ കാരണം നിയമസംവിധാനത്തിലെ അരക്ഷിതാവസ്ഥയാണ്. മറ്റുള്ളവരുടെ അധിനിവേശത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നത് ഗ്രാമമാണ്. ചെറുത്തുനിൽപ്പുകൾ ഗ്രാമത്തലവനാണ് സംയോജിപ്പിക്കുന്നത്. അതുകൊണ്ട് ഈ മുഖ്യധാരാ സംവിധാനത്തിൽനിന്ന് പുറത്തുകടക്കുക വ്യക്തികൾക്ക് പ്രയാസകരമായ കാര്യമാണ്. വ്യക്തികൾക്ക് സ്വന്തമായ ഭൂമിയോ വികസനമോ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ നാം മനസ്സിലാക്കേണ്ടതാണ്.

### വിദ്യാഭ്യാസവും വികസനവും

സാമൂഹ്യരംഗത്ത് വികസനത്തിന്റെ കാലൊച്ചകൾ കടന്നുവന്നിട്ടില്ലെങ്കിലും വിദ്യാഭ്യാസരംഗത്ത്

> **ശത്രുരാജ്യത്തിനെതിരെ അതിർത്തി കാക്കുന്ന സൈനികരെപ്പോലെ മണൽച്ചാക്കുകൾ അട്ടിയായി നിരത്തി അതിനുപിറകിൽ തോക്കുകളും മറ്റായുധങ്ങളുമായി നിലയുറപ്പിച്ചിരിക്കുന്ന ആൾക്കൂട്ടം.**

ക്രിസ്ത്യൻ മിഷനറിമാരുടെ ഇടപെടൽമൂലവും റിസർവേഷന്റെ ആനുകൂല്യം മൂലവും മികച്ച മുന്നേറ്റമുണ്ടാക്കാൻ കുക്കി സമുദായത്തിനായിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസം കിട്ടിയ പലരും ജോലിസൗകര്യാർത്ഥവും കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും തേടി താഴ്‌വരയിലേക്ക് വന്ന് താമസിക്കാനാരംഭിച്ചു.

കാലക്രമേണ കൂടുതൽപേർ താഴ്‌വരയിലേക്ക് താമസം മാറ്റാൻ ആരംഭിച്ചു. ഇത് ഭൂരിഭാഗംവരുന്ന മെയ്തേയ് വിഭാഗത്തെ ചൊടിപ്പിച്ചുകൊണ്ടേയിരുന്നു. ഒരവസരം വന്നാൽ തീ പാറുമെന്ന് ഉറപ്പായിരുന്നു. ഇതിനിടയിലാണ് ജനസംഖ്യാവർധനവിന്റെ അനുപാത കണക്കുകൾ പുറത്തുവരുന്നത്. മെയ്തേയ് വിഭാഗമാണ് ഭൂരിപക്ഷമെങ്കിലും അടുത്തകാലത്തെ സെൻസസുകൾ അനുസരിച്ച് വർധനയുടെ അനുപാതം ഗോത്രവർഗങ്ങളിലാണ് കൂടുതൽ പ്രകടമാകുന്നത്. കുറേക്കാലം കഴിയുമ്പോൾ ഈ

www.malankaralibrary.com



അഭയാർത്ഥിക്യാമ്പ്

അനുപാതം കൂടിയേക്കുമെന്ന് മെയ്തേയ്കൾ ഭയന്നു.

റിസർവേഷൻ തങ്ങൾക്കില്ലാത്തതിന്റെ പരിണിത ഫലമാണിതെല്ലാമെന്ന് മെയ്തേയ് വിഭാഗത്തിന്റെ വിഘടന ഗ്രൂപ്പുകൾ പ്രചരിപ്പിച്ചു. കുക്കിവിഭാഗം ക്രിസ്ത്യൻ ഭൂരിപക്ഷമായതിനാൽ ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങൾ ഒരു പരിധിവരെ കുക്കികളുടെ വളർച്ചയെ സഹായിക്കുന്നു എന്ന ചിന്തയും അവരിൽ വളർന്നു. ഇതിന്റെയെല്ലാം പരിസമാപ്തിയായിരുന്നു വൻ അക്രമം അഴിച്ചുവിട്ട് ആസൂത്രിതമായി നടപ്പിലാക്കിയ കലാപം.

## കലാപാനന്തര മണിപ്പൂർ

ഇനിയൊരു തിരിച്ചുവരവുണ്ടാവാത്ത തരത്തിൽ മെയ്തേയ് വിഭാഗവും കുക്കി ഗോത്രവിഭാഗവും എന്നെന്നേക്കുമായി അകന്നു എന്നതാണ് യാഥാർത്ഥ്യം. കലാപദിവസങ്ങളിൽ ഞൊടിയിടകൾക്കിടയിലാണ് താഴ്‌വരയിലെ കുക്കി സമൂഹം ആക്രമിക്കപ്പെട്ടത്. ആസൂത്രിതമായി തെരഞ്ഞുപിടിച്ച അക്രമമായിരുന്നു അതെന്ന് വ്യക്തമാക്കുന്ന നിരവധി തെളിവുകളാണ് ദിനംപ്രതി പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

ക്രൈസ്തവ മതത്തിനെതിരെയുള്ള നേരിട്ടുള്ള അക്രമണമായിരുന്നില്ല ഇതെങ്കിൽക്കൂടി ഈ കലാപങ്ങൾക്കിടയിൽ ക്രൈസ്തവ മതത്തിന്റെ ഉന്മൂലനാശത്തിന് വഴിതെളിക്കുന്ന കുത്സിത ശ്രമങ്ങളുണ്ടാവുകയും വലിയൊരു പരിധിവരെ അത് വിജയിപ്പിച്ചെടുക്കുകയും ചെയ്തു.

കുക്കികളെ തെരഞ്ഞുപിടിച്ച് അക്രമിച്ചു. 200-ൽ അധികം ദൈവാലയങ്ങൾ താഴ്‌വരയിൽ മാത്രം അഗ്നിക്കിരയാക്കി. എന്തിന് പറയുന്നു സെമിനാരികളിലും മഠങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലുമൊക്കെ കുക്കികളെ തിരക്കി കലാപകാരികളെത്തി. സൈനിക ക്യാമ്പുകളിലേക്ക് കുക്കിവംശജരെ മാറ്റി പാർപ്പിക്കാനുള്ള ഔചിത്യം ഉത്തരവാദിത്വപ്പെട്ടവർ കാണിച്ചില്ലായിരുന്നെങ്കിൽ ഇവർക്കൊക്കെയും ജീവൻ നഷ്ടപ്പെടുമായിരുന്നു.

ഇത്തരം സംഭവങ്ങൾ മലയടിവാര ഗ്രാമങ്ങളിലും അരങ്ങേറി. പകരത്തിനുപകരമെന്ന നിലയിൽ അവിടെ മെയ്തേയ് വിഭാഗക്കാരും ആക്രമിക്കപ്പെട്ടു. ജനങ്ങൾക്ക് അവർ ജീവിച്ചിരുന്ന സ്ഥലങ്ങളിൽനിന്ന് മറ്റ് സുരക്ഷിതമായ ഇടങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവന്നു. ഈ പലായനത്തിനിടയിൽ പലർക്കും ദുർഘടമായ വനങ്ങളിൽ ദിവസങ്ങളോളം താമസിക്കേണ്ടിവന്നു. സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടു. വളരെയേറെപേർക്ക് ജീവനും നഷ്ടപ്പെട്ടു.

ഇന്ന് ഇംഫാൽ താഴ്‌വരയിൽ ഒരൊറ്റ കുക്കിവിഭാഗക്കാരൻ പോലുമില്ല. നേരെ തിരിച്ചും. ജനപ്രതിനിധികളോ മന്ത്രിമാരോ, പുരോഹിതരോ ആരുമായിക്കൊള്ളട്ടെ നിങ്ങൾ എതിർവിഭാഗത്തിൽപെട്ടവനാണെങ്കിൽ എപ്പോൾ വേണമെങ്കിലും കൊല്ലപ്പെടാം.

അക്രമണത്തിനായി സർക്കാർ സംവിധാനത്തിലുള്ള ആയുധശാലകൾപോലും കൊള്ളയടിക്കപ്പെട്ടു. സർക്കാർ സംവിധാനങ്ങളും ഒരു പരിധിവരെ ഇത്തരം മൃഗീയതയ്ക്ക് കൂട്ടുനിന്നു എന്നുവേണം കരുതാൻ.

www.malankaralibrary.com

ആർക്കും സ്വതന്ത്രമായി ഇന്ന് മണിപ്പൂരിലൂടെ സഞ്ചരിക്കാൻ സാധിക്കുകയില്ല. ഓരോ ഇടങ്ങളിലും ആയിരത്തോളം വരുന്ന സ്ത്രീകൾ കൂട്ടംകൂടി നിയന്ത്രിക്കുന്ന ചെക്പോസ്റ്റുകൾ കടന്നുവേണം യാത്രചെയ്യാൻ. ഓരോ ചെക്പോസ്റ്റിലും വണ്ടികൾ നിർത്തിച്ച് അവർ വിശദമായ പരിശോധന നടത്തും. ഐ.ഡി കാർഡുകളും ലഗേജ് ബാഗുകളുമൊക്കെ അവർ പരിശോധിക്കും. ഏതെങ്കിലും എതിർവിഭാഗക്കാരെ കണ്ടെത്തിയാൽ പിടിച്ചുകൊണ്ടുപോകും അവരെ നിഷ്ഠൂരം പീഡിപ്പിച്ച് ജീവഹാനി വരുത്തും.

എന്തിനുപറയുന്നു എതിർ വിഭാഗത്തിന് മരുന്നോ സാധനസാമഗ്രികളോ എത്തിക്കാൻപോലും അനുവദിക്കുകയില്ല. അങ്ങനെ എന്തെങ്കിലുമാണ് കൊണ്ടുപോകുന്നതെന്നു കണ്ടാൽ ആ സാമഗ്രികളും വാഹനങ്ങളും അഗ്നിക്കിരയാക്കിയേക്കാം. സൈന്യത്തെപ്പോലും ഈ ചെക്പോസ്റ്റുകൾ കടത്തിവിടാറില്ല. സൈന്യത്തിന്റെ കോൺവോയ് വരുമ്പോൾ ആയിരക്കണക്കിന് സ്ത്രീകൾ അത് തടയും.

അക്ഷരാർത്ഥത്തിൽ മരുന്നില്ലാതെ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ ജനം വലയുകയാണ്. മലനിരകളിൽ തമ്പടിച്ചിരിക്കുന്ന ജനങ്ങളുടെ ജീവിതമാണ് കൂടുതൽ ദുരിതപൂർണം. മെയ്തേയ് വിഭാഗക്കാർ പൂർണമായും പിൻവാങ്ങിയതുകൊണ്ട് മലനിരകളിൽ നിലവിലുള്ള ആതുരസംവിധാനങ്ങളിൽ നിലവിൽ ഡോക്ടർമാരോ നഴ്സുമാരോ മരുന്നുകളോ ഇല്ല.

വിദ്യാഭ്യാസരംഗം നേരിടുന്നതാണ് മറ്റൊരു വലിയ പ്രതിസന്ധി. ആഴൊഴിഞ്ഞുപോയ ഉത്സവപറമ്പുപോലെയായി പല വിദ്യാഭ്യാസസ്ഥാപനങ്ങളും. എല്ലാവരും അവരവരുടെ ഇടങ്ങളിലേക്ക് പലായനം ചെയ്തു.

ഞങ്ങൾക്കിനി വേറിട്ട ഭരണസംവിധാനം മതി എന്നാണ് അവിടത്തുകാരുടെ ഇപ്പോഴത്തെ മുദ്രാവാക്യം. ഒന്നിപ്പിക്കാൻ കഴിയാത്തവിധം ശത്രുതയുടെ മൂർധന്യത്തിലേക്ക് ഇരുവിഭാഗത്തെയും എത്തിച്ചു എന്നതാണ് കലാപത്തിന്റെ ബാക്കിപത്രം. ■



## മരണമുഖത്ത് ജനനം

അമ്മയും മകനും ഇന്ന് കാംഗ്പോക്പി അഭയാർത്ഥി ക്യാമ്പിലാണ്. ഇവൻ ജനിച്ചത് മെയ് അഞ്ചാം തീയതിയാണ്. നാലാം തീയതിയാണ് ഇവരുടെ ഗ്രാമം ആക്രമിക്കപ്പെട്ടത്. ഓടിപ്പോരുകയല്ലാതെ രക്ഷയൊന്നുമില്ലായിരുന്നു.

പൂർണ ഗർഭിണിയായ മകളേയും കൂട്ടി അമ്മയും സഹോദരങ്ങളും ഓടിപ്പോരുകയായിരുന്നു. നടുക്കാട്ടിൽ വച്ചാണ് ഇവൾക്ക് പ്രസവവേദന ആരംഭിച്ചത്. അങ്ങനെ ഇവളുടെ ആദ്യപുത്രൻ കാടിന് നടുവിൽ മണിപ്പൂർ സംഘർഷത്തിനിടയിൽ ജനിച്ചുവീണു.

www.malankaralibrary.com



# ചൂട്ടു പിടിക്കുന്ന അമ്മമാർ തോക്കു കളിക്കുന്ന കുട്ടികൾ

ഫാ. ജോയ്സൺ ജോസ് പുതുക്കാട്ട് MST
*പ്രിൻസിപ്പൽ, ആശാ സദൻ സ്പെഷൽ സ്കൂൾ, മാണ്ഡ്യ*

മണിപ്പൂരിലെ സംഘർഷ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഒരു ഡെലഗേഷനെ നിയോഗിച്ചു. മൂന്ന് പേരായിരുന്നു അതിലെ അംഗങ്ങൾ: ഫാ. സിജു അഴകത്ത്, ഫാ. സോബി താന്നിക്കപ്പാറ, ഫാ. ജോയ്സൺ പുതുക്കാട്ട്. തന്റെ ദൗത്യത്തിന് ശേഷവും പ്രശ്നബാധിത പ്രദേശങ്ങളിൽ തങ്ങിയ ഫാ. ജോയ്സൺ എഴുതുന്നു.

“എന്തിനാണ് അച്ചാ, ഈ വിഷമം പിടിച്ച സാഹചര്യത്തിൽ അങ്ങോട്ട് പോകുന്നത്?'' മണിപ്പൂരിലേക്കുള്ള യാത്രയുടെ തുടക്കത്തിൽ പരിചയപ്പെട്ട അഭിഷേക് എന്ന ചെറുപ്പക്കാരന്റെ സഹതാപത്തോടു കൂടിയ സംശയം.

ആദ്യം കൊച്ചിയിൽനിന്നും ബാംഗ്ലൂർ, പിന്നെ അവിടെ നിന്നും ഇംഫാൽ. ജൂലൈ 13-ാം തിയതി മണിപ്പൂരിന്റെ തലസ്ഥാനമായ ഇംഫാലിൽ എത്തി. അപ്പോൾ മുതൽ മനസ്സിൽ ഇടക്കിടയ്ക്ക് തികട്ടിവന്നൊരു ചോദ്യമുണ്ട്: 'ഞാൻ ശരിക്കും ഇങ്ങോട്ട് വരേണ്ടകാര്യം ഉണ്ടായിരുന്നോ?' ഈ സംശയത്തിന്റെ പിറകിൽ നമ്മുടെ പത്രങ്ങളും ചാനൽചർച്ചകളും നാട്ടിൽനിന്നും വരുന്ന ഫോൺവിളികളും കൈമാറിയ ഉൾഭയമായിരുന്നു.

ഇംഫാൽ ബിഷപ്സ് ഹൗസിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയെങ്കിലും ഉത്കണ്ഠയോടെയായിരുന്നു ആദ്യത്തെ രാത്രി. പിറ്റേന്ന് രാവിലെ സിജുവച്ചനും സോബിയച്ചനോടുമൊപ്പം പ്രശ്നബാധിത പ്രദേശങ്ങളിലേയ്ക്ക്. ഡ്രൈവർ സീറ്റിൽ നാഗാ ഗോത്രക്കാരനായ ജോസഫ് എന്ന യുവവൈദികൻ. പുറപ്പെടുന്നതിന് മുമ്പ് ഒരു കാര്യം മാത്രമേ അദ്ദേഹം നിർദ്ദേശിച്ചുള്ളു: ''ആരും ആധാർ കാർഡ് എടുക്കാൻ മറക്കരുത്.''

മെയ്തേയികളും കുക്കികളും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ദുരിതം ഏറ്റവുമധികം ഏറ്റുവാങ്ങിയത് സുഗുണു ഗ്രാമവും പരിസര പ്രദേശങ്ങളുമായിരുന്നു. ഞങ്ങൾ സുഗുണുവിനെ സമീപിക്കുകയായിരുന്നു. പെട്ടെന്ന് കുറേ അമ്മച്ചിമാർ റോഡിന്റെ ഒത്ത നടുവിലേക്ക് നടന്നു കയറി. ജോസഫച്ചൻ പതിഞ്ഞ സ്വരത്തിൽ ഞങ്ങളോട് പറഞ്ഞു: ''മെയിരാ പൈബികളാണ് (Meira Paibis). ഇവരാണ് മെയ്തേയികളുടെ മുന്നണിപ്പോരാളികൾ.''

മെയിരാ പൈബികളെന്നാൽ ചൂട്ടുപിടിക്കുന്ന വനിതകളെന്നാണ് (Women torch bearers) അർത്ഥം. മെയ്തേയ് സമൂഹത്തിന്റെ ചങ്കുറപ്പുള്ള വനിതകളാണിവർ. മുഖത്തു നോക്കിയാൽ സാധുക്കളെന്ന് തോന്നുമെങ്കിലും ഇവരത്ര നിസ്സാരക്കാരല്ല. 'എങ്ങോട്ടാണ് എല്ലാവരും കൂടെ? എവിടന്നാ വരുന്നെ? എന്താ പരിപാടി?' ചോദ്യങ്ങളുടെ ഒരു നീണ്ട ഘോഷയാത്രയായിരുന്നു. ജോസഫച്ചൻ തന്നെ എല്ലാത്തിനും ഉത്തരം പറഞ്ഞുകൊണ്ടിരുന്നു. ഇതിനിടയിൽ ഞങ്ങളുടെ ആധാർ കാർഡുകളും അവർ വാങ്ങി പരിശോധിച്ചു.

തിരിച്ചറിയൽ പരേഡ് കഴിഞ്ഞ് ഞങ്ങൾ മുന്നോട്ട് നീങ്ങി. കൺമുമ്പിൽ സുഗുണു ഗ്രാമം തെളിഞ്ഞു വരാൻ തുടങ്ങി. അടുക്കുന്തോറും ഒരു കാര്യം വ്യക്തമായി – 'ശരിക്കുമൊരു യുദ്ധക്കളം!' വെടിയുണ്ട

www.malankaralibrary.com




യേറ്റ് തുളഞ്ഞ കതകുകളും ജനാലകളും; ഇടിച്ചു നിരത്തപ്പെട്ട വീടുകളും പള്ളികളും സ്കൂളുകളും, ചിതറി തകർന്നു കിടക്കുന്ന വീട്ടുപകരണങ്ങൾ, പൊട്ടിത്തകർന്ന കളിപ്പാട്ടങ്ങൾ, കീറിച്ചിതറിയ സ്കൂൾ ബാഗുകളും പുസ്തകങ്ങളും... ഒരു സമൂഹത്തിന്റെ സ്വന്തവും സ്വത്തും ആയതൊക്കെ നിലംപറ്റി ചാരമായി കിടക്കുന്നു. കണ്ണു നനയിക്കുന്ന ദൃശ്യങ്ങൾ.

സുഗുണു ഗ്രാമവും പരിസര പ്രദേശങ്ങളും പരിപൂർണമായി നശിപ്പിക്കപ്പെട്ടിരിക്കുന്നു; എത്ര വീടുകളാണ് തകർക്കപ്പെട്ടിരിക്കുന്നതെന്ന് എണ്ണാനാവില്ല. കുക്കികൾക്ക് അഭയം നല്കി എന്ന കാരണത്താൽ പള്ളിയും പള്ളിക്കൂടവും ചാമ്പലായി കിടക്കുന്നു!

രൂപതയുടെ വൈദിക മന്ദിരം സന്ദർശിച്ചപ്പോൾ ഒരു വൃദ്ധ വൈദികൻ: ''ഇംഫാൽ രൂപതയുടെ ആദ്യ ഇടവകയാണ് സുഗുണു; മൂത്ത പുത്രി.'' കണ്ഠമിടറി അദ്ദേഹം നിർത്തി. പിന്നീട് തുടർന്നത് മറ്റൊരു വൈദികനാണ്: ''ഞങ്ങളുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം ചെലവഴിച്ചാണ് ആ ഇടവകയും പള്ളിക്കൂടവുമൊക്കെ പടുത്തുയർത്തിയത്.''

ഉടനെ, മൂന്നാമതൊരാൾ, ''അപ്പോൾ, നൂറു കണക്കിന് കുടുംബങ്ങളിലെ ആയിരക്കണക്കിന് മനുഷ്യരുടെ എത്രകാലത്തെ അധ്വാനമാണ് നശിപ്പിക്കപ്പെട്ടിരിക്കുന്നത്?''

'അതിലൊക്കെ ഉപരിയായി എത്രയെതെ കുഞ്ഞുങ്ങളുടെയും ചെറുപ്പക്കാരുടെയും ജീവിതവും സ്വപ്നങ്ങളുമാണ് തകർത്തെറിയപ്പെട്ടത്!'

തുടർന്നുള്ള ദിവസങ്ങളിൽ ഞങ്ങൾ പ്രശ്നബാധിത പ്രദേശങ്ങൾ പലതും സന്ദർശിച്ചു. ചുർചാന്ദ്പൂർ, കാംഗ്പോക്പി, പാസ്റ്ററൽ സെന്റർ അങ്ങയെങ്ങനെ എത്ര സ്ഥലങ്ങൾ! എല്ലാംതന്നെ കലാപത്തിന്റെ തീച്ചൂളയിൽ വെന്തെരിഞ്ഞു കിടക്കുന്നു.

സമാധാനവും സൗന്ദര്യവും നിറഞ്ഞു നിന്നിരുന്ന ഒരു നാട് ഇന്ന് യുദ്ധക്കളമായി മാറിയിരിക്കുന്നു. അയൽപക്കങ്ങളിൽ ഒരുമിച്ച് കുടിയിരുന്നവർ, സൗഹൃദം പങ്കിട്ടിരുന്നവർ, ഒരുമിച്ചിരുന്ന് ഭക്ഷിച്ചിരുന്നവർ ഇന്ന് പരസ്പരം യുദ്ധം ചെയ്യുന്നു. അതിഭീകരമാണിതെന്ന് ഇരുകൂട്ടരും സമ്മതിക്കുന്നു.

മൂന്ന് ദിവസത്തെ ദൗത്യം അവസാനിപ്പിച്ച് തിരികെ പോരാൻ തയ്യാറെടുക്കുന്ന അവസരത്തിൽ ഇംഫാൽ വികാരി ജനറാൾ വർഗീസച്ചൻ എന്നോട് ഒരു ചോദ്യം: ''കുറച്ചുദിവസം കൂടെ ഇവിടെ നിൽക്കാമോ?''

പതിഞ്ഞ ശബ്ദത്തിൽ സമ്മതം മൂളി. ''അച്ചൻ ഞങ്ങളുടെ കൂടെ വന്നാൽ ബാക്കി കാര്യങ്ങൾ ഞങ്ങൾ നോക്കിക്കോളാം,'' ബിഷപ്സ് ഹൗസിലെ ജോളി സിസ്റ്ററിന്റെ ഉറപ്പ്. തുടർന്നുള്ള ദിവസങ്ങളിൽ ക്യാമ്പുകൾ സന്ദർശിക്കാനും അവിടൊക്കെ നമ്മളാൽ കഴിയുന്ന ചെറിയ ചെറിയ കാര്യങ്ങൾ ചെയ്തുകൊടുക്കാനുമായി മാറ്റിവച്ചു; പിന്നീട്, അഞ്ച് ദിവസങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളിലൂടെ. ഓരോ ക്യാമ്പിലും വ്യത്യസ്ഥങ്ങളായ അനുഭവങ്ങൾ. സിംഗാട്ട് ക്യാമ്പിൽ ധാരാളം കുട്ടികൾ, അവരുടെ സന്തോഷങ്ങൾ, കളിചിരികൾ, മുതിർന്നവരുടെ പരിഭവങ്ങൾ.

തിരികെ വരുന്ന വഴിക്ക് ഹോസ്റ്റലിൽ കയറി. അവിടെ കുട്ടികൾ തോക്കുകളുടെ മോഡൽ ഉണ്ടാക്കി പരസ്പരം വെടിവച്ച് കളിക്കുന്നു. 'എന്താ ഈ കളിക്കുന്നത്?' ഞാൻ ചോദിച്ചു.

'ഞങ്ങളുടെ എതിരാളികളെ വെടിവയ്ക്കാൻ പ്രാക്ടീസ് ചെയ്യുകയാണ്.'

'എന്താണ്?' മനസ്സിലാകാത്ത മട്ടിൽ ഞാൻ ചോദിച്ചു.

''വിശദമാക്കാം, ഫാദർ. മലയും കാടും ഞങ്ങളുടെ സ്വത്താണ്. അത് കൈയടക്കാൻ ആരുവന്നാലും ഞങ്ങൾ തടയും, പ്രതിരോധിക്കും വേണ്ടിവന്നാൽ അവരെ ഇല്ലാതാക്കും. കാരണം, ഈ മണ്ണ് ഞങ്ങളു

www.malankaralibrary.com

ടെ സ്വന്തമാണ്.'' തീക്ഷ്ണമാണ് അവരുടെ സംസാരം; ആഴമുള്ളതാണ് അവരുടെ മുറിവുകൾ. ജോയി ചെറുകാട്ട് അച്ചനായിരുന്നു താമസവും ഭക്ഷണവുമൊക്കെ ക്രമീകരിച്ചത്.

സമീപത്തുള്ള ഗ്രാമങ്ങളിൽ കൂട്ടിക്കൊണ്ടുപോയി അവരുടെ ജീവിതരീതികൾ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തന്നു.

ജൂലൈ 24-ന് ഞങ്ങൾ അതിരാവിലെ ചുർചാന്ദ്പൂർ നിന്നും യാത്ര പറഞ്ഞു. വഴിയിൽ വീണ്ടും മറ്റൊരു കൂട്ടം 'മെയിരാ പൈബികൾ.' ഇത്തവണ സിസ്റ്റേഴ്സ് കൂടെയുണ്ടായിരുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടില്ലാതെ കടന്നുപോന്നു.

ചെക്ക് പോസ്റ്റിൽ CRPF ജവാന്മാർ, സിസ്റ്റേഴ്സിനോട് ഹിന്ദിയിലാണ്: ''അമ്മമാരേ, ഞങ്ങൾ ഇവിടെ വന്നിട്ട് 80 ദിവസങ്ങൾ കഴിഞ്ഞു. എല്ലാവരുടെയും കണ്ണിൽ, കുറ്റം ഞങ്ങളുടേതാണ്. ഞങ്ങൾ നിഷ്ക്രിയരായതുകൊണ്ടാണിത് അവസാനിക്കാത്തതെന്ന്. അറിയാമോ, ഞങ്ങൾ നാട്ടിൽ നിന്നും പോന്നിട്ട് മൂന്ന് മാസം കഴിഞ്ഞു. എന്നാണ് ഇനി ഒരു തിരിച്ചുപോക്കെന്ന് അറിയില്ല. നിങ്ങൾ ദൈവത്തിന്റെ ആൾക്കാരല്ലേ? പ്രാർത്ഥിക്കണം. ഇവിടെ സമാധാനം ഉണ്ടാകാൻ!''

യാത്രയുടെ തുടക്കത്തിലെ അഭിഷേകിന്റെ ചോദ്യം ഓർമ വന്നു: ''എന്തിനാണ് അച്ചാ, ഈ സാഹചര്യത്തിൽ മണിപ്പൂരിന് പോകുന്നത്?'' പട്ടാളക്കാർ പറഞ്ഞതിലാണ് ഉത്തരം അടങ്ങിയിരിക്കുന്നത്. മണിപ്പൂരിലെ ദുരന്തമുഖത്തുള്ളവരെ നമുക്ക് മറക്കാതിരിക്കാം; നമുക്ക് അവരെ ഓർക്കാം. അവിടെ ക്യാമ്പുകളിൽ കഴിയുന്ന ജനത്തിന് സഹായങ്ങൾ എത്തിക്കാൻ നമുക്ക് കൈകോർക്കാം. വേഗം സമാധാനം സ്ഥാപിക്കപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം, നമ്മുടെയിടയിലെ വിദ്വേഷത്തിന്റെയും പകയുടെയും വൈരത്തിന്റെയും ഭാഷയും സംസാരവും പ്രവൃത്തിയും ഇപ്പോൾ തന്നെ നമുക്ക് അസാനിപ്പിക്കാം! അല്ലെങ്കിൽ, ഏറെ താമസിച്ചു പോയെന്ന് പിന്നീട് സങ്കടപ്പെടേണ്ടി വരും. ■



## മെയിരാ പൈബി

വിളക്കേന്തിയ വനിതകൾ എന്നാണ് ഇതിന്റെ വാച്യാർത്ഥം. വഴികാട്ടികൾ അഥവാ പൊതുസമൂഹത്തിന്റെ സംരക്ഷകർ എന്ന അർത്ഥത്തിലാണ് ഇവർ ഇതിനെ കാണുന്നത്. മെയ്തേയ് വനിതകളുടെ ഒരു സംഘമാണിത്. 1977-ലാണ് ഇതിന്റെ ആരംഭം.

എന്നിരുന്നാലും ഇത്തവണത്തെ സംഘർഷത്തിൽ ഇവരുടെ പങ്ക് ഏറെ പ്രകടമായിരുന്നു. കുക്കികൾക്കെതിരെയുള്ള അക്രമത്തിന് പ്രേരണ കൊടുക്കുന്നതിൽ ഇവർക്ക് നിർണായകമായ പങ്കുണ്ട്. ജൂൺ 24-ന് 1200 'മെയിരാ പൈബികളുടെ' ഒരു സംഘം ഇന്ത്യൻ പട്ടാളത്തിന്റെ ഒരു കോൺവോയിയെ തടഞ്ഞു. ജൂലൈ 21-ന് കൂട്ട ബലാൽസംഗത്തിനിരയായ പെൺകുട്ടി പറഞ്ഞത് അവളെ പിടിച്ച് കൊടുത്തത് മെയിരാ പൈബി സ്ത്രീകളാണെന്നാണ്. ഇന്നും പൊതുനിരത്തുകളിൽ വണ്ടികളെയും യാത്രക്കാരെയും തടഞ്ഞ് പരിശോധന നടത്തുന്നത് ഇവരാണ്. ■

www.malankaralibrary.com



# കൊല്ലാനിട്ട നമ്പർ

ഫാ. വർഗീസ് വേലിക്കകം
*വികാരി ജനറാൾ, ഇംഫാൽ അതിരൂപത*

മെയ് മൂന്നിന് വൈകുന്നേരം സാങായിപ്രു പ്രദേശത്ത് വീടുകൾക്ക് നമ്പരിടാൻ തുടങ്ങി. കൊല്ലാനും കൊള്ളയടിക്കാനുമുള്ള അടയാളം. ആസൂത്രണം തിരിച്ചറിയാനാകും മണിപ്പൂരിലെ ആക്രമങ്ങളുടെ ആഴത്തിലിറങ്ങുമ്പോൾ...

ഇംഫാൽ സമതലമാണ് ഈ സംഘർഷത്തിന്റെ പ്രഹരം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയ സ്ഥലം. കുക്കികൾക്കെല്ലാം തന്നെ ഇംഫാൽ സമതലത്തിൽ നിന്ന് ഓടേണ്ടി വന്നു. ഇപ്പോൾ കുക്കികളിൽ ഒരാൾ പോലും ഈ തലസ്ഥാന നഗരിയിലില്ല.

ഇംഫാൽ സമതലത്തിൽ തന്നെ, നമ്മുടെ കത്തീഡ്രലിനു ചുറ്റുമുള്ള മന്ത്രിപുഖ്രി എന്ന പ്രദേശം. അവിടെയുള്ള രണ്ട് കുക്കി ഗ്രാമങ്ങളും വൈഫെയ് ഗ്രാമവും പരിപൂർണമായി നശിപ്പിക്കപ്പെട്ടു. പലരും കൊല്ലപ്പെട്ടു; ബാക്കിയുള്ളവർ ഓടി രക്ഷപ്പെട്ടു. അവിടത്തെ സ്കൂളിൽ ആയിരത്തി ഇരുന്നൂറോളം കുട്ടികളുടെ കുറവാണുണ്ടായിരിക്കുന്നത്. അതിൽ നിന്നും ജീവരക്ഷാർത്ഥം ഓടിപ്പോയവരുടെ ബാഹുല്യം മനസ്സിലാക്കാമല്ലോ.

## നമ്പറിട്ട് അടയാളപ്പെടുത്തിയുള്ള ആക്രമണം

മറ്റൊരു പ്രദേശം സംഗൈപ്രൗ പ്രദേശമാണ്. അവിടെ നമ്മുടെ പാസ്റ്ററൽ ട്രെയിനിങ് സെന്ററിലേക്ക് കയറുന്നതിന് മുമ്പ് ഇരുവശങ്ങളിലായി വൈഫെയ് ഗ്രാമമുണ്ടായിരുന്നു (കുക്കി ഗണത്തിൽ പെടുത്താവുന്നതും സോമി വംശത്തിൽ പെടുന്നതുമായ ഒരു ഗോത്രമാണിത്). ഉയർന്ന ഉദ്യോഗസ്ഥരും ധനികരുമായിരുന്നു അവിടെ ഉണ്ടായിരുന്നത്. അവിടെ ഇരുന്നൂറോളം വീടുകളുണ്ടായിരുന്നു.

മെയ് മൂന്നാം തീയതി വൈകുന്നേരം അവിടെയുള്ള വീടുകൾക്കെല്ലാം നമ്പർ കൊടുക്കാൻ തുടങ്ങി. അത് ഒരു കണക്കിന് ഗുണം ചെയ്തു. നമ്പർ ഇടുന്നത് കണ്ട് എന്തോ അപകടം വരാൻ പോകുന്നതായി അന്തേവാസികൾ സംശയിച്ചു. അതിനാൽ, അവരെല്ലാവരും തന്നെ വീടും സ്വത്തും ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു.

## പാസ്റ്ററൽ സെന്ററും പള്ളിയും

നമ്മുടെ പാസ്റ്ററൽ ട്രെയിനിങ് സെന്റർ കത്തിക്കാനുള്ള ഒരു കാരണം ഇതായിരുന്നിരിക്കാം. കാരണം, അവരെല്ലാവരും തന്നെ അവിടുന്ന് ചാടി നമ്മുടെ ഗേറ്റ് കടന്ന് ആ വഴിയേയാണ് രക്ഷപ്പെട്ടത്. നമ്മൾ അവരെ നമ്മുടെ സ്ഥാപനത്തിൽ ഒളിപ്പിച്ചു വച്ചിട്ടുണ്ടെന്ന് അവർ സംശയിച്ചു.

പക്ഷേ, അവർ നാലഞ്ച് പ്രാവശ്യം വന്ന് നോക്കി ബോധ്യപ്പെട്ടതാണ് അവിടെ അവരാരും തന്നെ ഇല്ലായെന്നത്. വരുന്ന ജനക്കൂട്ടമൊന്നും ആ പ്രദേശവാസികളായിരുന്നില്ല. അവർക്ക് പ്രത്യേക അജണ്ട ഉണ്ടായിരുന്നു, പള്ളിക്ക് തീ വയ്ക്കണമെന്ന്. ആയിരക്കണക്കിന് ആൾക്കാർ ബൈക്കിലും മറ്റുമായി വരുകയാണ്. മൂന്നാം തീയതി വൈകുന്നേരവും നാലാം തീയതിയും അവർ തീ വച്ചു. ചുറ്റുമുള്ള വീടുകളും തീയിട്ടു.

## ഗെയിംസ് വില്ലേജ്

മറ്റൊരു പ്രദേശമാണ് ന്യൂ ചെക്കോൺ. അതും ഒരു കുക്കി സെറ്റിൽമെന്റ് ആയിരുന്നു. അവിടെയും ഒരുപാട് വീടുകൾ കത്തിച്ചിട്ടുണ്ട്. ഇംഫാലിൽ തന്നെയുള്ള ഗെയിംസ് വില്ലേജാണ് മറ്റൊരു സ്ഥലം. ഏഷ്യൻ ഗെയിംസിനുവേണ്ടി പണ്ട് സർക്കാർ ഉണ്ടാക്കിയ

www.malankaralibrary.com

ഫ്ളാറ്റുകളും വില്ലേജുമാണത്. അവിടെയും കുറെയേറെ കുക്കികളുണ്ടായിരുന്നു. അവരുടെ വീടുകളെല്ലാം നശിപ്പിച്ചു. അവിടത്തെ നമ്മുടെ പള്ളി കത്തിച്ചു. അവിടെ നേരത്തെ തന്നെ മൂന്ന് പള്ളികൾ ഡിമോളിഷ് ചെയ്തായിരുന്നു. പട്ടയ തർക്കം മൂലം കോടതിയുടെ പരിഗണനയിലിരുന്ന പള്ളികളായിരുന്നു അവ. ഇതൊക്കെയാണ് ഇംഫാലിലും അതിന്റെ പരിസര പ്രദേശങ്ങളിലും നടന്നത്.

മൂന്ന് ജില്ലകൾ (കാക്കിങ്, ചന്ദൽ, തൗബിൽ) കൂടുന്ന സ്ഥലമാണ് സുഗുണു. അവിടെയാണ് മണിപ്പുരിൽ ഏറ്റവും കൂടുതൽ അക്രമം നടന്നത്. നാല് വില്ലേജുകൾ പരിപൂർണമായി ഇല്ലാതാക്കപ്പെട്ടു. ആയിരത്തിന് മുകളിൽ വീടുകളും നശിപ്പിക്കപ്പെട്ടു. അവിടെ കൂടുതൽ ആൾനാശം ഉണ്ടായിരിക്കുന്നത് മേയ്തേയ്കൾക്കാണ്. കാരണം, അക്രമം തുടങ്ങുന്നതിന് മുമ്പുതന്നെ അപകടം മണത്ത് കുക്കികൾ വീടും സമ്പത്തും ഉപേക്ഷിച്ച് മലകളിലേക്ക് പോയിരുന്നു. അക്രമകാരികൾ വന്നപ്പോൾ അവർക്ക് മുമ്പിൽ ആൾപ്പാർപ്പില്ലാത്ത വീടുകളും ഗൃഹോപകരണങ്ങളുമായിരുന്നു.

മലമുകളിലേക്ക് പിൻവാങ്ങിയവർ അവിടെ നിന്നും തിരിച്ചാക്രമിക്കാൻ തുടങ്ങിയപ്പോഴാണ് മേയ്തേയ് പക്ഷത്ത് ആൾനാശമുണ്ടായത്. ഒരു സ്ത്രീ ഒറ്റക്ക് അനേകം പേരെ വെടിവച്ച് കൊന്നു. പക്ഷേ, അവളുടെ ബുള്ളറ്റ് തീർന്നപ്പോൾ ഇവർ അവളെ ഓടിച്ചിട്ട് പിടിച്ച് ക്രൂരമായി മർദ്ദിച്ച് കൊന്നു.

## ഗ്രേയ്സ് വില്ലേജ്

അതുപോലെ, ഗ്രേയ്സ് വില്ലേജ് എന്ന ട്രൈബൽ കോളനി കൊള്ളയടിക്കാൻ പോയവരെ മലമുകളിൽ നിന്ന് കുക്കികൾ വെടിവച്ചു. കുറെ മരണം അവിടെ നടന്നിട്ടുണ്ട്. കുറെ ദിവസം മൃതശരീരങ്ങൾ അവിടെ കിടക്കുകയായിരുന്നു. എത്ര പേരുണ്ടെന്ന് കൃത്യം അറിയില്ല. ആ ദിവസം തന്നെ മൂന്നിടങ്ങളിൽ ഏറ്റുമുട്ടലുകൾ നടന്നു.

കൊള്ളയടിക്കു ശേഷം ഒരു ബാപ്റ്റിസ്റ്റ് പള്ളിയിൽ ഒരുമിച്ചുകൂടി തീറ്റയും കുടിയും നടത്തിക്കൊണ്ടിരുന്നവരെ കുക്കികൾ വെടിവച്ച് കൊന്നു. മറ്റൊരിടത്ത് ഒരു കിഴുക്കാംതൂക്കായ കുന്നിൻചെരുവിലൂടെ ഓടിച്ചിട്ട് കുറെ പേർ ആ മലഞ്ചെരുവിൽ വീണു മരിച്ചിട്ടുണ്ട്.

## കുക്കികൾ തിരിച്ചടിക്കുന്നു

അതേപോലെ കുക്കികൾ തിരിച്ചടിച്ചിട്ടുണ്ട്. ചുരാചന്ദ്പൂരിനടുത്ത് ടോർബുഗിൽ ഒരുപാട് മെയ്തേയ് വീടുകൾ കത്തിച്ചിട്ടുണ്ട്. ചുരാചന്ദ്പൂർ പട്ടണത്തിലെ മെയ്തേയ് വീടുകളും അവർ നശിപ്പിച്ചു. റാലി നടന്നപ്പോൾ യുദ്ധസ്മാരകം തകർത്തതിന്റെ പ്രതികാരമായാണ് അവിടെ അത് സംഭവിച്ചത്. ഇതിന്റെ വെളിച്ചത്തിലാണ് മേയ്തേയികൾ പറയുന്നത് കുക്കികളാണ് അക്രമം തുടങ്ങിയതെന്ന്. നമുക്കറിയില്ല യഥാർത്ഥത്തിൽ ആരാണ് തുടക്കമിട്ടതെന്ന്.

ചുരാചന്ദ്പൂർ ഒരു സമതലപ്രദേശമാണ്. അവിടെ മെയ്തേയികളുടെ വലിയൊരു സാന്നിധ്യമുണ്ടായിരുന്നു. അതിനാൽ അത് പിടിച്ചെടുക്കാൻ മേയ്തേയികൾക്ക് പദ്ധതിയുണ്ടായിരുന്നെന്നാണ് പറയപ്പെടുന്നത്. ബർമ്മയുമായുള്ള മൊറെ അതിർത്തിയിൽ മേൽക്കൈ നേടാനുള്ള മെയ്തേയി മിലിറ്റൻസിന്റെ ശ്രമവും ഇതിന്റെ പിന്നിലുണ്ടെന്ന് പറയപ്പെടുന്നുണ്ട്. ■



## അരംബായ് തെങ്ഗോൾ

'കുന്തമേന്തിയ കുതിരപ്പട' എന്നാണ് ഇതിന്റെ വാച്യാർത്ഥം. മെയ്തേയികളുടെയിടയിലെ ഒരു സാമൂഹ്യ-സാംസ്കാരിക സംഘമാണിത്. മണിപ്പൂരിലെ പ്രാചീന സനാമഹി മതത്തെ പുനഃസ്ഥാപിക്കാനുള്ള നവോത്ഥാന മുന്നേറ്റമാണിതെന്നാണ് അവരുടെ വ്യാഖ്യാനം. എന്നാൽ ഇതൊരു തീവ്രവാദി സംഘടനയാണ്. കുക്കികളുമായുള്ള മെയ്തേയികളുടെ ഇത്തവണത്തെ സംഘർഷത്തിന്റെ പിന്നിൽ പ്രധാനമായും ഇവരാണെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്. 2000 മുതൽ ഇവർ സജീവമായി രംഗത്തുണ്ട്. കറുത്ത വസ്ത്രധാരികളായി തോക്കുകളുമേന്തി സാധാരണയായി മോട്ടോർ ബൈക്കുകളിലാണ് ഇവരുടെ യാത്ര. ■

www.malankaralibrary.com



# മണിപ്പൂർ എങ്ങനെ മഹാഭാരതത്തിലെ മണിപ്പൂരായി?

പ്രൊഫ. ഡോ. മാത്യു ചന്ദ്രൻകുന്നേൽ CMI

കുക്കികളും മെയ്തേയികളും തമ്മിലുള്ള സംഘർഷത്തിന്റെ ചരിത്രപരവും സാംസ്കാരികവും മതപരവുമായ പശ്ചാത്തലങ്ങളിലേക്കുള്ള അന്വേഷണമാണിത്. ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ സാമൂഹ്യമാറ്റങ്ങൾക്ക് ശ്രമിക്കുന്ന സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഉപദേശം നല്കുന്ന ശാസ്ത്രജ്ഞനാണ് ലേഖകൻ.

സംഘർഷം മണിപ്പൂരിന് പുത്തരിയല്ല. മെയ്തേയ്, നാഗ, കുക്കി വർഗങ്ങൾ അധിവസിക്കുന്ന മണിപ്പൂരിൽ ഇവർ തമ്മിലും ഇവർക്കുള്ളിലും പലപ്പോഴും സംഘർഷങ്ങളുണ്ടായിട്ടുണ്ട്. 1970 കളിൽ മെയ്തേയ് വിഭാഗത്തിലെ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലും, 90 കളിൽ നാഗ–കുക്കി വർഗങ്ങൾ തമ്മിലും, അതിനും മുമ്പ് ഈ വർഗങ്ങൾക്കുള്ളിലും പരസ്പരം ഏറ്റുമുട്ടൽ നടന്നിട്ടുണ്ട്. ഇതുകൂടാതെ, നാഗാ–കുക്കി ഗോത്രങ്ങൾ ഒന്നുചേർന്ന് മെയ്തേയ്കളെ ആക്രമിച്ചിട്ടുണ്ട്. എന്നാൽ, മെയ് മൂന്നിന് ആരംഭിച്ച മെയ്തേയ്–കുക്കി സംഘർഷം അവിശ്വസനീയമായ ആഴത്തിലേക്കും അത്യപൂർവമായ വ്യാപ്തിയിലേക്കും ആശ്ചര്യപ്പെടുത്തുന്ന വിനാശത്തിലേക്കും ആണ്ടുപോയതിന്റെ കാരണം എന്തായിരിക്കും?

## എവിടെ നിന്ന്? എങ്ങനെ?

ചൈനയിലെ യാങ്ങ്സി (Yangtze) ഹുവാങ്ങ് ഹേ (Huang He) നദികളുടെ ഇടയിലുള്ള ഭാഗത്തുനിന്നാണ് ഈസ്റ്റ് ഏഷ്യയിലെ തായ്ലന്റ്, മ്യാൻമാർ, വിയറ്റ്നാം, ലാവോസ്, കംബോഡിയ എന്നീ രാജ്യങ്ങളിലെ ജനവിഭാഗങ്ങൾ ഉരുത്തിരിഞ്ഞതെന്നാണ് ആന്ത്രോപോളജിസ്റ്റുകളുടെ അഭിപ്രായം. പല കാലങ്ങളായി, തിരമാലകൾപോലെ ഈ ഭൂവിഭാഗത്തിൽ നിന്ന് ഈ ജനവിഭാഗങ്ങൾ ആദ്യം ടിബറ്റിലേക്കും പിന്നീട് മറ്റ് പ്രദേശങ്ങളിലേക്കും കുടിയേറിയതാവാം.

മണിപ്പൂർ, മ്യാൻമാർ, ചിറ്റഗോങ്ങ് എന്നിവിടങ്ങളിലെ ഭാഷകൾ ടിബറ്റോ–ബർമൻ ഭാഷാ ശാഖയിൽപെട്ടവയാണെന്നും നരവംശശാസ്ത്രജ്ഞർ അവകാശപ്പെടുന്നു. ഇന്നത്തെപോലെ നിയതമായ രാഷ്ട്രങ്ങളോ അവയുടെ അതിർത്തി രേഖകളോ ഇല്ലാതിരുന്ന കാലത്ത് നിരന്തരമായ ആവാസവ്യതിയാനം ഈ ജനതകൾക്ക് സംഭവിച്ചിരുന്നിരിക്കണം. ഇതിന്റെയൊക്കെ ഫലമായിട്ടാകാം മണിപ്പൂരിൽ ഇന്ന് മെയ്തേയ്, നാഗാ, കുക്കി എന്നീ മൂന്ന് വിഭാഗങ്ങൾ അധിവസിക്കുന്ന സ്ഥിതി വന്നത്.

## മെയ്തേയ് സ്വത്വാന്വേഷണം

സനാമഹി (Sanamahi) എന്ന പ്രകൃതിദേവാരാധനയാണ് മെയ്തേയ്കളുടെ ഇടയിൽ പണ്ടുമുതൽ നിലനിന്നിരുന്നത്. പാക്കാംബ, സനാമഹി എന്നീ ദേവാംശരായ വ്യക്തികളാണ് ഈ മതവിശ്വാസത്തിലെ പ്രമുഖർ.

www.malankaralibrary.com




*ഇംഫാലിലെ പ്രതിഷേധസമരം*

### സനാമഹിയും പാക്കാംബയും

ചുരുണ്ടുകൂടി വാൽ കടിക്കുന്ന പാക്കാംബയാണ് മെയ്തേയ്കളുടെ ആദ്യരാജാവായി അറിയപ്പെടുന്നത്. ലോകം ചുറ്റിവരാൻ മാതാപിതാക്കൾ കല്പിച്ചപ്പോൾ, പാക്കാംബ സ്വന്തം പിതാവിനെയും മാതാവിനെയും വലംവച്ചിട്ട് തന്റെ ലോകം ഇവരാണെന്നും ഇവരെ ചുറ്റിയപ്പോൾ താൻ ലോകം ചുറ്റിയെന്നും ബോധ്യപ്പെടുത്തി. അങ്ങനെ അയാൾ രാജസിംഹാസനം കൈക്കലാക്കി.

നേരെമറിച്ച്, സനാമഹി ലോകംചുറ്റി തിരിച്ചുവന്നു. അപ്പോൾ, പിതാവ് എല്ലാ കുടുംബങ്ങളിലും നിനക്ക് സ്മൃതിയുണ്ടാവുമെന്ന് പറഞ്ഞ് അവനെ അനുഗ്രഹിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ ശാസനയനുസരിച്ച് എല്ലാ വീടുകളിലും സനാമഹി ആരാധിക്കപ്പെടാൻ തുടങ്ങി. ഇവരെ കൂടാതെ മറ്റ് അനേകം ദൈവങ്ങളും ദേവതകളും ഇവർക്കുണ്ട്. ഇവരെ ആരാധിക്കാനായി പ്രത്യേകം നിയുക്തരായ മയിബാസ് എന്നും മയിബിസ് എന്നും അറിയപ്പെടുന്ന പൂജാരി-പൂജാരിണികളുമുണ്ട്.

മരണമടഞ്ഞുപോയ പൂർവപിതാക്കളെയും ഇവർ ആരാധിക്കുന്നുണ്ട്. ലായിഹരോബ് എന്നറിയപ്പെടുന്ന ദൈവങ്ങളുടെ ഉല്ലാസം, ചയിരൂബ എന്ന പുതുവർഷാഘോഷം തുടങ്ങിയ വിശേഷ ആഘോഷങ്ങളും സനാമഹി മതത്തിനുണ്ട്.

### വൈഷ്ണവ മതത്തിന്റെ കടന്നുവരവ്

ബംഗാളിൽനിന്നുള്ള ബ്രാഹ്മണർ 15-ാം നൂറ്റാണ്ടു മുതൽ മണിപ്പൂരിലെത്തിയിരുന്നു. 1710-ൽ ശാന്തിദാസ് അധികാരി എന്ന വൈഷ്ണവ സന്ന്യാസി പാംഹൈബ എന്ന രാജാവിനെ ഹൈന്ദവനാക്കി. ഗരീബ് നിവാസ് എന്ന പുതിയ പേരും അദ്ദേഹം സ്വീകരിച്ചു. തുടർന്ന് തന്റെ പ്രജകളെയും അദ്ദേഹം വൈഷ്ണവരാക്കി മാറ്റി. അന്നുവരെ മാംസവും മത്സ്യവും ഭക്ഷിച്ചിരുന്ന അദ്ദേഹം, അതിനെ തുടർന്ന് സസ്യഭുക്കായിത്തീർന്നു. അതിനും പുറമെ, മത്സ്യവും മാംസവും കഴിക്കുന്നവരെ ശിക്ഷണവിധേയരാക്കി നാടുകടത്താനും തുടങ്ങി.

കൂടാതെ, ഹനുമാന്റെയും ഗോവിന്ദാജിയുടെയും ക്ഷേത്രങ്ങൾ നിർമിച്ച് അവിടങ്ങളിലെല്ലാം ബ്രാഹ്മണരെ പൂജയ്ക്ക് നിയോഗിച്ചു. ബംഗാളിൽനിന്നും ഉത്തർപ്രദേശിൽനിന്നും എത്തിയിരുന്ന ബ്രാഹ്മണർ ഇവിടെയുള്ള സ്ത്രീകളെ കല്ല്യാണം കഴിച്ചതിലൂടെ ഇവിടെ ബ്രാഹ്മണ സമുദായമുണ്ടായി. രാജാവിനെയും രാജകുടുംബത്തിൽപെട്ടവരെയും ക്ഷത്രിയ ഗണത്തിലുമാക്കി.

ഹിന്ദുമതത്തിലെ ജാതിസമ്പ്രദായം രാജാവ് മണിപ്പൂരിലും നടപ്പിലാക്കി. അതിൽപ്പെടാത്ത എല്ലാവരെയും ശൂദ്രരായി പ്രഖ്യാപിച്ചു. അങ്ങനെ മലമുകളിൽ വസിച്ചിരുന്ന നാഗന്മാരും കുക്കികളും താഴ്ന്ന ജാതിക്കാരായിത്തീർന്നു. വൈഷ്ണവരുടെ ഭവനങ്ങളിൽ

www.malankaralibrary.com

അവർക്ക് പ്രവേശിക്കാനോ അവരുമായി അടുത്ത് ഇടപഴകാനോ അനുവാദവുമില്ലായിരുന്നു.

### മഹാഭാരതത്തിലെ മണിപ്പൂർ

സംഭവിച്ച മറ്റൊരു കാര്യം ഈ ജനതതിയെ മഹാഭാരതവുമായി ബന്ധിപ്പിച്ചതാണ്. അതിനുവേണ്ടി, അവരുടെ രാജാവിനെ അർജുനന്റെ പിന്തുടർച്ചക്കാരനാക്കി. അർജ്ജുനന്റെ ഭാര്യയായ ചിത്രാംഗദ മണിപ്പൂരുകാരിയാണെന്നും പ്രഖ്യാപിച്ചു. അതിനുപുറമേ, അന്നുവരെ മറ്റൊരു പേരിൽ അറിയപ്പെട്ടിരുന്ന ഈ നാടിനെ മഹാഭാരതത്തിലെ മണിപ്പൂരാക്കി മാറ്റി, അത്തരം കഥകൾ രചിക്കുകയും അവ രേഖകളാക്കുകയും ചെയ്തു.

### സനാമഹിയുടെ തിരിച്ചുവരവ്

1724-ൽ പൂർവികമതമായ സനാമഹിയുടെ എല്ലാ ഗ്രന്ഥങ്ങളും വൈഷ്ണവ സന്ന്യാസികളുടെ പ്രേരണയാൽ രാജാവായ ഗരീബ് നിവാസ് നശിപ്പിച്ചു. ദശാബ്ദങ്ങൾക്കുശേഷം രാജാവായ ചന്ദ്രകീർത്തിയുടെ കാലത്ത് വൈഷ്ണവ മതത്തിനു കൂടുതൽ പ്രാബല്യം കിട്ടുകയും ചെയ്തു. എങ്കിലും ഗ്രാമങ്ങളിലെ പൂജാരി-പൂജാരിണിമാർ സനാമഹി മതകർമ്മങ്ങൾ തുടർന്നും സമൂഹത്തിനായി അനുഷ്ഠിച്ചു പോന്നിരുന്നു.

അങ്ങനെ, വൈഷ്ണവ മതത്തിനൊപ്പം സനാമഹിയും നിലനിന്ന് പോന്നിരുന്നുവെന്ന് മാത്രമല്ല, സനാമഹി മതത്തിലേക്ക് മടങ്ങണമെന്ന് ചിലർ ശക്തമായി ആവശ്യപ്പെടാനും തുടങ്ങി. തൽഫലമായി, സനാമഹി മതത്തിന്റെ പുനരുജീവനത്തിനായി നഗാറിയഫുലോ 1930 ഏപ്രിൽ 12-ന് 'അപോക്പാ മറൂപ്' (Apokpa Marup) എന്നൊരു പ്രസ്ഥാനം ആരംഭിച്ചു.

അദ്ദേഹം അറിയപ്പെട്ടിരുന്നത് 'ധർമ ഗുരു' എന്നർത്ഥമുള്ള 'ലൈനിംഗാൾ' എന്ന പേരിലായിരുന്നു. ചിന്തകനും സമൂഹപരിഷ്കർത്താവുമായ ഫുലോ, സനാമഹിയുടെ മതമൂല്യങ്ങൾ പുനരവതരിപ്പിക്കുകയും അതിന് വിശാലമാനങ്ങൾ നല്കുകയും ചെയ്തു. തന്മൂലം സനാമഹി മതത്തിലേക്ക് ഏറെപ്പേർ ആകർഷിക്കപ്പെടുകയും ക്രമേണ അത് കരുത്താർജിക്കുകയും ചെയ്തു.

### നാഗന്മാരും കുക്കികളും

മലനിരകളിൽ വസിച്ചിരുന്ന കുക്കികളും നാഗന്മാരും പ്രകൃതി ആരാധകരായിരുന്നു. പ്രത്യേകമായ ഒരു വിശ്വാസസംഹിതയോ മതഘടനയോ ഈ ഗോത്രങ്ങൾക്ക് ഉണ്ടായിരുന്നില്ല. കൃഷിയും പന്നിവളർത്തലും മൃഗങ്ങളെ വേട്ടയാടലുമായി ഉപജീവനം നടത്തിയിരുന്ന ഇവരുടെയിടയിലേക്ക് 1826-ലും 1836-ലും 1874-ലും ബ്രിട്ടീഷ് മിഷനറിമാർ എത്തിയെങ്കിലും നാഗ-കുക്കി ഗോത്രക്കാർ അവരെ നിരസിക്കുകയായിരുന്നു.

1891-ൽ ബ്രിട്ടീഷുകാർ മണിപ്പൂരിനെ കീഴടക്കി അതിനെ റസിഡന്റ് ഭരണത്തിൻ കീഴിലാക്കി. അതിനെ തുടർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെട്ടു. എന്നിരിക്കിലും, ഹൈന്ദവരായ മെയ്തേയ്കളുടെയിടയിൽ പ്രേഷിതപ്രവർത്തനത്തിന് മിഷനറിമാർക്ക് റസിഡന്റ് അനുവാദം നല്കിയില്ല. വില്ല്യം പെറ്റിഗ്രൂ (William Pettigrew) എന്ന മിഷനറി 1896-ൽ ഉക്രൂൾ എന്ന സ്ഥലത്ത് ഇംഗ്ലീഷ് സ്കൂൾ തുടങ്ങുകയും നാഗന്മാരും കുക്കികളുമടങ്ങിയവർ

> വൈഷ്ണവ മതത്തിനൊപ്പം സനാമഹിയും നിലനിന്ന് പോന്നിരുന്നുവെന്ന് മാത്രമല്ല, സനാമഹി മതത്തിലേക്ക് മടങ്ങണമെന്ന് ചിലർ ശക്തമായി ആവശ്യപ്പെടാനും തുടങ്ങി.

അവിടെ പഠിക്കാൻ തുടങ്ങുകയും പിന്നീട് അവർ ക്രൈസ്തവരായി മാറുകയും ചെയ്തു.

ബ്രിട്ടീഷ് റസിഡന്റുമാർ ബാപ്റ്റിസ്റ്റുകളെയും പ്രെസ്ബിറ്റേറിയന്മാരെയും മാത്രമേ മിഷനറി പ്രവർത്തനത്തിന് അനുവദിച്ചിരുന്നുള്ളൂ. എന്നാൽ, 1950-കളിൽ ഡിബ്രുഗാർ രൂപതയിലെ ബിഷപ്പായ ഒരേസ്റ്റസ് മരേംഗോ (Bishop Orestes Marengo) എന്ന സലേഷ്യൻ മെത്രാന്റെ ശ്രമഫലമായി കത്തോലിക്കാ സഭയും മിഷനറി പ്രവർത്തനത്തിനെത്തി. അതിനെത്തുടർന്ന് ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, സാമൂഹ്യ ക്ഷേമകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കപ്പെടുകയും അതുമൂലം കുക്കി-നാഗ ഗോത്രങ്ങളുടെയിടയിൽ വലിയ സാമൂഹ്യമാറ്റമുണ്ടാവുകയും ചെയ്തു.

ഒട്ടേറെപ്പേർ ഐ.എ.എസ്, ഐ.പി.എസ് തുടങ്ങിയ പരീക്ഷകൾ പാസ്സായി ഗവൺമെന്റിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്താൻ തുടങ്ങി. അങ്ങനെ, മലനിരയിലുള്ള നാഗ-കുക്കി വർഗക്കാർ


www.malankaralibrary.com

സാമ്പത്തികമായും സാമൂഹികമായും ഉയർന്നുവരികയും അവർ ഇംഫാൽ സമതലത്തിൽ സ്ഥലം വാങ്ങാനും നല്ല വീടുകൾ വയ്ക്കാനും സ്ഥാപനങ്ങൾ പടുത്തുയർത്താനും തുടങ്ങുകയും ചെയ്തു. മാത്രമല്ല, പരമ്പരാഗത നാഗ-കുക്കി ഗോത്രതലവന്മാരുടെ അടിമത്വത്തിൽ നിന്ന് സ്വതന്ത്രരായി വ്യക്തിസ്വാതന്ത്ര്യത്തോടുകൂടിയ പുതിയൊരു കൂട്ടമായി ഇവർ നഗരസമൂഹത്തിന്റെ എണ്ണപ്പാളിയായി രൂപപ്പെടാനും തുടങ്ങി.

## സാംസ്കാരിക സംഘർഷം

സാമ്പത്തികമായും സാമൂഹികമായും വളർച്ച പ്രാപിച്ച നാഗ-കുക്കി ഗോത്രക്കാർ ഇംഫാൽ നഗരത്തിൽ കുടിയേറി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിലും ശാസ്ത്ര-സാങ്കേതിക-സാമൂഹ്യ മേഖലകളിലുമെല്ലാം ആധിപത്യം സ്ഥാപിക്കാൻ തുടങ്ങിയത് താഴ്വരയിലെ മെയ്തേയ്കളിൽ ഞെട്ടലും ക്ഷോഭവും ഉളവാക്കി. തങ്ങൾ ശൂദ്രരായി കണ്ടിരുന്നവർ തങ്ങളുടെ മേലധികാരികളായി മാറിയതും അവരുടെ ഒപ്പും നിർദേശവും സ്വീകരിച്ച് ജീവിക്കേണ്ടിവന്നതും മാനസികമായി മെയ്തേയികളെ അരക്ഷിതരാക്കി.

നാഗ-കുക്കി ഗോത്രവർഗക്കാരുടെ അഭ്യുന്നതിയ്ക്ക് കാരണമായി മെയ്തേയികൾ കണ്ടത് ക്രൈസ്തവ മതത്തിന്റെ സ്വാധീനമാണ്. അതോടൊപ്പം, 18-ാം നൂറ്റാണ്ടിലെ ഹൈന്ദവവല്ക്കരണത്തിലൂടെ തങ്ങൾക്ക് ഒന്നും നേടാനായില്ല എന്ന തിരിച്ചറിവും അവരെ ഹതാശരാക്കി. കൂടാതെ, ഉയർന്ന ഉദ്യോഗങ്ങൾ നാഗന്മാർക്കും കുക്കികൾക്കും ലഭിക്കാൻ കാരണം അവർ ഗോത്രവർഗക്കാരായതു കൊണ്ടാണെന്നും മെയ്തേയികൾ ധരിച്ചു. ഇവിടെ ഓർക്കേണ്ട ഒരു കാര്യം, 1950- കളിൽ ട്രൈബൽ പദവി മെയ്തേയികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടും അന്ന് അവരത് നിരസിക്കുകയാണുണ്ടായത്. അതോടൊപ്പം, ട്രൈബൽ കാർഡുണ്ടെങ്കിലേ മലകളിൽ ഭൂമി സ്വന്ത



www.malankaralibrary.com

മാക്കാൻ സാധിക്കുവെന്നതും അവർ തിരിച്ചറിഞ്ഞു. ഈ കാരണങ്ങളാൽ തങ്ങൾക്കും ഗോത്രവർഗ പദവി വേണമെന്ന് മെയ്തേയികൾ വാദിക്കാൻ തുടങ്ങി.

സനാമഹിയും വൈഷ്ണവമതവും പിൻചെന്നിട്ടും തങ്ങൾക്ക് വേണ്ടത്ര പുരോഗതിയുണ്ടാവാത്തത് തിരിച്ചറിഞ്ഞ ചില മെയ്തേയ്കൾ, ക്രൈസ്തവ മതത്തിലേക്ക് മതം മാറി. മാത്രമല്ല, മെയ്തേയ്കൾക്ക് രക്ഷയുണ്ടാവണമെങ്കിൽ ക്രൈസ്തവരാവണമെന്ന് രാമാനന്ദയെപ്പോലുള്ള മെയ്തേയ് ക്രൈസ്തവർ പ്രസംഗിക്കാൻ തുടങ്ങി. അതോടൊപ്പം, ഹിന്ദുമതത്തെയും സനാമഹിയെയും അവയിലെ ചില ആചാരങ്ങളെയും പുച്ഛിക്കുകയും അവഹേളിക്കുകയും ചെയ്തത് പലരെയും ക്ഷോഭിപ്പിക്കുകയും അതിനുപകരം ചോദിക്കണമെന്ന ചിന്ത ഉയരുകയും ചെയ്തു. അതേസമയം തന്നെ, ഹിന്ദുത്വയുടെ പ്രചാരകർ വർഷങ്ങളായി സനാമഹികളെയും വൈഷ്ണവരെയും തീവ്രവാദികളാക്കാനും അവരുടെയിടയിൽ ഇതര മതവിദ്വേഷം വളർത്താനും ശ്രമിച്ചുകൊണ്ടിരുന്നു.

കുക്കികളുടെ സഹായത്തോടെ 2017-ൽ അധികാരം പിടിച്ചെടുത്ത ബിജെപിയും മുഖ്യമന്ത്രിയായ ബീരൻസിങ്ങും ആരംഭത്തിൽ നാഗ-കുക്കി ഗോത്രങ്ങളോട് അനുകൂലമായ നിലപാട് സ്വീകരിച്ചെങ്കിലും പിന്നീട് കുക്കികളോട് ശത്രുതാപരമായ നിലപാട് സ്വീകരിച്ചു. നാർകോ-ടെററിസ്റ്റുകൾ, വനം കയ്യേറ്റക്കാർ, അഭയാർത്ഥികൾ എന്നിങ്ങനെ അവരെ അധിക്ഷേപിച്ച് സംസാരിക്കുകയും അവർക്കെതിരെ ശിക്ഷണ നടപടികൾ എടുക്കുകയും ചെയ്തു. ഇത് കുക്കികളെ രോഷാകുലരാക്കി. അവരെ പാഠം പഠിപ്പിക്കുമെന്ന് മുഖ്യമന്ത്രി ബീരൻസിംഗ് പരസ്യമായി പ്രസ്താവിക്കുകയും കൂടി ചെയ്തതോടെ മാനസികമായി ഇരുകൂട്ടരും ഏറെ അകന്നു.

ഇതിനിടയിലാണ് ആക്ടിംഗ് ചീഫ് ജസ്റ്റിസ് മെയ്തേയികൾക്ക് ഗോത്രവർഗ പദവി നല്കുന്ന കാര്യത്തിൽ നാല് ആഴ്ചകൾക്കുള്ളിൽ കേന്ദ്രഗവൺമെന്റിന് കത്തയക്കാനുള്ള ഉത്തരവ് നല്കിയത്. ഈ ഉത്തരവിനെതിരായി മെയ് മൂന്നാം തിയതി അഖില മണിപ്പൂർ ട്രൈബൽ വിദ്യർത്ഥി യൂണിയൻ നടത്തിയ സോളിഡാരിറ്റി മാർച്ച് അക്രമാസക്തമായി. ലഹളയും കൊള്ളിവയ്പ്പും കൊലയും അരങ്ങുതകർത്തു. കുക്കികളും മെയ്തേയ്കളും രണ്ട് ധ്രുവങ്ങളിലേക്ക് അകന്നു മാറി, രണ്ട് രാജ്യങ്ങളെപ്പോലെയായി.

ഇതിനിടയിൽ, നാഗന്മാർ തന്ത്രപരമായി ഇരുകൂട്ടരുടെയും കൂടെ കൂടാതെയും മധ്യസ്ഥശ്രമങ്ങൾ നടത്താതെയും സമരദൂര നിലപാട് സ്വീകരിച്ചു. ഭരണകൂടത്തിന്റെ സഹായം മെയ്തേയ്കൾക്കൊപ്പമായിരുന്നതായി നിരീക്ഷകർ വിലയിരുത്തുന്നു. ഭരണകൂടം നിശ്ചലമായതായി, ക്രമസമാധാനം അമ്പേ തകർന്നതായി സുപ്രീംകോടതി വിമർശിക്കുകയും കടുത്ത നടപടികളിലേക്ക് നീങ്ങുമെന്ന് മുന്നറിയിപ്പ് നല്കുകയും ചെയ്തു.

വളരെയേറെ താമസിച്ച് കേന്ദ്രനേതാക്കൾ മണിപ്പൂരിലെത്തിയെങ്കിലും മണിപ്പൂരിനെപ്പറ്റിയുള്ള പ്രധാനമന്ത്രിയുടെ മൗനവും മറ്റെല്ലാറ്റിനെയും പറ്റിയുള്ള അദ്ദേഹത്തിന്റെ വാചാലതയും പ്രതിപക്ഷത്തെയും നിഷ്പക്ഷമതികളെയും ഉത്കണ്ഠാകുലരാക്കുന്നു. യൂറോപ്പും അമേരിക്കയും പോലുള്ള രാഷ്ട്രകൂട്ടായ്മകൾ സംഘടിതമായി മണിപ്പൂർ കലാപത്തെ അപലപിക്കുന്നു. അതേസമയം ഇന്ത്യൻ ഭരണകൂടത്തിന്റെ അക്ഷന്തവ്യമായ നിശബ്ദത എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെയാകുന്നു.

> ശൂദ്രരായി കണ്ടിരുന്നവർ തങ്ങളുടെ മേലധികാരികളായി മാറിയതും അവരുടെ ഒപ്പും നിർദേശവും സ്വീകരിച്ച് ജീവിക്കേണ്ടിവന്നതും മാനസികമായി മെയ്തേയികളെ അരക്ഷിതരാക്കി.

ഹണ്ടിംഗ്ടണിന്റെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷത്തിന്റെ നേർപതിപ്പായി മണിപ്പൂർ കലാപത്തെ കാണേണ്ടിവരും. ക്രൈസ്തവവല്ക്കരിക്കപ്പെട്ട സമൂഹം വിദ്യാഭ്യാസത്തിലൂടെ സാമ്പത്തിക, സാമൂഹ്യ നിലകളിലേക്കുയർന്നപ്പോൾ ഹൈന്ദവവല്കരണത്തിലൂടെ ഉച്ചനീചത്വവും സാമൂഹ്യവിഭജനവും സംഭവിച്ച ജനതയുടെ ആക്രാന്തങ്ങളാണ് ഈ ആക്രമണത്തിന്റെ ബാക്കിപത്രം.

ഭൂതകാലത്തെ സുവർണയുഗമായി കണ്ട് ഭാവിയെ പടുത്തുയർത്താൻ ശ്രമിക്കുന്നവരുടെ മൗഢ്യം ഇതിൽ കൂടുതൽ എങ്ങനെ വ്യക്തമാകാനാണ്. പുരോഗതിയും ശാന്തിയും സൗഹാർദവും നിലനിന്നിരുന്ന മണിപ്പൂരിനെ കബന്ധങ്ങൾ നൃത്തം ചെയ്യുന്ന കലാപഭൂമിയാക്കിയ സൈന്താദ്ധിക കാര്യകർത്താക്കളെ, കാലം നിങ്ങൾക്ക് മാപ്പുതരില്ല. ■

www.malankaralibrary.com



# പിടയുന്നു കുക്കി

ഫാ. മാർക്ക്

മണിപ്പൂർ സംഘർഷം മെയ്തേയികളും കുക്കികളും തമ്മിലായിരുന്നു. എന്നാൽ ഇതിനൊരു മൂകസാക്ഷിയുണ്ട് – നാഗന്മാർ. ഇനി വരുന്ന പേജുകളിൽ ഈ മൂന്നുകൂട്ടരും ഉൾപ്പെടുന്ന ഒരു സംവാദമാണ്. മൂവരുടെയും പ്രതിനിധികൾ സംസാരിക്കുന്നു.

എന്റെ നാട് സുഗുണുവാണ്. ഞാനും എന്റെ പൂർവികരും ജനിച്ചതും വളർന്നതും അവിടെയാണ്. ഞാൻ പഠിച്ച സ്കൂൾ അവിടുത്തെ ഹയർ സെക്കണ്ടറിയാണ്. ഞാൻ പള്ളിയിൽ പോയിരുന്നത് സെന്റ് ജോസഫ്സ് ഇടവകയിലാണ്.

എന്നാൽ, സുഗുണു ഇന്ന് ദുരന്ത ഭൂമിയാണ്, അപ്പൊകാലിപ്റ്റിക് ലുക്കാണ് ഇന്ന് സുഗുണുവിന്. ആറായിരിത്തിന് മുകളിൽ കുടുംബങ്ങളാണ് സുഗുണുവിലും അതിന്റെ പരിസര ഗ്രാമങ്ങളിൽ നിന്നും ഓടിക്കപ്പെട്ടത്. അക്രമവുമായി 'അരംബായ് തെങ്ങോൾ' വരുന്നെന്നു കേട്ടതേ കൈയിൽ കിട്ടിയതും എടുത്തു ജീവനും കൊണ്ട് ഓടുകയായിരുന്നു ജനം.

അവരുടെ സ്വതന്ത്ര വിളയാട്ടമായിരുന്നു. വീടുകൾ ഇടിച്ചു നിരത്തി, ഞങ്ങളുടെ സെന്റ് ജോസഫ്സ് പള്ളി കത്തിച്ചു, എഫ്സിസി മഠം തകർത്തു, ഹയർ സെക്കണ്ടറി സ്കൂൾ തകർത്തു. ഞാൻ പഠിച്ചു വളർന്ന സ്ഥലമാണ് ആ പള്ളിയും മഠവുമൊക്കെ. പതിറ്റാണ്ടുകൾക്ക് മുമ്പ് എഫ്സിസി സിസ്റ്റേഴ്സ് ആദ്യമായി വന്നപ്പോൾ അവരെ സ്വീകരിക്കാൻ ഒത്തുകൂടിയവരുടെ കൂട്ടത്തിൽ കൊച്ചുകുട്ടിയായിരുന്ന ഞാനുമുണ്ടായിരുന്നു. ഞങ്ങളെയൊക്കെ പഠിപ്പിച്ച് വളർത്തിയത് ആ അമ്മമാരാണ്. സി. അലോഷ്യ, സി. ഹ്യുബർട്ട്, സി. ഹെൻറി, സി. മേരി കസീന്ത... അങ്ങനെ എത്രപേർ. അവരാണ് എന്നെ ഇംഗ്ലീഷ് പഠിപ്പിച്ചത്.

## ആസൂത്രണം ചെയ്ത ആക്രമണം

ഒരു കാര്യം ഉറപ്പാണ്. ഇത്രയും അക്രമാസക്തമായ സംഘർഷം വളരെ യാദൃശ്ചികമായി നടന്നതായിരിക്കില്ല; മറിച്ച് കൃത്യമായ പദ്ധതി പ്രകാരം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതാണ്. കുക്കി മേഖലകളിലെ ഭൂമി കൈവശമാക്കാമെന്ന സ്വപ്നമായിരിക്കാം അവരെ ഈ ആക്രമണത്തിലേക്ക് നയിച്ചത്.

## പ്രധാന കാരണങ്ങൾ?

പല കാരണങ്ങൾ ഉണ്ടെങ്കിലും അടിസ്ഥാന കാരണം ഭൂമി തന്നെയാണെന്ന് പറയാം. മണിപ്പൂരിന്റെ മുക്കാൽ ഭാഗം ഭൂമിയും മലകളാണ് അത് ഗോത്ര വർഗങ്ങളുടേതാണ്. നേരെമറിച്ച് സമതലമെന്ന് പറയാവുന്നത് കാൽ ഭാഗമേ ഉള്ളുവെങ്കിലും അവിടെ അധിവസിക്കുന്നത് മൊത്തം ജനസംഖ്യയുടെ മുക്കാൽ ഭാഗമാണ്. അതിനാൽ തന്നെ സമതലത്തിലുള്ള ആൾക്കാർ അല്പംകൂടെ ഭൂമി മല മേഖലകളിൽ ആഗ്രഹിക്കുക സ്വാഭാവികം.

സംഘർഷം പൊട്ടിമുളയ്ക്കാനുള്ള ഒരു അന്തരീക്ഷം ഭൂമിയുടെ അസന്തുലിതമായ ഈ കൈവശാവകാശത്തിൽ തന്നെയുണ്ട്. അതുകൊണ്ട് മലനിരകളിലുള്ളവർ മറ്റുള്ളവരെ കൂടി ഉൾക്കൊള്ളാൻ തയ്യാറാകണം. അതിനുള്ള സംവിധാനം സംഭാഷണത്തിലൂടെ ഉരുവായി വരണം.

## റിസർവ് ഫോറസ്റ്റിന്റെ അതിർത്തിയിടൽ!

വന സംരക്ഷണം ആവശ്യമാണെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. എന്നാൽ, വനത്തിന്റെ അവകാശികളായ ഗോത്രങ്ങളെ വിശ്വാസത്തിലെടുക്കാതെ റിസർവ് ഫോറസ്റ്റ് പ്രഖ്യാപിച്ച് അതിന് അതിർത്തി വരയ്ക്കാൻ തുടങ്ങിയപ്പോഴാണ് പ്രശ്നം തുടങ്ങിയത്.

നമ്മൾ ജീവിക്കുന്ന ഗ്രാമത്തിൽ നമ്മുടെ വീടിന്റെ മുമ്പിലൂടെയാണ് വനാതിർത്തി വരച്ച് ബോർഡ് വച്ചത്. കൗതുകകരമായ കാര്യം കുക്കി പ്രദേശങ്ങളിൽ മാത്രമേ സർക്കാർ ഇത് ചെയ്തുള്ളു. നാഗാ പ്രദേശങ്ങളെ അവർ ഒഴിവാക്കി. ഇതൊരു വലിയ വിവേചനമായിരുന്നു.

www.malankaralibrary.com



യിരുന്നെങ്കിലും അവർക്കിടയിൽ ഇതുവരെ വലിയ ഐക്യമൊന്നുമില്ലായിരുന്നു. എന്നാൽ, ഈ പ്രതിസന്ധി വന്നപ്പോൾ സ്വയം പ്രതിരോധിക്കാനായി ഒരുമിച്ച് നിൽക്കുകയല്ലാതെ മറ്റ് മാർഗമൊന്നുമുണ്ടായിരുന്നില്ല. അവരിപ്പോൾ ഒരു ഭരണസമിതിക്ക് കീഴിലാണ് വർത്തിക്കുന്നത്.

## യുദ്ധസ്മാരകത്തിന്റെ ആക്രമണവും അരംബായ് തെങ്ങോളും!

റാലി അതിൽ തന്നെ സമാധാന പൂർണമായിരുന്നു. എന്നാൽ, ഗോത്രവർഗക്കാർ ഞങ്ങൾക്ക് എതിരാണ്, അവർ ഞങ്ങളുടെ അവകാശങ്ങളെ പ്രതിരോധിക്കാൻ ശ്രമിക്കുന്നുവെന്ന തരത്തിലായിരുന്നു മെയ്തേയികളുടെ പ്രതികരണം. അത് ശരിക്കും അമിതപ്രതികരണമായിപ്പോയി.

ആംഗ്ലോ-കുക്കി യുദ്ധത്തിന്റെ സ്മാരകമായിരുന്ന ചുരചന്ദ്പൂരിലെ ശതാബ്ദി ഗേറ്റ് തകർത്തത് കുക്കി വികാരത്തെ വ്രണപ്പെടുത്തി. ആ രാത്രി തന്നെ താഴ്വരയിൽ, ഇംഫാൽ പട്ടണത്തിൽ കുക്കികൾ കൊല ചെയ്യപ്പെട്ടു, അവരുടെ വീടുകളും പള്ളികളും കത്തിച്ചു, അനേകർ പ്രാണരക്ഷാർത്ഥം പട്ടാള ക്യാംപുകളിൽ അഭയം തേടി. 'അരംബായ് തെങ്ങോൾ' ആണ് ഇതിന് നേതൃത്വം കൊടുത്തത്. സംസ്ഥാന പൊലീസും ഇതിന് കൂട്ടു നിന്നു.

## ആദ്യം കുക്കികൾ, പിന്നീട് നാഗന്മാർ

രണ്ടാമത്തെ കാരണമെന്ന് പറയാവുന്നത്, മെയ് മൂന്നാം തീയതി ട്രൈബൽ ജില്ലകളിൽ റാലി നടന്ന അന്ന് രാത്രി താഴ്വരയിൽ താമസിച്ചിരുന്ന കുക്കികൾ ആക്രമിക്കപ്പെട്ടു, അനേകം പേർ കൊല്ലപ്പെട്ടു, കുക്കികളുടെ വീടുകൾക്കും പള്ളികൾക്കും സ്ഥാപനങ്ങൾക്കും തീയിട്ടു.

നാഗന്മാരല്ലാത്ത ഗോത്രങ്ങളാണ് റാലിക്ക് ആഹ്വാനം ചെയ്തതെങ്കിലും നാഗന്മാരുടെ പൂർണ പിന്തുണ റാലിക്കുണ്ടായിരുന്നു. പക്ഷേ, സംഘർഷം അക്രമാസക്തമായപ്പോൾ അതിന്റെ മുഴുവൻ ആഘാതമേറ്റത് കുക്കികൾക്കാണ്.

മെയ്തേയികൾ കുക്കികളെ 'സോഫ്റ്റ് ടാർജെറ്റ്' ആയി കരുതിയിരിക്കാം. അതിനാൽ, ആദ്യം കുക്കികളെ കൈകാര്യം ചെയ്യാം, അതിനുശേഷം നാഗന്മാരെ കൈകാര്യം ചെയ്യാമെന്നതായിരിക്കാം അവരുടെ പദ്ധതി.

## കുക്കി, മിസോ, ചിൻ ഗോത്രങ്ങൾ കൈകോർക്കുന്നു!

പക്ഷേ, മെയ്തേയികൾ പ്രതീക്ഷിച്ചതിന് ഘടകവിരുദ്ധമായി ശക്തമായ പ്രതിരോധം അവർക്ക് നേരിടേണ്ടിവന്നു. കുക്കി, മിസോ, ചിൻ എന്നീ മൂന്ന് ഗോത്രങ്ങൾ പൊതു പൈതൃകം അവകാശപ്പെടുന്നുണ്ടാ

## ഭാവി

പലയിടങ്ങളിൽ നിന്നും സമാധാന ചർച്ചയ്ക്കുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. പക്ഷേ, അതിനുള്ള അന്തരീക്ഷമാണ് ആദ്യം ഉണ്ടാകേണ്ടത്. കാരണം, ഉണ്ടായിരിക്കുന്ന മുറിവ് വളരെ ആഴമുള്ളതാണ്. ഇപ്പോഴും ഇരുവരുടെയും അതിർത്തികളിൽ പരസ്പരമുള്ള വെടിവയ്പ്പും പ്രക്ഷോഭവും അനുദിനമെന്നോണം തുടരുകയാണ്. വെടിനിർത്തലാണ് ആദ്യം നടപ്പിൽ വരുത്തേണ്ടത്. അതിന് കേന്ദ്ര സർക്കാർ ഇടപെടണം. സംസ്ഥാന ഭരണം പൂർണമായി പരാജയപ്പെട്ടിട്ടും എന്തുകൊണ്ടാണ് ഇതുവരെയും പ്രസിഡന്റ് ഭരണം ഇവിടെ ഏർപ്പെടുത്താത്തത്?

അതോടൊപ്പം കേന്ദ്ര സർക്കാർ സമാധാന സംഭാഷണത്തിനായുള്ള ടീമിനെ അയക്കണം. ഞങ്ങളുടെ തലസ്ഥാന നഗരിയിൽ ഞങ്ങൾക്ക് ഇപ്പോൾ പ്രവേശനമില്ല. ആ സ്ഥിതി മാറണം. തലസ്ഥാനം ഞങ്ങൾക്ക് അഭിഗമ്യമാക്കണം. ■

*(ഫാ. മാർക്കുമായുള്ള സുദീർഘമായ അഭിമുഖത്തിന്റെ വീഡിയോ താമസിയാതെ ലഭ്യമാക്കുന്നതാണ്)*

www.malankaralibrary.com



# കരയുന്നു മെയ്തേയ്

ഫാ. ജോയ്സൺ എംഎസ്ടി

കുക്കികളെ അപേക്ഷിച്ച് മെയ്തേയ് ക്യാമ്പുകളുടെ എണ്ണം കുറവാണ്. ഒരു മെയ്തേയ് ക്യാമ്പ് സന്ദർശിച്ചതിന്റെ അനുഭവം പങ്കുവക്കുന്നു. അതോടൊപ്പം ഈ സംഘർഷത്തെ മെയ്തേയികൾ കാണുന്ന രീതി (പേജ് 32-ലെ ബോക്സ് കാണുക) അവരുടെ ഒരു പ്രതിനിധി പങ്കുവയ്ക്കുന്നു.

രചന ഒരു മെയ്തേയ് യുവതിയാണ്. ഇംഫാൽ അതിരൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയിൽ (ഡിഎസ്എസ്) വച്ചാണ് അവളെ കണ്ടുമുട്ടിയത്. അവളുടെ സംസാരത്തിൽ മുഴുവൻ മെയ്തേയ് സമൂഹത്തിന്റെ നൊമ്പരങ്ങളായിരുന്നു. സംഭാഷണത്തിനൊടുവിൽ അവൾ ഞങ്ങളെ മെയ്തേയികളുടെ ഒരു ദുരിതാശ്വാസ ക്യാമ്പിലേക്ക് കൂട്ടിക്കൊണ്ടു പോയി. ഫുഡ് കോർപ്പറേഷന്റെ കീഴിലുള്ളൊരു കെട്ടിടം. അതിനുള്ളിലാണ് നൂറ്റിഇരുപത്തഞ്ചോളം കുടുംബങ്ങൾ താമസിക്കുന്നത്. ഏകദേശം അറുന്നൂറിന് മുകളിൽ ആൾക്കാർ. അതിൽ പൂർണ ഗർഭിണികളും അടുത്തയിടെ പ്രസവം കഴിഞ്ഞ അമ്മമാരും കുട്ടികളും ചെറുപ്പക്കാരും വൃദ്ധരുമൊക്കെയുണ്ട്.

ആളുകളെ കണ്ടുകണ്ട് പോയപ്പോൾ ഒരു വൃദ്ധൻ മുമ്പോട്ട് വന്ന് സ്വയം പരിചയപ്പെടുത്തി: ''ഞാൻ ഒരു അധ്യാപകനാണ്. മുപ്പത്തിയെട്ട് വർഷം ഒരു കത്തോലിക്കാ സ്കൂളിൽ പഠിപ്പിച്ചതാണ്. എത്രയോ കുട്ടികളെ ഞാൻ പഠിപ്പിച്ചു! അക്കൂട്ടത്തിൽ കുക്കികളും മെയ്തേയികളുമുണ്ടായിരുന്നു; ക്രിസ്ത്യാനികളും ഹിന്ദുക്കളുമുണ്ടായിരുന്നു. ബാപ്റ്റിസ്റ്റുകളും കത്തോലിക്കരുമുണ്ടായിരുന്നു. ഇത്തരമൊരു ദുരവസ്ഥ ഞങ്ങൾക്ക് ഉണ്ടാകുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും അന്ന് കരുതിയിരുന്നില്ല.''

ഇത് പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞു; തൊണ്ട ഇടറി; സംസാരം നിർത്തി. അല്പം കഴിഞ്ഞ് അദ്ദേഹം തുടർന്നു: ''ദുരന്തം വന്നപ്പോൾ എല്ലാവരും ഞങ്ങൾക്ക് എതിരായി. അയൽക്കാർ ഞങ്ങൾക്ക് അന്യരായി. വീടും സമ്പാദ്യങ്ങളും വിട്ടുപേക്ഷിച്ച് ഞങ്ങൾക്ക് ഓടി പോരേണ്ടി വന്നു. ഞങ്ങൾ ജനിച്ചു വളർന്ന നാട്ടിൽ ജീവിക്കാൻ ഞങ്ങൾക്ക് അവകാശമില്ലേ?'' ഇത് പറയുമ്പോൾ അദ്ദേഹത്തിന്റെ സ്വരം പരുഷമായി.

''ഞങ്ങൾ ഇന്ത്യക്കാരല്ലേ? ഇന്ത്യൻ മണ്ണിൽ ഞങ്ങൾക്കും അവകാശമില്ലേ? പ്രധാനമന്ത്രിയോടും കേന്ദ്ര സർക്കാരിനോടും ഞങ്ങൾ യാചിച്ചു. ഞങ്ങൾ തിരഞ്ഞെടുത്ത സംസ്ഥാന സർക്കാരും ഇവിടുണ്ട്. ആരും വായ് തുറക്കുന്നില്ല. ആരും ഒന്നും ചെയ്യുന്നുമില്ല. ഞങ്ങൾക്കും ഞങ്ങളുടെ കുഞ്ഞുങ്ങൾക്കും ഇവിടെ സമാധാനമായി ജീവിക്കണം. അതിനിനി എന്നു സാധിക്കും?''

ഒരു സ്ത്രീയാണ് ക്യാമ്പ് രൂപീകരിച്ചിരിക്കുന്നതും അതിന് നേതൃത്വം കൊടുക്കുന്നതും. മറ്റു ക്യാമ്പുകളെ അപേക്ഷിച്ച് വളരെ നല്ല രീതിയിൽ സംഘടിപ്പിച്ചിരിക്കുന്ന ക്യാമ്പാണിത്. എ, ബി, സി, ഡി എന്നീ നാലു ബ്ലോക്കുകളായിട്ടാണ് ഇതിനെ വിഭജിച്ചിരിക്കുന്നത്. പക്ഷേ, കൃത്യമായി എല്ലാവർക്കും ഭക്ഷണം പോലും എത്തിക്കാൻ പലപ്പോഴും ഇവർക്ക് കഴിയുന്നില്ല. മാന്യമായി കിടന്നുറങ്ങുന്നതിനാവശ്യമായ സൗകര്യങ്ങളും കുറവാണ്. കിടക്കാനായി ബെഡ് ഇല്ല, ബെഡ് ഷീറ്റ് ഇല്ല. ആകെ രണ്ടു നേരമേ സാധാരണ ഇവർ ഭക്ഷണം കഴിക്കാറുള്ളൂ. എന്നിരിക്കിലും, ദിവസം ഒരു നേരം പോലും ഒരു നല്ല ഭക്ഷണം കഴിക്കാനുള്ള വഴി ഇപ്പോഴില്ല.

അധികം അറിയപ്പെടാത്ത ഒരു ക്യാമ്പാണിത്. അതിനാൽ തന്നെ അധികമാരും സഹായവുമായി

www.malankaralibrary.com




ഇവിടെത്താറില്ല. പലരും മെയ്തേയ് സമൂഹത്തെ വില്ലന്മാരായി കാണുന്നത് കൊണ്ടുകൂടിയായിരിക്കാമെന്ന ഉത്ക്കണ്ഠയും ചിലർ പങ്കുവച്ചു. ഞങ്ങൾ ഉടനെ പുറത്തുപോയി അവർക്ക് അത്യാവശ്യം പ്രഭാത ഭക്ഷണത്തിനുള്ള അവലും ബിസ്ക്കറ്റും മറ്റ് ഭക്ഷണസാധനങ്ങളും വാങ്ങി തിരിച്ചെത്തി.

കുട്ടികളുടെ വിദ്യാഭ്യാസമാണ് ഇവർ അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നം. സുഗുണുവിലെ കത്തോലിക്കാ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന ഒരു കുട്ടിയുടെ അച്ഛൻ ചോദിച്ചു: ''എനിക്ക് രണ്ടു മക്കളാണ്. ഒരാൾ രണ്ടാം ക്ലാസ്സിലും മറ്റേയാൾ എൽകെജിയിലുമാണ് പഠിച്ചിരുന്നത്. അവിടെ നിന്നുമാണ് ഞങ്ങൾക്ക് ഓടിപ്പോരേണ്ടി വന്നത്. എന്റെ മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കണം; നല്ല മൂല്യങ്ങൾ അവർക്ക് കിട്ടണം.''


ഇത് പറഞ്ഞിട്ട്, അടുത്തെവിടെയാണ് കത്തോലിക്കാ സ്കൂൾ ഉള്ളതെന്ന് അയാൾ ഞങ്ങളോട് ചോദിച്ചു. തന്റെ കുട്ടികളെ കൂടി അവിടെ ചേർക്കാൻ പറ്റുമോന്നും. പക്ഷേ, ഈ കാര്യത്തിൽ ഇവർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ആരുടേയും കൈയിൽ സർട്ടിഫിക്കറ്റ് ഒന്നും തന്നെയില്ലായെന്നതാണ്. പിന്നെ എങ്ങനെ കുട്ടികൾക്ക് എവിടെയെങ്കിലും അഡ്മിഷൻ കിട്ടും? ക്യാമ്പിൽ ഒരുതരം നോൺ ഫോർമൽ വിദ്യാഭ്യാസം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ, അതുകൊണ്ടുമാത്രം കാര്യമില്ലല്ലോ.

എൺപത്തിയഞ്ച് ദിവസം കഴിഞ്ഞു, തങ്ങളുടെ വീടും നാടും വിട്ടോടി ഈ ക്യാമ്പിലെത്തിയിട്ട്. മധ്യവസ്കയായ ഒരു അമ്മച്ചി പറഞ്ഞു: 'ഞങ്ങളുടെ സ്വന്തം നാട്ടിൽ ഞങ്ങൾ അഭയാർഥികളായി കഴിയുകയാണ്. ഇവിടെ ഞങ്ങൾക്ക് ഒരു സമാധാനവുമില്ല. കിടന്നുറങ്ങുമ്പോൾ പോലും ഞങ്ങളുടെ ഉള്ളിൽ ഭീതിയാണ്, ആരെങ്കിലും രാത്രിയിൽ ആക്രമിക്കാൻ വരുമോയെന്ന പേടി. ഇനി എത്ര നാൾ ഇതുപോലെ മുമ്പോട്ട് പോകും? ഒരു മനുഷ്യന്റെ ആയുസ് കൂടിയാൽ എഴുപത് എൺ

www.malankaralibrary.com

# മെയ്തേയികൾക്ക് പറയാനുള്ളത്

മോയിറാങ്തേം ദെബാജിത് സിങ്, *കാക്ചിങ് ജില്ല*



മേജർ ജിമൂദും കൂട്ടുകാരും മെയ്തേയ് ക്യാമ്പിൽ

കുക്കിലാൻഡിന് വേണ്ടിയുള്ള കുക്കികളുടെ ദീർഘകാലത്തെ ആവശ്യവും നാർക്കോ-ഭീകരതയുമാണ് ഈ സംഘർഷത്തിനുള്ള പ്രധാന കാരണം. പോപ്പി (കറുപ്പ്) തോട്ടങ്ങൾക്കെതിരെയും റിസർവ് വനം നശിപ്പിക്കുന്നതിനെതിരെയും മ്യാൻമറിൽ നിന്നുള്ള അനധികൃത കുടിയേറ്റത്തിനെതിരെയും സർക്കാർ സ്വീകരിച്ച നടപടികളാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് ആരംഭം കുറിച്ചത്.

മെയ് 3-ന് ചുരചാന്ദ്പൂരിൽ സംഘടിപ്പിച്ച ആദിവാസി ഐക്യദാർഢ്യ റാലിയുടെ മറവിൽ കുക്കികൾ ചുരചാന്ദ്പൂരിലും ടോർബങിലും മെയ്തേയ് വീടുകൾ കത്തിക്കാൻ തുടങ്ങി. ഈ അക്രമത്തിൽ അവർ അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുകയും നിരപരാധികളായ മെയ്തേയികളെ വധിക്കുകയും ചെയ്തു.

അതിനെതുടർന്ന് മെയ്തേയികളും അക്രമമാർഗത്തിൽ തിരിച്ചടിക്കാൻ തുടങ്ങി. അങ്ങനെയാണ് സംഘർഷം തുടങ്ങിയതും പടർന്നു പിടിച്ചതും. വീണ്ടും മെയ് 28-ന് കുക്കികൾ മല-അടിവാരങ്ങളിൽ സ്ഥിതി ചെയ്യുന്ന നിരവധി മെയ്തേയി ഗ്രാമങ്ങളെ ഒരേസമയം ആക്രമിക്കുകയും അവരുടെ വീടുകൾ കത്തിക്കുകയും ആളുകളെ കൊല്ലുകയും ചെയ്തു.

## എങ്ങനെയെല്ലാം ബാധിച്ചു?

1. 70000-ലധികം കുടുംബങ്ങൾ പലായനം ചെയ്യുകയും നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.
2. നൂറിലധികം മെയ്തേയികൾ കൊല്ലപ്പെട്ടു.
3. 2000-ലധികം മെയ്തേയികൾക്ക് പരിക്കേറ്റു.
4. അനേകം വിദ്യാർത്ഥികളുടെ പഠനം മുടങ്ങി.
5. കുക്കി തീവ്രവാദികളുടെ വെടിവയ്പ്പ് ഭയന്ന് കർഷകർക്ക് അവരുടെ നെൽപ്പാടങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല.
6. നിരവധി മെയ്തേയ് ആരാധനാലയങ്ങൾ നശിപ്പിക്കപ്പെട്ടു.

## പരിഹാരങ്ങൾ?

1. വെടിനിർത്തലാണ് ആദ്യം വേണ്ടത്. അതായത്, ഇരുകൂട്ടരും അക്രമം ഉടനടി അവസാനിപ്പിക്കണം.
2. നിഷ്പക്ഷ നേതാക്കൾ ഇടപെട്ട് ഇരുവിഭാഗത്തെയും സംഭാഷണത്തിന്റെ മേശയിലേക്ക് കൂട്ടിക്കൊണ്ടുവരണം. ഉദാഹരണത്തിന് മതനേതാക്കളും വിവിധ സുദായങ്ങളിലെ സാമൂഹ്യ-സാംസ്കാരിക നേതാക്കളും ഇതിന് നേതൃത്വം കൊടുക്കണം.
3. കുക്കി കലാപകാരികളുടെ പെരുമാറ്റച്ചട്ടങ്ങൾ വിലയിരുത്തലിന് വിധേയമാകണം.
4. ഇരു വിഭാഗത്തിലെയും ദുരിതബാധിതരായവർക്ക് ഉടനടി ഉചിതമായ പുനരധിവാസവും ഇതര സഹായങ്ങളും കൊടുക്കണം. ■

www.malankaralibrary.com

പത് വർഷമാണ്. ഈ ജീവിതകാലത്ത് അനുഭവിക്കാൻ പറ്റുന്ന നന്മകളൊക്കെ അനുഭവിക്കാൻ ഞങ്ങൾക്ക് ഇനി സാധിക്കുമോ? ഞങ്ങൾക്ക് സ്വന്തമായി വീടില്ല, സ്ഥലമില്ല, ജോലിയില്ല, സമ്പത്തില്ല...'' സംസാരിച്ചവരെല്ലാം തന്നെ ഇതേ വികാരമാണ് പങ്കുവച്ചത്.

അസം റൈഫിൾസിന്റെ ഒരു സംഘം പട്ടാളക്കാർ ക്യാമ്പിലെത്തിയിരുന്നു. അതിന്റെ മേജർ ഒരു മലയാളിയായിരുന്നു, മേജർ ജിമൂദ്. അവരുടെ പട്ടാള ക്യാമ്പ് അടുത്തുതന്നെയാണ്. അദ്ദേഹം മുൻകൈയെടുത്ത് നാട്ടിലെ കൂട്ടുകാരെയും ചെറുപ്പക്കാരെയുമൊക്കെ സംഘടിപ്പിച്ചിട്ട് ഇവിടെ ദുരിതാശ്വാസ ക്യാമ്പിൽ സഹായം എത്തിക്കുകയാണ്. അവർ ഒത്തിരി കാര്യങ്ങൾ ചെയ്യുന്നത് കണ്ടപ്പോൾ മലയാളിയെന്ന നിലയിൽ സന്തോഷവും അഭിമാനവും തോന്നി. അദ്ദേഹത്തോട് അവർ പറഞ്ഞു: ''മേജർ, ഞങ്ങൾക്ക് സമാധാനമാണ് വേണ്ടത്. ഞങ്ങളുടെ സ്വന്തം നാട്ടിൽ ഞങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ പറ്റണം.''

ഒരു പ്രതിസന്ധിയിലും നിരാശപ്പെടരുതെന്ന്, തളരരുതെന്ന് അദ്ദേഹം അവരോട് പറഞ്ഞു. പ്രശ്നം വളരെയേറെ രാഷ്ട്രീയമായി ഉപയോഗപ്പെടുത്തപ്പെട്ടു. അതിനാലാണ് ഇത് ഇത്രയേറെ വഷളായതെന്ന് അദ്ദേഹം വിശദീകരിച്ചു. കേട്ടുകൊണ്ടിരുന്ന ആൾക്കാരും അതിനോട് യോജിച്ചു. തങ്ങളുടെ പ്രതിനിധികളായി തങ്ങൾ തിരഞ്ഞെടുത്തവർതന്നെ തങ്ങളെ ഈ നിലയിൽ എത്തിച്ചല്ലോയെന്ന ക്ഷോഭമായിരുന്നു പലരുടെയും വാക്കുകളിൽ നിറഞ്ഞു നിന്നത്.

ചെറുപ്പക്കാരോടും കുട്ടികളോടും മേജർ പറഞ്ഞു: ''ഈ പ്രതിസന്ധി മാറും. നിങ്ങൾ പഠിക്കണം; മാനുഷിക മൂല്യങ്ങൾ സ്വായത്തമാക്കണം. നിങ്ങളുടെ കുടുംബത്തിനും സമൂഹത്തിനും നാടിനും അഭിമാനവും മാതൃകയുമായി നിങ്ങൾ ജീവിക്കണം.'' അവരെ പ്രചോദിപ്പിക്കാനും ഭാവിയിലേക്ക് പ്രതീക്ഷയുള്ളവരാക്കാനും സഹായിക്കുന്ന ജീവിതകഥകളും അദ്ദേഹം പറയുന്നുണ്ടായിരുന്നു.

കഴിഞ്ഞ കുറെ ദിവസങ്ങളായി ഞാൻ നിരവധി ദുരിതാശ്വാസ ക്യാമ്പുകളിൽ പോയിട്ടുണ്ട്. എന്നാൽ, ഇതുവരെ കണ്ടതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു ഈ ക്യാമ്പ്. മിക്കവാറും മറ്റെല്ലാ ക്യാമ്പുകളും തന്നെ നിഷ്ക്രിയവും നിർജീവവുമായിരുന്നെങ്കിൽ ഈ ക്യാമ്പ് കുറേക്കൂടി സജീവവും പ്രത്യാശാനിർഭരവുമായിരുന്നു. ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ നിലനിൽക്കുമ്പോൾ തന്നെ തങ്ങളെ കാണാൻ വരുന്നവരോടൊക്കെ ഇവർ സ്നേഹത്തോടെ പെരുമാറുകയും ബഹുമാനത്തോടെ സംസാരിക്കുകയും ചെയ്യുന്നു. സന്ദർശിക്കാൻ വരുന്നവരോടൊക്കെയുള്ള നന്ദിയും കടപ്പാടും അവർ അറിയിക്കുന്നു; ഇത്രയും ദൂരത്തുനിന്ന് ബുദ്ധിമുട്ടി വന്നതിനും സഹായങ്ങൾ എത്തിക്കാൻ കാണിക്കുന്ന നല്ല മനസ്സിനും അവർ നന്ദി പ്രകടിപ്പിക്കുന്നു. എല്ലാത്തിലും ഉപരിയായി തങ്ങളുടെ ദുഃഖത്തിൽ പങ്കുചേരാൻ കാണിച്ച ഹൃദയവിശാലതയോടായിരുന്നു പലരും പ്രതികരിച്ചത്.

തിരിച്ചെത്തിയപ്പോൾ ഈ ക്യാമ്പിനെക്കുറിച്ച് രൂപതാ കേന്ദ്രത്തിൽ പങ്കുവച്ചു. കാരിത്താസ് ഇന്ത്യ വഴിയും രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റി വഴിയും നമ്മുടെ സഹായങ്ങൾ മിക്ക ക്യാമ്പുകളിലും തന്നെ എത്തുന്നുണ്ട്. മെയ്തേയികളുടെയും കുക്കികളുടെയും ക്യാമ്പുകളിലും; കത്തോലിക്കർ നേതൃത്വം കൊടുക്കുന്ന ക്യാമ്പുകളിലും ബ്രദറൻ സഭക്കാരും മറ്റു ക്രിസ്ത്യൻ സഭകളും ക്രമീകരിക്കുന്ന ക്യാമ്പുകളിലും. പക്ഷേ, ഈ ക്യാമ്പിനെക്കുറിച്ച് കഴിഞ്ഞ ദിവസം അറിഞ്ഞതേയുള്ളൂ. അതാണ് അവിടെ സഹായം എത്താൻ വൈകിയത്.

> അവർക്കും ഞങ്ങൾക്കും ഇവിടെ സമാധാനത്തോടെ ഒരുമിച്ച് ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകണം. കാരണം, ഇന്ത്യ എല്ലാവരുടെയും നാടാണ്.''

ഇതിനിടയിൽ മെഡിക്കൽ ഡോക്ടേഴ്സിന്റെ ഒരു എൻജിഒ വന്നപ്പോൾ ക്യാമ്പിലെ അംഗങ്ങൾ പറഞ്ഞു: ''അവർക്കും (എതിരാളികൾക്കും) ഞങ്ങൾക്കും ഇവിടെ സമാധാനത്തോടെ ഒരുമിച്ച് ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകണം. കാരണം, ഇന്ത്യ എല്ലാവരുടെയും നാടാണ്.'' ഇത്തരം പ്രചോദനാത്മകമായ ചിന്തയും സംസാരവും സംഘർഷ ഫലമായുണ്ടാകുന്ന ക്യാമ്പുകളിൽ ദുർലഭമായിരിക്കുമല്ലോ. തിരിച്ച് നാട്ടിലേക്ക് പോയാലോ എന്നാലോചിക്കുമ്പോഴായിരുന്നു ഈ ക്യാമ്പ് സന്ദർശനം. എന്നാൽ, കുറേനാൾ കൂടി മണിപ്പൂരിൽ തങ്ങാനായിരുന്നു രചനയുടെ ക്യാമ്പ് തന്ന പ്രചോദനം. ■

www.malankaralibrary.com



# നിശബ്ദം നാഗ

ഫാ. ഫ്രാൻസീസ് വിയാലോ
*നാഗാ വൈദികൻ*

മണിപ്പൂർ സംഘർഷത്തിൽ കക്ഷിചേരാതെ മാറി നിൽക്കുന്നവരാണ് നാഗന്മാർ. അവർക്ക് എന്താണ് പറയാനുള്ളത്? നാഗവൈദികനും, ഇംഫാൽ രൂപതയുടെ എക്കോണമറുമായി ഫാ. വിയാലോ സംസാരിക്കുന്നു.

സത്യത്തിൽ ഈ സംഘർഷത്തിന് ഒരൊറ്റ കാരണം ചൂണ്ടിക്കാട്ടാനാവില്ല. മറിച്ച് ഒരു പറ്റം കാരണങ്ങൾ കൂടിക്കലർന്നാണ് ഇത്തരമൊരു അക്രമാസക്തമായ സംഘർഷം രൂപപ്പെട്ടത്. അതിൽ പ്രധാനപ്പെട്ടത്, ഇവിടത്തെ ഗോത്രവർഗക്കാരുടെയിടയിൽ (കുക്കികളുടെയിടയിലും നാഗന്മാരുടെയിടയിലും) ദീർഘകാലമായി നിലനില്ക്കുന്ന അസന്തുഷ്ടിയാണ്.

അതായത്, തങ്ങൾക്ക് അവകാശപ്പെട്ട ന്യായമായ വീതം ഭരണത്തിൽ തങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ഗോത്രവർഗക്കാരുടെ ചിന്തയാണത്. ഇത് ദീർഘകാലമായുള്ള അവരുടെ പരാതിയാണ്. ഇതിന് പ്രധാന കാരണം, മണിപ്പൂർ അസംബ്ലിയിലെ സീറ്റ് വിഭജന രീതിയാണ്. അറുപത് സീറ്റുകളുള്ള മണിപ്പൂർ നിയമസഭയിലെ നാല്പത് സീറ്റുകൾ താഴ്വരയിലെ മെയ്തേയികൾക്കായി മാറ്റി വച്ചിരിക്കുന്നു. ബാക്കി ഇരുപത് സീറ്റേ ഗോത്രവർഗക്കാർക്കുള്ളൂ. അറുപത് പേരുള്ള ഒരു അസംബ്ലിയിൽ ഇരുപത് പേരെ വച്ചുകൊണ്ട് നിങ്ങൾക്ക് എന്തു നേടിയെടുക്കാനാവും?

## മെയ്തേയികളുടെ പരാതി

അതേസമയം, മെയ്തേയികളുടെ പരാതി, മണിപ്പൂരിന്റെ വിശാലമായ ഭൂസമ്പത്തിന്റെ ബഹുഭൂരിഭാഗവും തങ്ങൾക്ക് സംലഭ്യമല്ലായെന്നതാണ്. മനോഹരവും കൃഷിയോഗ്യവുമായ മലനിരകൾ കൈയിൽ കാശുണ്ടെങ്കിലും തങ്ങൾക്ക് സ്വന്തമാക്കാനാവില്ലെന്ന ആവലാതി. ഇതിന്റെ പശ്ചാത്തലത്തിലാണ് ഗോത്രവർഗ (ST) പദവിക്കുവേണ്ടിയുള്ള അവകാശവാദം അവർ ഉന്നയിക്കുന്നത്.

## കുക്കി ബ്യൂറോക്രാറ്റുകൾ

ഗോത്രവർഗ പദവിയുമായി ബന്ധപ്പെട്ട മറ്റൊരു കലഹം കൂടിയുണ്ട്. മണിപ്പൂരിലെ ഉയർന്ന ബ്യൂറോക്രാറ്റുകളിൽ ഏറെപ്പേർ ഗോത്രവർഗക്കാരാണ്. അത്, അവരുടെ ഗോത്രവർഗ പദവി മൂലം അവർ നേടിയെടുത്തതാണെന്നാണ് മെയ്തേയികളുടെ ചിന്ത. അത് പൂർണമായി ശരിയാകണമെന്നില്ല. കാരണം, കാലാകാലങ്ങളായി മെയ്തേയികൾ കൂടുതലായും മെഡിസിൻ, എഞ്ചിനീയറിങ് മുതലായ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രാമുഖ്യം കൊടുത്തത് കൊണ്ട് കൂടിയാണിത് സംഭവിച്ചത്.

## തീപ്പൊരിയും പൊട്ടിത്തെറിയും

ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ മണിപ്പൂർ സർക്കാർ വന്യമൃഗ സംരക്ഷണ പ്രദേശങ്ങളും റവന്യു വനഭൂമിയുമൊക്കെ അടയാളപ്പെടുത്താനുള്ള ശ്രമം തുടങ്ങി. കുറെ കുക്കി ഗ്രാമങ്ങളെ ഇതിന്റെ പേരിൽ അവർ ഒഴിപ്പിച്ചു വിട്ടു. തൽഫലമായി, കുക്കികൾ സർക്കാർ ശ്രമങ്ങളെ ചെറുക്കാനും തടങ്ങി.

ഇത്തരം വിവിധ കാരണങ്ങളാൽ മണിപ്പൂർ ഒരു പൊട്ടിത്തെറിയുടെ വക്കിലെത്തിയിരുന്നു. ചെറിയൊരു തീപ്പൊരി മതിയായിരുന്നു പൊട്ടിത്തെറിക്കാനും അത് ആളിപ്പടരാനും. മെയ് മൂന്നാം തീയതി നടന്ന ഗോത്രവർഗ വിദ്യാർത്ഥികളുടെ റാലിയും അതിനോടനു

www.malankaralibrary.com



ബന്ധിച്ചുണ്ടായവയും ആ തീപ്പൊരിയായി മാറിയെന്ന് മാത്രം.

## നാഗന്മാർക്ക് മധ്യസ്ഥത വഹിച്ചുകൂടെ?

അതും വളരെ സങ്കീർണമായൊരു കാര്യമാണ്. 1990-കളിൽ കുക്കികളും നാഗന്മാരുമായി വളരെ രൂക്ഷമായ സംഘർഷമുണ്ടായിട്ടുണ്ട്. അത് രണ്ടു മൂന്ന് വർഷം നീണ്ടു നിൽക്കുകയും ചെയ്തു. മൂന്ന് പതിറ്റാണ്ട് കഴിഞ്ഞിട്ടും അതിന്റെ മുറിവുകൾ കുറേപ്പേരുടെ മനസ്സിലെങ്കിലും തീർത്തും ഉണങ്ങിയിട്ടുണ്ടെന്ന് പറയാനാവില്ല. അതോടൊപ്പം, നാഗന്മാരുടെ വീക്ഷണത്തിൽ അവരുടെ വളരെയേറെ ഭൂമി കുക്കികൾ കൈയേറി സ്വന്തമാക്കി വച്ചിട്ടുണ്ട്.

ഇത്തരമൊരു സാഹചര്യത്തിൽ പൂർണ ആത്മാർത്ഥതയോടെ ഒരു നിഷ്പക്ഷ മധ്യസ്ഥന്റെ റോൾ വഹിക്കാൻ നാഗന്മാർക്ക് പറ്റുമോന്ന് തോന്നുന്നില്ല. കാരണം, ആരുടെ കേസാണ് ഞങ്ങൾ വാദിക്കാൻ ശ്രമിക്കേണ്ടത്. മെയ്തേയികളുടെ ഭാഗം വാദിക്കാൻ ശരിക്കും ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. മറിച്ച് കുക്കികളുടെ ഭാഗം വാദിക്കാൻ പോയാൽ ഞങ്ങൾക്കായിരിക്കും അവസാനം നഷ്ടം സംഭവിക്കുക.

ഇവിടെ സന്ധിസംഭാഷണത്തിന് പോയാൽ അതിനിടയിൽ മധ്യസ്ഥന്റെ അവകാശങ്ങൾ തന്നെ അപകടത്തിലാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അങ്ങനെ സംഭവിച്ചാൽ മധ്യസ്ഥനും അവസാനം പ്രശ്നത്തിന്റെ ഭാഗമായി മാറും; പ്രശ്നം കൂടുതൽ വഷളാവുകയും ചെയ്യും.

ഇതുകൂടാതെ, നാഗന്മാർ കേന്ദ്ര സർക്കാരുമായി സമാധാന സംഭാഷണത്തിലാണ്. വിശാലമായ നാഗാലാന്റ് (Greater Nagaland) എന്നും ഞങ്ങളുടെ ആവശ്യമായിരുന്നു. ഇപ്പോൾ കുക്കികൾ വസിക്കുന്ന കുറെ സ്ഥലങ്ങൾ വിശാല നാഗാലാന്റിൽ ഉൾപ്പെടുന്നതാണ്. അതിനാൽ, കുക്കികൾ ഞങ്ങളുടെ ഈ ആവശ്യത്തിന് അനുകൂലമല്ല.

## എങ്കിൽ, എന്താണ് പരിഹാരം?

പരിഹാരം വളരെയേറെ ബുദ്ധിമുട്ടാണ്. വിട്ടുവീഴ്ച ചെയ്യാനും പൊറുക്കാനുമൊക്കെ നമുക്ക് ആവശ്യപ്പെടാം. എന്നാൽ, അടിസ്ഥാന പ്രശ്നം മാറണമെങ്കിൽ ഗോത്രവർഗക്കാർക്ക് ഭരണത്തിൽ അവരുടെ പങ്കു ലഭിക്കണം. അത് കൊടുക്കാതെ, എങ്ങനെയെങ്കിലും സമാധാനം സംസ്ഥാപിച്ചാലും പിന്നെയും മറ്റൊരു സംഘർഷം ഉണ്ടാകും. കാരണം, ഗോത്രവർഗക്കാരുടെ ആവലാതികൾ സത്യസന്ധമായി ചർച്ച ചെയ്യപ്പെടുന്നില്ല, പരിഹരിക്കപ്പെടുന്നില്ല.

കുക്കികൾ ആവശ്യപ്പെടുന്നത് വിഭജനമാണ്. എന്നാൽ, മെയ്തേയികൾ അത് അംഗീകരിക്കില്ല. കാരണം, വിഭജിച്ചാൽ അവരുടെ സ്ഥലം വളരെ പരിമിതമായ എഴുന്നൂറ് ചതുരശ്ര കിലോമീറ്ററിൽ ഒതുങ്ങും. അതിനും പുറമെ മെയ്തേയ് വാസഭൂമിക്ക് ചുറ്റും ഗോത്രവർഗക്കാരുടെ സ്ഥലമാണ്. ഏതൊരു ചെറിയ പ്രശ്നം ഉണ്ടായാലും ഗോത്രവർഗക്കാർക്ക് മെയ്തേയികളെ ശ്വാസംമുട്ടിക്കാൻ എളുപ്പമാണ്. അതിനാൽ മണിപ്പൂർ വിഭജിക്കാൻ അവർ സമ്മതിക്കില്ല. എന്നാൽ, ഗോത്രവർഗക്കാർക്ക് അവകാശപ്പെട്ടത് കൊടുക്കാനും അവർ തയ്യാറാകുന്നില്ല.

ഗോത്രവർഗക്കാരുടെ കണ്ണിൽ, മണിപ്പൂർ വിഭജിക്കരുതെന്ന് അവർ പറയുന്നതിന്റെ കാരണം ഗോത്രവർഗക്കാരെ അടക്കിഭരിക്കാനുള്ള അവരുടെ അവകാശം വിട്ടുകളയാൻ അവർ തയ്യാറല്ല, അത്ര തന്നെ. എങ്ങനെയാണെങ്കിലും മുൻകൈ എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. നീതിയിലും തുല്യതയിലും അധിസ്ഥിതമായ പരിഹാരമാണ് ആവശ്യം. അത് മാത്രമേ ശാശ്വതമായി നിലനിൽക്കുകയുള്ളൂ. ■

www.malankaralibrary.com



# കമില്ല്യൻ വിളിക്കുന്നു സമാധാന സേനയിലേക്ക്

ഫാ. സിബി കൈതാരൻ MI
*നാഷണൽ കോ-ഓർഡിനേറ്റർ, കമില്ല്യൻ ടാസ്ക് ഫോഴ്സ് ഇന്ത്യ (CTF INDIA)*



മണിപ്പൂരിലെ ആദ്യത്തെ കമില്യൻ മെഡിക്കൽ ടീം

കമില്ല്യൻ ടാസ്ക് ഫോഴ്സ്, കമില്ല്യൻ സന്ന്യാസസമൂഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു ദുരന്തനിവാരണ സംഘടനയാണ്. കമില്ല്യൻ ഡിസാസ്റ്റർ സർവീസ് ഇന്റർനാഷണൽ (CADIS International) എന്ന സംഘടനയുടെ ഇന്ത്യൻ പതിപ്പാണ് കമില്ല്യൻ ടാസ്ക് ഫോഴ്സ് (CTF). ഏതു തരത്തിലുള്ള ദുരന്തമേഖലകളിലും പ്രകൃതി ദുരന്തങ്ങൾ, കലാപങ്ങൾ, യുദ്ധങ്ങൾ, പകർച്ചവ്യാധികൾ മുതലായവ. ഏറ്റവും വേഗത്തിലെത്തിച്ചേർന്ന് ആതുര ശുശ്രൂഷ ഉറപ്പുവരുത്തുകയാണ് CTF ന്റെ പ്രാഥമിക ലക്ഷ്യം. ഡോക്ടർമാരും നഴ്സുമാരും മറ്റ് ആരോഗ്യ പ്രവർത്തകരും സേവനസന്നദ്ധരായ സാമൂഹ്യപ്രവർത്തകരും പരിശീലനം സിദ്ധിച്ചിട്ടുള്ള കൗൺസിലേഴ്സും അടങ്ങുന്നതാണ് CTF ന്റെ സംഘം.

ഏതാണ്ട് 15 വർഷത്തോളം പ്രവർത്തനപാരമ്പര്യമുള്ള CTF ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ഇതിനോടകം തന്നെ നിരവധി ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. വെസ്റ്റ് ആഫ്രിക്കയിലെ സീറോലയോണിൽ എബോള മഹാമാരി പൊട്ടിപ്പുറപ്പെട്ടപ്പോഴും നേപ്പാളിലെ ഭൂമികുലുക്ക ദുരന്തത്തിലും പാക്കിസ്ഥാനിലെ വെള്ളപൊക്കക്കെടുതിയിലും ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലെയും ദുരന്തമേഖലകളിലും CTF ഇതിനോടകം പ്രവർത്തിച്ചു കഴിഞ്ഞു. കോവിഡ് സമയത്ത് ഇന്ത്യയിലുടനീളം വ്യാപകമായ പ്രവർത്തനങ്ങൾക്ക് CTF നേതൃത്വം നല്കി. ഉക്രൈൻ യുദ്ധഭൂമിയിൽ CTFന്റെ മാതൃസംഘടന CADIS ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

കമില്ല്യൻസ് ഇന്ത്യയുടെ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്നേഹദാൻ ഹോസ്പിറ്റലിലാണ് CTFന്റെ ഇന്ത്യയിലെ ആസ്ഥാനം. CTFന്റെ എല്ലാ പ്രവർത്തനങ്ങളും സ്നേഹദാൻ ഹോസ്പിറ്റലിന്റെ സഹകരണത്തോടുകൂടിയാണ് ആസൂത്രണം ചെയ്യുന്നത്.

ഓരോ ദുരന്തമേഖലയിലേയ്ക്കും നിസ്വാർത്ഥമായി സമർപ്പണബുദ്ധിയോടും കരുണയോടും കൂടി ജോലി ചെയ്യാൻ കടന്നുവരുന്ന സന്നദ്ധപ്രവർത്തകരാണ് CTFന്റെ ശക്തി. വിവിധ സന്ന്യാസസഭകളിൽനിന്നുള്ള ബഹുമാനപ്പെട്ട സിസ്റ്റേഴ്സാണ് സന്നദ്ധപ്രവർത്തനത്തിനായി എത്തുന്നവരിൽ ഭൂരിഭാഗ

www.malankaralibrary.com

വും. ബഹുമാനപ്പെട്ട വൈദികരും യുവജന അല്മായ സുഹൃത്തുക്കളും CTFന്റെ പ്രവർത്തനത്തെ കൂടുതൽ ശക്തമാക്കുന്നു. ജാതിമതവർഗദേശഭേദങ്ങളില്ലാതെയാണ് CTFന്റെ ഓരോ പ്രവർത്തനവും.

കമില്ല്യൻ സന്യാസസമൂഹത്തിന്റെ ഇന്ത്യയിലെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ബിജോയ് ജോർജ് ആണ് CTFന്റെ നാഷണൽ ഡയറക്ടർ. സ്നേഹദാൻ ഹോസ്പിറ്റലിന്റെ ഡയറക്ടർ ഫാ. ടെജി തോമസ് CTFന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. ദേശീയതലത്തിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഫാ. സിബി കൈതാരൻ ആണ് CTFന്റെ നാഷണൽ കോ-ഓർഡിനേറ്റർ.

മണിപ്പൂരിൽ ഇംഫാൽ അതിരൂപതയോടും കുക്കി മേഖലയിലെ Feeds Foundation നോടും ചേർന്നാണ് CTFന്റെ മണിപ്പൂരിലെ പ്രവർത്തനങ്ങൾ. അസമിലെ ഗോഹാട്ടിയിലുള്ള CTFന്റെ North East Regional Unit ആണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത്. ഫാ. സൗവാരി സുന്ദർ രാജ് ആണ് CTF നോർത്ത് ഈസ്റ്റ് കോ-ഓർഡിനേറ്റർ.

ഇംഫാൽ അതിരൂപതാ ആർച്ചുബിഷപ് ഡൊമിനിക് പിതാവും വികാർ ജനറൽ വർഗീസച്ചനും FEEDS ന്റെ അസോസിയേറ്റ് ഡയറക്ടർ മാത്യു ചന്ദ്രൻകുന്നേൽ അച്ചനും CTFന്റെ മണിപ്പൂരിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഞങ്ങളെ സഹായിക്കുന്നു. കാംഗ്പോക്ക്പി ജില്ലയിലെ SFS സ്കൂളിലെ റോയിയച്ചൻ കാംഗ്പോക്ക്പിയിലെ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുന്നു. 'കാരുണിക'ന്റെ ജേക്കബ് നാലുപറയിലച്ചൻ മണിപ്പൂർ സന്ദർശിക്കുകയും CTFന്റെ പ്രവർത്തനങ്ങളെ കലവറയില്ലാതെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കാരുണികനും മാംഗ്ലൂർ, ബാംഗ്ലൂർ രൂപതകളും CHAI കർണ്ണാടക സെൻട്രൽ യൂണിറ്റുകളും ഫാ. മുല്ലേഴ്സ് മെഡിക്കൽ കോളജും CODP യും മണിപ്പൂരിലെ പ്രവർത്തനങ്ങളിൽ CTF നൊപ്പം കൈകോർക്കുന്നു.

മണിപ്പൂരിലെ ജനതയെ നമുക്ക് ചേർത്തുപിടിക്കാം. അവരെ സ്നേഹത്തിൽ ഒന്നിപ്പിക്കാനുള്ള പ്രയത്നങ്ങൾക്ക് തുടക്കമിടാം.

CTF ന്റെ മെഡിക്കൽ ടീം മണിപ്പൂരിൽ ഇപ്പോഴും തുടരുകയാണ്. മണിപ്പൂരിലെ ക്യാമ്പുകളിൽ ഡോക്ടേഴ്സും നേഴ്സുമാരും മറ്റു മെഡിക്കൽ സ്റ്റാഫും ഇവിടെ ഏറെ ആവശ്യമാണ്. രണ്ടാഴ്ചത്തേക്കെങ്കിലും നിങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് അവധിയെടുത്ത് മണിപ്പൂരിൽ സേവനം ചെയ്താൽ അത് ആ ജനതയ്ക്ക് വലിയ സഹായകമാകും. സന്മനസ്സുള്ളവർ താഴെ കാണുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

Fr. Siby Kaitharan MI, National Coordinator, Camillian Task Force India, +91 89218 65690; Fr. Bijoy George MI, National Director, Camillian Task Force India, +91 94480 84061; Fr. Teji Thomas MI , Director, Snehadaan Hospital, +91 91106 85171; Fr. Savari Sundar Raj, Regional Coordinator Northeast, Camillian Task Force India, +91 87781 86651; E mail : indiactf@gmail.com ■


## ഒരു കുടുംബത്തിന് ഒരു വീട്

അമ്പതിലധികം ഗ്രാമങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്. ദരിദ്രരായ കർഷകരാണ് ഭവനരഹിതരായ ആളുകളിൽ ഭൂരിഭാഗവും. നിങ്ങളുടെ സഹായം അതെത്ര ചെറുതാണെങ്കിലും നിർധനരായ കുടുംബങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് വച്ചുകൊടുക്കാൻ സഹായകമാകും. ചെലവ് കുറഞ്ഞ ഭവനപദ്ധതിയാണ് നമ്മൾ വിഭാവന ചെയ്തിരിക്കുന്നത്. ഒരു വീടിന് 3,50,000.00 (മൂന്ന് ലക്ഷത്തി അൻപതിനായിരം) രൂപ ചിലവാകും. ഭവന നിർമാണത്തിനുള്ള നിങ്ങളുടെ ഉദാരമായ സംഭാവനകൾ, അതെത്ര ചെറുതാണെങ്കിലും, താഴെ കാണുന്ന അക്കൗണ്ടിലേക്ക് നല്കാവുന്നതാണ്:

Account Name : Diocese of Imphal
SBI Account No. : 37006496262
IFSC code : SBIN0011794
Branch : Mantripukhri, Imphal

*For More Details Please Contact:*
Diocese of Imphal, Archbishop's House
Post Box No. 35, Imphal 795 001, Manipur .
Email:archdioceseimphal@gmail.com
Mobile Contact: 96780 10800
(Fr. Varghese Velickakam)

(N.B.: - Diocese of Imphal is 12A certified Registered Society)

www.malankaralibrary.com



# സമാധാനം എത്ര ദൂരെ?

ആർച്ചുബിഷപ് തോമസ് മേനാംപറമ്പിൽ എസ്ഡിബി

പതിനൊന്ന് വർഷം (1981–1992) ദിബ്രുഗാർ രൂപതയുടെ മെത്രാൻ. തുടർന്ന് ഇരുപത് വർഷം (1992 –2012) ഗോഹാട്ടി അതിരൂപതയുടെ മെത്രാപ്പോലീത്ത. വിരമിക്കലിനു ശേഷം രണ്ടുവർഷം (2014–2016) ജോവായി രൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ. വംശീയ സംഘർഷങ്ങൾ നിറഞ്ഞ അസമിലെ സമാധാന സംസ്ഥാപനത്തിനുള്ള ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പരിഗണിച്ച് 2011-ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

■ **ഇന്നത്തെ പ്രതിസന്ധി ഘട്ടത്തിൽ ഭാരതസഭയ്ക്ക് മണിപ്പൂരിനെ എങ്ങനെയൊക്കെ സഹായിക്കാനാകും?**

എന്റെ അഭിപ്രായത്തിൽ സഭ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് തുടരുകയാണ് ഒന്നാമതായി വേണ്ടത്. അനേകം പേർ സന്നദ്ധസേവകരായി മണിപ്പൂരിലേക്ക് വരുന്നുണ്ട്. വരുന്നവർ ആദ്യം തിരിച്ചറിയേണ്ടത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവർക്ക് മുമ്പേതന്നെ ഇവിടെ നടക്കുന്നുണ്ടെന്ന യാഥാർത്ഥ്യമാണ്. അതുകൊണ്ട് പുതുതായി വരുന്നവർ ആദ്യം ചെയ്യേണ്ടത് ഇവിടുത്തെ പ്രാദേശിക ടീമുമായി കൈകോർത്ത് പ്രവർത്തിക്കുകയാണ്.

അനുഭവത്തിൽ നിന്നാണ് നമ്മൾ പഠിക്കേണ്ടത്. ഇവിടെ പ്രവർത്തിച്ച് തുടങ്ങിക്കഴിയുമ്പോൾ മനസ്സിലാകും നമ്മൾ പ്ലാനിട്ടിരിക്കുന്ന പദ്ധതികളിൽ ചിലത് നല്ലതാണ്, വേറെ ചിലത് ഇവിടത്തെ സാഹചര്യത്തിൽ ഫലപ്രദമാകില്ല എന്നൊക്കെ. അത്തരം തിരിച്ചറിവുകൾക്കനുസരിച്ച് പദ്ധതികൾ പുനഃക്രമീകരിക്കാനുള്ള സന്നദ്ധത നമുക്ക് വേണം.

ദുരിതാശ്വാസം പോലെ തന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് പഠനം മുടങ്ങിയ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റേത്. എങ്ങനെയൊക്കെ ഈ മേഖലയിൽ സഹായിക്കാനാവുമെന്ന് എല്ലാവരും ചിന്തിക്കേണ്ടതാണ്. തുടർവിദ്യാഭ്യാസത്തിനായി കുട്ടികളെ ഇതര പട്ടണങ്ങളിലും സംസ്ഥാനങ്ങളിലുമുള്ള നമ്മുടെ വിദ്യാലയങ്ങളിൽ സ്വീകരിക്കാനും ഉൾക്കൊള്ളാനും പറ്റുമോയെന്ന് ആലോചിക്കണം.

■ **പ്രസ്താവനകൾ**

അവിടെയും ഇവിടെയുമിരുന്ന് പ്രസ്താവനകളിറക്കുന്നതിൽ വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഡൽഹിയിൽ പോയി പ്രധാനമന്ത്രിയുടെ ഓഫീസിന് മുമ്പിൽ പ്രതിഷേധിക്കണമെന്ന് പറയുന്നവരുണ്ട്. അതൊന്നും വലിയ വ്യത്യാസം ഉണ്ടാക്കുമെന്ന് തോന്നുന്നില്ല. അവരുടെ സ്ട്രാറ്റജി നമുക്ക് അറിയാവുന്നതാണ്. തന്ത്രപരമായി ഫലപ്രദമായ മാർഗങ്ങൾ സ്വീകരിക്കുന്നതാണ് പ്രകടനപരമായ നേട്ടങ്ങൾ സൃഷ്ടിക്കുന്നതിലും പ്രധാനം.

മണിപ്പൂരിലെ പ്രശ്നം വളരെയേറെ സങ്കീർണമാണ്. അതുകൊണ്ടുതന്നെ മറ്റൊരിടത്ത് ഇരുന്നുകൊണ്ട് നമ്മൾ കേവല പ്രസ്താവനകൾ ഇറക്കാതിരിക്കുകയാണ് നല്ലത്. അകലെ ഇരുന്നുകൊണ്ട് നടത്തുന്ന പ്രസ്താവനകൾക്ക് ഏറെ പരിമിതികളുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. അകലെ ഇരുന്നുകൊണ്ട് നോക്കുമ്പോൾ കിട്ടുന്ന കാഴ്ചപ്പാടല്ലായിരിക്കും ഇവി

www.malankaralibrary.com



ടെ സംഘർഷ സ്ഥലത്ത് വരുമ്പോൾ കിട്ടുന്നത്. എങ്ങനെയാണെങ്കിലും ഉപരിപ്ലവമായ വിധിപ്രസ്താവനകൾ ഒഴിവാക്കുന്നതായിരിക്കും നല്ലത്.

■ പിതാവിന്റെ നേതൃത്വത്തിൽ സമാധാനത്തിനു വേണ്ടിയുള്ള ചില പരിശ്രമങ്ങൾ നടക്കുന്നുണ്ടല്ലോ.

അത് ശരി തന്നെയാണ്. എന്നാൽ അതിനൊരു ചരിത്ര പശ്ചാത്തലമുണ്ട്. ഇതിന് മുമ്പ് പത്ത് പന്ത്രണ്ട് പ്രാവശ്യം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ വംശീയ സംഘർഷങ്ങളിൽ ഞങ്ങൾ ഇടപെട്ടിട്ടുണ്ട്. പലപ്പോഴും അത് രണ്ട് ഗോത്രങ്ങൾ തമ്മിലായിരിക്കും കലഹം. രണ്ടിലും കുറെയേറെ ക്രിസ്ത്യാനികൾ ഉണ്ടായിരിക്കുകയും ചെയ്യും.

അതുകൊണ്ടുതന്നെ ക്രിസ്ത്യൻ നേതാക്കൾ ഒരുമിച്ച് ഒരു അഭ്യർത്ഥന മുമ്പോട്ട് വയ്ക്കുമ്പോൾ ഇരു കൂട്ടരും അതിനെ ബഹുമാനിക്കാറുണ്ടായിരുന്നു; ഞങ്ങൾ വയ്ക്കുന്ന നിർദ്ദേശങ്ങളെ അവർ വിലമതിക്കുകയും ചെയ്യുമായിരുന്നു. അതിനെ തുടർന്ന് ഇരുവശത്തേയും കുറെ നേതാക്കളെ ഒരുമിച്ച് കൂട്ടുകയും ക്രമേണ ക്രിസ്ത്യൻ നേതാക്കളുടെ സംഘാതമായ നിർദേശങ്ങൾ സ്വീകരിക്കപ്പെടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തുകയും ചെയ്യും.

എന്നാൽ, ഇതിനൊരു അപവാദമുണ്ട്. ക്രോധവും പകയും കത്തി നിൽക്കുന്ന സന്ദർഭത്തിൽ ക്രിസ്ത്യാനികളാണെങ്കിലും മതനേതാക്കൾ പറയുന്നത് അവർ കേൾക്കണമെന്നില്ല. വിദ്വേഷം നിറഞ്ഞു നിൽക്കുമ്പോൾ, പാസ്റ്റർ പാസ്റ്ററിന്റെ കാര്യം നോക്കെന്ന് അവർ പറഞ്ഞെന്നിരിക്കും. അജപാലകന്റെ നൈസർഗികമായ ഉപദേശം (lecturing) ഇത്തരം സാഹചര്യങ്ങളിൽ വിജയിക്കില്ല.

■ എളിമയോടെ കേൾക്കാൻ തയ്യാറാകണം

സംഘർഷബാധിതരായ ഇരു പാർട്ടികളെയും എളിമയോടെ കേൾക്കാൻ തയ്യാറാകുകയാണ് സമാധാന സംസ്ഥാപനത്തിന് ആദ്യം വേണ്ടത്. അവരുടെ ആവലാതികളും സംഭവിച്ചവയെക്കുറിച്ചുള്ള അവരുടെതായ വ്യാഖ്യാനങ്ങളും നമ്മൾ കേൾക്കണം. അവർ പറയുന്ന പലതിനോടും മനസ്സിൽ വിയോജിപ്പ് തോന്നിയാൽ പോലും അവരുടെ വേദനകൾക്ക് നമ്മൾ ചെവി കൊടുക്കണം. മുറിവുകൾ ഉണക്കാനുള്ള ആദ്യപടി ഇതാണ്.

അതിനു ശേഷം അവർ ശാന്തരായിക്കഴിയുമ്പോൾ, അതോടൊപ്പം, സംഘർഷത്തിന്റെ പരിണതഫലങ്ങൾ അവരെ തളർത്തുമ്പോൾ ഉഭയസംഭാഷണത്തിനുള്ള അന്തരീക്ഷം പരുവപ്പെടും. അങ്ങനെ ആരംഭിക്കുന്ന സംഭാഷണത്തിലെയും മുഖ്യഘടകം എതിർകക്ഷിയെ ശ്രദ്ധാപൂർവം കേൾക്കുകയാണ്.

ഇരു ഗ്രൂപ്പിലും സമാധാനത്തിനുള്ള ചെറുസംഘ

www.malankaralibrary.com

ത്തെ രൂപീകരിക്കുന്നത് പ്രധാനപ്പെട്ട സംഗതിയാണ്. അവരിലൂടെ സംഭാഷണത്തിനുള്ള അന്തരീക്ഷം ഇരു ഗ്രൂപ്പിലും നമുക്ക് ഉണ്ടാക്കിയെടുക്കാനാവും. അതിനുശേഷമാണ് അവരുടെ നേതാക്കളെ ഒരുമിച്ച് കൂട്ടിക്കൊണ്ടുവരേണ്ടത്. തീരുമാനങ്ങൾ എടുക്കേണ്ടത് അവരാണ്. സർക്കാരും ഇരു പാർട്ടികളുമാണ് തീരുമാനത്തിൽ പങ്കാളികളാകേണ്ടത്. നമ്മുടെ ദൗത്യം അതിനുള്ള കളമൊരുക്കുകയും അതിനായി ഇരുകൂട്ടരെയും മാനസികമായി ഒരുക്കുകയും ചെയ്യുകയാണ്.

## ■ സർക്കാരിന്റെ പങ്ക്

എന്നാൽ ഇവിടത്തെ പ്രശ്നത്തിൽ സർക്കാർ പങ്കാളിയായിക്കഴിഞ്ഞതാണ് ഏറ്റവും വലിയ പ്രതിസന്ധി. ഇതിനുമുമ്പുള്ള അവസരങ്ങളിലൊക്കെ രണ്ട് സമൂഹങ്ങൾ സംഘർഷത്തിലാകുമ്പോൾ സർക്കാർ നിഷ്പക്ഷമായിരുന്നു. അതുകൊണ്ടു തന്നെ ഒരു പരിഹാരത്തിന് സർക്കാർ തീവ്രമായി ആഗ്രഹിച്ചിരുന്നു. ഉദാഹരണത്തിന് അസമിൽ ഗവർണറും മുഖ്യമന്ത്രിയും ഞങ്ങളുടെ പരിശ്രമങ്ങളെ ഏറെ വിലമതിച്ചിരുന്നു. ഞങ്ങൾ സമാധാന ശ്രമങ്ങൾ തുടങ്ങിയപ്പോൾ തന്നെ സർക്കാർ ഞങ്ങളുടെ പരിശ്രമങ്ങളെ സ്വാഗതം ചെയ്തു; വിശേഷിച്ച്, ഞങ്ങൾ പുരോഗതി ഉണ്ടാക്കുന്നുണ്ടെന്ന് കണ്ടപ്പോൾ.

കാരണം, അവർക്ക് ചെയ്യാൻ സാധിക്കാത്ത ചില കാര്യങ്ങൾ ഞങ്ങൾക്ക് ചെയ്യാൻ കഴിയുമെന്ന് അവർ മനസ്സിലാക്കി. ഞങ്ങൾ, ക്രിസ്ത്യൻ നേതാക്കൾക്ക് ഞങ്ങളുടെ സമൂഹങ്ങളുമായി ഹൃദയബന്ധമുണ്ടായിരുന്നതിനാൽ അവരെ ഒരു തുറന്ന മനോഭാവത്തിലേക്ക് കൊണ്ടുവരാനും അവരെ അനുനയിപ്പിക്കാനും ഞങ്ങൾക്ക് കഴിയുമെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സമാധാനത്തിന്റെ വഴിയിൽ ഞങ്ങൾ പുരോഗതി ഉണ്ടാക്കുന്നുവെന്ന് കണ്ടപ്പോൾ മറ്റ് പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിച്ചിരുന്നവരും ഞങ്ങളുടെ പരിശ്രമങ്ങളെ പിന്തുണക്കാൻ തുടങ്ങി.

എന്നാൽ, ഇവിടെ മണിപ്പൂരിലെ സ്ഥിതി എല്ലാം കൊണ്ടും തികച്ചും വ്യത്യസ്തമാണ്. ഇവിടെ സംഘർഷത്തിലായ ഇരുപാർട്ടികളിൽ ഒരു പാർട്ടി ഗോത്രവർഗമല്ല. അതായത്, ഗോത്രവർഗമല്ലാത്ത ഒരു ഹൈന്ദവ സമൂഹം ഒരു ക്രിസ്ത്യൻ ഗോത്രവർഗവുമായി സംഘർഷത്തിലായിരിക്കുകയാണ്. അതിനും പുറമെ, സർക്കാർ നിഷ്പക്ഷമല്ലതാനും. എന്നിരുന്നാലും ഞങ്ങൾ പ്രതീക്ഷ കൈവിട്ടിട്ടില്ല. സർക്കാരിനെ കുറ്റപ്പെടുത്താനും ഞങ്ങൾ പോയിട്ടില്ല.

## ■ ദെബെൻ ശർമ എന്ന സമാധാന ദൂതൻ

അങ്ങനെ ഏറെ സങ്കീർണമാണ് മണിപ്പൂരിലെ ഈ വംശീയ സംഘർഷം. ഈ യുദ്ധമുഖത്ത് (war-front) സമാധാനമുഖം (peacefront) തുറക്കാനാണ് ഞങ്ങളുടെ പരിശ്രമം. കുക്കികളിൽ മഹാഭൂരിപക്ഷവും കത്തോലിക്കരല്ലെങ്കിലും ക്രിസ്ത്യാനികളാണ്. അതിനാൽ ക്രിസ്ത്യൻ നേതാക്കളിലൂടെ അവരെ നമുക്ക് സ്വാധീനിക്കാനാവും. സമാനമായൊരു സമാധാനമുഖം മെയ്തേയികളുടെ ഭാഗത്ത് എങ്ങനെ തുറക്കാമെന്നായിരുന്നു ഞങ്ങളുടെ ആലോചന.

അങ്ങനെയാണ് ഞങ്ങൾ മിസ്റ്റർ ദെബെനിലേക്ക് എത്തിയത്. അദ്ദേഹം മെയ്തേയി വംശത്തിൽ പെട്ട ഒരു ഹൈന്ദവനാണ്. നേരത്തെ അസമിലുണ്ടായിരുന്നു. അവിടുത്തെ സമാധാന പരിശ്രമങ്ങളിൽ ഞങ്ങളോടൊപ്പം സജീവമായി പ്രവർത്തിച്ചിരുന്ന എന്റെ ഉറ്റ സുഹൃത്തായിരുന്നു. അതുകൊണ്ടു തന്നെ എന്റെ നിർദ്ദേശം അദ്ദേഹം പെട്ടെന്ന് സ്വീകരിച്ചു.

ഞാൻ പറഞ്ഞു, എനിക്ക് മെയ്തേയ് സമൂഹതിലെ എഴുത്തുകാരെയും പ്രൊഫസർമാരെയും റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥരെയും പണ്ഡിതരെയും കാണണം. മെയ്തേയ് സമൂഹം അംഗീകരിക്കുന്നവരും അതേസമയം തന്നെ മറുഭാഗത്തിന് കുറെയൊക്കെ പരിചയമുള്ളവരുമായിരിക്കണം അവർ. എന്തുകൊണ്ടെന്നാൽ, അവർ സംസാരിക്കുമ്പോൾ ഉടനടി പൊതുജനം അംഗീകരിച്ചില്ലെങ്കിൽ പോലും, അവരെ ബഹുമാനിക്കാതിരിക്കില്ല. ആദ്യഘട്ടത്തിൽ അവരിൽ പലരെയും ഞാൻ ഒറ്റക്കൊറ്റയ്ക്ക് കണ്ടു; സമാധാനത്തിന്റെ ഈ ആശയത്തോട് അവർക്കെല്ലാം യോജിപ്പായിരുന്നു.

## ■ ഇന്റർ ഫെയ്ത്ത് ഫോറം ഫോർ പീസ് ആന്റ് ഹാർമണി

അടുത്ത തവണ ഞാൻ ഇംഫാലിൽ വന്നപ്പോൾ ദെബെൻ കുറെ മെയ്തേയ് നേതാക്കളെ ഒരുമിച്ചു കൂട്ടി; പലരും പൊതുസമൂഹം ബഹുമാനിക്കുന്ന മത നേതാക്കളായിരുന്നു. അതിൽ, ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളുമുണ്ടായിരുന്നു. അങ്ങനെ ജൂൺ 5-ന് 'ഇന്റർ ഫെയ്ത്ത് ഫോറം ഫോർ പീസ് ആന്റ് ഹാർമണി' എന്നൊരു സംഘം രൂപീകരിക്കാനായി. ഇംഫാൽ ആർച്ച്ബിഷപ് ഡൊമിനിക്ക് ഈ സംഘത്തിന്റെ കേന്ദ്ര കമ്മിറ്റി അംഗമാണ്.

ജൂൺ 11-ന് ഈ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വലിയൊരു സമാധാന നാലി ഇംഫാൽ നഗരത്തിന്റെ

www.malankaralibrary.com




നടുവിൽ അവർക്ക് സംഘടിപ്പിക്കാനായി; റാലിയുടെ സമാധാന അന്തരീക്ഷം ഉറപ്പുവരുത്താനായി പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിയിരുന്നു. എന്നിട്ടും വിവിധ മതസമൂഹങ്ങളെ പ്രതിനിധീകരിച്ച് അഞ്ഞൂറിലധികംപേർ റാലിയിൽ പങ്കെടുത്തു. ഇപ്പോഴത്തെ മണിപ്പൂരിന്റെ സാഹചര്യത്തിൽ അചിന്തനീയമായൊരു സംഗതിയായിരുന്നു അത്. പൊതുസമൂഹത്തിലെ എല്ലാവരും തന്നെ ഏറെ അതിനെ വിലമതിക്കുകയും ചെയ്തു.

റാലിയുടെ അവസാനം അവർ ഗവർണറെ കണ്ടു; നിർദ്ദേശങ്ങൾ ഗവർണർക്ക് കൈമാറി. അവരുടെ ന്യായമായ നിർദ്ദേശങ്ങൾ ഇന്ത്യൻ പ്രസിഡന്റിന് കൈമാറാമെന്ന് ഗവർണർ വാഗ്ദാനം ചെയ്തു; ഗവർണർ ഇതിനോടകം അത് ചെയ്തു കഴിഞ്ഞെന്നാണ് അറിയുന്നത്. സമാധാനത്തിന് ഉതകുന്നതും ഇരുകൂട്ടർക്കും സ്വീകാര്യവുമായ പ്രസ്താവനകളും പല സന്ദർഭങ്ങളിലായി ഈ ഫോറം പുറപ്പെടുവിക്കുന്നുണ്ട്. മറ്റൊരു ദിവസം നഗരത്തിൽ ഉപവാസ ദിനമായി ആചരിക്കാനും അവർക്ക് കഴിഞ്ഞു.

### ■ എങ്ങനെയാണ് പരിഹാരം

സമാധാന ശ്രമങ്ങളിൽ ഏറെ ശ്രദ്ധിക്കേണ്ട ഒരു സംഗതിയുണ്ട്. അതായത്, ഇരു പാർട്ടികൾക്കും അവരവരുടേതായ താല്പര്യങ്ങളുണ്ടായിരിക്കും. എന്നാൽ, ഈ താല്പര്യങ്ങളുടെ മുൻഗണനാക്രമം തിരിച്ചറിയുകയാണ് ഏറ്റവും പ്രധാനപ്പെട്ടത്. അവരുടെ താല്പര്യങ്ങളിൽ തന്നെ ഒന്നോ രണ്ടോ എണ്ണം അവരുടെ മുഖ്യ താല്പര്യങ്ങളും മറ്റുള്ളവ അപ്രധാന താല്പര്യങ്ങളുമായിരിക്കും. മുഖ്യ താല്പര്യത്തെ അപ്രധാനങ്ങളായവയിൽ നിന്ന് വേർതിരിച്ചറിയാൻ ഇരുകൂട്ടരെയും സഹായിക്കുന്നിടത്താണ് സമാധാനദൂതരുടെ വിജയം അടങ്ങിയിരിക്കുന്നത്.

മുഖ്യ താല്പര്യത്തെ വിട്ടുവീഴ്ച ചെയ്യാതുള്ള പരിഹാരത്തിനേ ആരും തയ്യാറാകൂ. തങ്ങളുടെ മുഖ്യ താല്പര്യം സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പായാൽ മറ്റുള്ളവയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ അവർ തയ്യാറാകും. എതിർപക്ഷവും അവരുടെ ചില താല്പര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാകുന്നതിന് അനുസരിച്ചായിരിക്കും ഇത്.

### ■ മണിപ്പൂരിലെ സമാധാന ശ്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

സംഭാഷണത്തിനുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കാനാണ് നമ്മൾ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്; ഇതാണ് ആദ്യത്തെ കടമ്പ. ഈ ഘട്ടത്തിൽ സംഭാഷണത്തിന്റെ വ്യവസ്ഥകൾ നമ്മൾ ഒരിക്കലും ചർച്ച ചെയ്യില്ല, ചെയ്യരുത്. ആദ്യപടി, യുദ്ധം നിർത്തുക എന്നതാണ്. അതിനെ തുടർന്നാണ് സംഭാഷണത്തിനുള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കേണ്ടത്. അതിനുശേഷമാണ് ഓരോരുത്തരുടെയും മുഖ്യ താല്പര്യം കണ്ടെത്തുകയെന്നത്. ശാന്തമായ അന്തരീക്ഷത്തിൽ മാത്രമേ മുഖ്യ താല്പര്യവും അപ്രധാന താല്പര്യങ്ങളും തമ്മിൽ വേർതിരിച്ചറിയാൻ കഴിയൂ.

### ■ വിജയിക്കുമെന്നുള്ള പ്രത്യാശയുണ്ടോ?

ഇവിടെ കാര്യങ്ങൾ അത്ര എളുപ്പമാകുമെന്ന് തോന്നുന്നില്ല. കാരണം ഒരിക്കലും പൊരുത്തപ്പെടാത്ത പരസ്യ നിലപാടുകളാണ് ഇരുകൂട്ടരും ഇപ്പോൾ എടുത്തിരിക്കുന്നത്. അങ്ങനെയാണെങ്കിലും, തമ്പുരാനിൽ വിശ്വസിച്ചു കൊണ്ടാണ് നമ്മൾ മുമ്പോട്ട് പോകുന്നത്. ഇവിടെ ഓർത്തിരിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്: പരാജയപ്പെടാനുള്ള സന്നദ്ധതയോടെ വേണം നമ്മൾ, സമാധാന സംസ്ഥാപകർ കർമഭൂമിയിലേക്കിറങ്ങാൻ. അസമിലെ സന്ധിസംഭാഷണങ്ങളിലൊക്കെ വിജയിക്കുന്നതിന് മുമ്പ് എത്ര

www.malankaralibrary.com

യോ പ്രാവശ്യം ഞങ്ങൾ പരാജയപ്പെട്ടിട്ടുണ്ടെന്നോ. നമ്മുടെ സുഹൃത്തുക്കൾ തന്നെ നമ്മെ കളിയാക്കുകയും തള്ളിപറയുകയും ചെയ്യുന്ന അവസരങ്ങളുണ്ടാകാം. അതുകൊണ്ട്, ഇവിടെയും ഞങ്ങൾക്ക് വിജയിക്കുമെന്നുള്ള പ്രത്യാശയുണ്ട്, എന്നാൽ പരാജയപ്പെടാനുള്ള സന്നദ്ധതയും ഞങ്ങൾക്കുണ്ട്.

'ഇന്റർ ഫെയ്ത്ത് ഫോറം ഫോർ പീസ് ആന്റ് ഹാർമണിയുടെ' ഏറ്റവും ഒടുവിലത്തെ മീറ്റിങ് കഴിഞ്ഞതിന്റെ പിറ്റേ ദിവസം ഗോഹട്ടിയിലേക്ക് യാത്രയാകുന്നതിന് മുമ്പ്, തോമസ് മേനാപറമ്പിൽ പിതാവ് ഇംഫാൽ ബിഷപ്സ് ഹൗസിൽ കുർബ്ബാനക്കിടെ പറഞ്ഞു: ''ഇന്നലത്തെ മീറ്റിങ്ങിൽ വലിയൊരു സംഭവമുണ്ടായി. കുക്കി സ്ത്രീകളോട് കാണിച്ച ക്രൂരതയുടെ കൂട്ടുത്തരവാദിത്തം തങ്ങൾ ഏറ്റെടുക്കുന്നുവെന്ന് മെയ്തേയ് നേതാക്കൾ പറഞ്ഞു.'' ഇത് പറഞ്ഞിട്ട് അദ്ദേഹം കൂട്ടിച്ചേർത്തു: ''ഇതൊരു വലിയ ചുവടുവയ്പ്പാണ്. അവരുടെ പൊതുസമൂഹം ഇത് സ്വീകരിക്കുമോന്ന് അറിയില്ല. എങ്കിലും ഇതൊരു വലിയ ചുവടുവയ്പ്പു തന്നെ, സമാധാനത്തിന്റെ സുദീർഘമായ പാതയിൽ.'' ■

## മുതിർന്നവർ ധാർമിക ഉത്തരവാദിത്തം ഏറ്റെടുക്കുന്നു




'അസം ടൈംസ്' എന്ന ദിനപ്പത്രം ജൂലൈ 29-ന് റിപ്പോർട്ട് ചെയ്ത വാർത്തയാണിത്. ഇംഫാലിലെ വൈഷ്ണവ സമൂഹത്തിലെ മുതിർന്നവർ തങ്ങളുടെ അപകടരായ യുവാക്കളുടെ ദുഷ്പ്രവൃത്തികളുടെ ധാർമിക ഉത്തരവാദിത്തം ഏറ്റെടുത്ത് അനിശ്ചിത കാല ഉപവാസവും പ്രാർത്ഥനയും പ്രഖ്യാപിച്ചു. വൈഷ്ണവ സനാമഹി സമുദായത്തിന്റെ പേരിൽ 'ഇന്റർ ഫെയ്ത്ത് ഫോറത്തിന്റെ' കൺവീനർ ശ്രീ. ദെബെൻ ശർമയാണ് ഇക്കാര്യം പ്രസ്താവിച്ചത്. ആർച്ച്ബിഷപ് തോമസ് മേനാംപറമ്പിലിന്റെ മൂന്നാമത്തെ ഇംഫാൽ സന്ദർശനത്തോട് (ജൂലൈ 25-27) അനുബന്ധിച്ചായിരുന്നു ഈ പ്രഖ്യാപനം.

മണിപ്പൂർ സംഘർഷത്തിനിടെ സ്ത്രീകൾക്കെതിരെ നടന്ന ക്രൂരതയുടെ ധാർമിക ഉത്തരവാദിത്തം ഏറ്റെടുക്കാനും സംഘർഷം അവസാനിപ്പിക്കാനായി കേന്ദ്രസർക്കാർ ഇടപെടുന്നതുവരെ അനിശ്ചിത കാല നിരാഹാരം നടത്താനും വൈഷ്ണവ സമുദായത്തിൽപ്പെട്ട നിരവധി ഉന്നത നേതാക്കൾക്കൊപ്പം ശ്രീ. ശർമ തീരുമാനിച്ചു.

പരസ്പര ബഹുമാനത്തിന്റെയും സന്മനസിന്റെയും നല്ല മാതൃകയാണ് മുതിർന്നവർ കാണിച്ചിരിക്കുന്നതെന്ന് ആർച്ച്ബിഷപ് പറഞ്ഞു. ''നിങ്ങളുടെ ഈ ഉദാരമായ പ്രവൃത്തി പൊതുസമൂഹത്തിൽ മുഴുവൻ ഉത്തരവാദിത്തബോധം സൃഷ്ടിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അടുത്തയിടെ നടന്നതുപോലുള്ള ദുരന്തങ്ങൾ തടയുന്നതിന് ഇത് കാരണമാകട്ടെ,'' മേനാംപറമ്പിൽ പറഞ്ഞു.

മണിപ്പൂരിൽ സമാധാനവും സ്ഥിരതയും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന് ഊന്നിപ്പറഞ്ഞപ്പോൾ തന്നെ, നിഷേധാത്മക വികാരങ്ങളെ അതിജീവിച്ച് മാന്യമായ സംഭാഷണത്തിനും അനുരഞ്ജനത്തിനുമുള്ള വഴികൾ തേടേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്തമാണെന്നും ആർച്ചുബിഷപ് ഓർമിപ്പിച്ചു. വൈഷ്ണവ നേതാക്കൾ ഇപ്പോൾ പ്രകടിപ്പിച്ച പോലുള്ള ''കൂട്ടായ ഉത്തരവാദിത്തബോധം ബന്ധപ്പെട്ട എല്ലാവരുടെയും ഹൃദയങ്ങളിൽ ഉണരട്ടെ,'' അദ്ദേഹം ആശംസിച്ചു. ■

www.malankaralibrary.com



# ഇസ്രയേലിന് പ്രിയപ്പെട്ട മണിപ്പൂരിലെ യഹൂദർ

മണിപ്പൂരിൽ മുറിവേറ്റ, കൊല്ലപ്പെട്ട, പുറത്താക്കപ്പെട്ട ജനതയിൽ ഗോത്ര യഹൂദരുമുണ്ട്. സിനഗോഗുകളും മതപഠന ശാലയും തീപ്പെട്ടു. പ്രിയപ്പെട്ട ഈ ജനത നേരിടുന്ന അതിക്രമം ഇസ്രയേലിനെ സംബന്ധിച്ച് കണ്ടുനിൽക്കാനാവില്ല. മണിപ്പൂരിന്റെ സമാധാനം അന്താരാഷ്ട്ര വിഷയമാകുന്നത് മുറിവേറ്റ ഈ യഹൂദ ഗോത്ര ജനതയിലൂടെയുമാണ്...

മണിപ്പൂരിലെ ചുരചാന്ദ്പൂരിൽ ഒരു യഹൂദ ഗോത്രമുണ്ട്! 'ബെനെയ് മെനാഷെ.' അതായത് മനാഷെയുടെ സന്തതികൾ. ഇസ്രായേലിന്റെ നഷ്ടപ്പെട്ട പത്ത് ഗോത്രങ്ങളിൽ ഒന്നാണിത്. ഏകദേശം 27 നൂറ്റാണ്ടുകൾക്ക് മുമ്പ് അസീറിയൻ സാമ്രാജ്യം നാടുകടത്തി പ്രവാസികളാക്കിയത് പത്ത് ഗോത്രങ്ങളെയായിരുന്നു. ഇന്ത്യയിൽ മണിപ്പൂരിലും മിസോറാമിലുമാണ് 'ബെനെയ് മെനാഷെ' ഉള്ളത്.

ജറുസലേമിലെ റബ്ബിനിക് കോടതി 2005-ൽ നഷ്ടപ്പെട്ട ഗോത്രങ്ങളിൽ ഒന്നായി ചിൻ-കുക്കി-മിസോസ് ഗോത്രങ്ങളെ അംഗീകരിച്ചു. 2004-ൽ ചുരാചന്ദ്പൂരിൽ ഒരു ഷാവേയ് ഇസ്രായേൽ ഹീബ്രു സെന്റർ സ്ഥാപിക്കപ്പെട്ടു.

2006-ൽ മിസോറാമിൽ നിന്ന് ഇവരിലെ 213 അംഗങ്ങൾ ഇസ്രായേലിലേക്ക് കുടിയേറി. തുടർന്ന് 2007-ൽ മണിപ്പൂരിൽ നിന്ന് 233 കുക്കികൾ കൂടി ഇസ്രായേലിലേക്ക് കുടിയേറി. തങ്ങളുടെ യഹൂദ ബന്ധത്തെക്കുറിച്ച് 1950 കൾ മുതൽ അറിയാമായിരുന്നെങ്കിലും ഇവർ യഹൂദ മതാചാരങ്ങൾ അനുഷ്ഠിക്കാൻ തുടങ്ങിയത് 1970- കളിലാണ്. മണിപ്പൂരിലെ യഹൂദന്മാർ കൂടുതലും താമസിക്കുന്നത് ചുരാചന്ദ്പൂർ, കാംഗ്പോക്പി, തെങ്നൗപാൽ, ഇംഫാൽ, മോറെ, ടുപുൾ എന്നിവിടങ്ങളിലാണ്.

മെയ് 3-ന് ആരംഭിച്ച ഇത്തവണത്തെ സംഘർഷത്തിൽ ഒരാൾ കൊല്ലപ്പെട്ടു, ആയിരത്തിലധികം 'ബെനെയ് മെനാഷെ' അംഗങ്ങൾ കുടിയിറക്കപ്പെട്ടു. രണ്ട് സിനഗോഗുകളും മതപഠനശാലകളും അഗ്നിക്കിരയാക്കപ്പെട്ടു. ■



www.malankaralibrary.com



# മിത്ത് എന്ന വിശദാംശങ്ങളുടെ കാട്

ഫാ. സുനിൽ ofm cap.
*ഡയറക്ടർ, അസീസി ആർട്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കൊല്ലം*

മാധ്യമം ആഴ്ചപതിപ്പ് (*2023 ജൂലൈ 17*) പ്രസിദ്ധീകരിച്ച കെ.പി നിർമൽ കുമാറിന്റെ 'കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ' എന്ന കഥയുടെ ആസ്വാദനം.

ഫിക്ഷന്റെ കല ഒരേ സമയം ആഘ്ലാത ശേഷിയും സ്വാധീനശക്തിയും നമുക്ക് കൊണ്ടുതരും. ഇത് കഥയുടെ രഹസ്യകേന്ദ്രവും ജീവിതത്തിന്റെ അടിസ്ഥാന വസ്തുതയും തമ്മിലുള്ള അടുപ്പമാണ്. ചിലപ്പോഴൊക്കെ ജീവിതത്തേക്കാൾ അധികം സാധുത സമ്മാനിക്കാൻ കഥകൾക്ക് ശക്തി പകരുന്നത് ഈ അടുപ്പമാണ്. ഒരു കഥയുടെ വസ്തുത്വത്തെ ചിലപ്പോഴെങ്കിലും സ്ഥിരീകരിക്കുന്നത് മിത്തിന്റെ ഭാവനാത്മക സഹകരണമാണ്. പഴകിപ്പൊളിഞ്ഞ ഒരു ഭാവനയെ പുത്തൻമട്ടുള്ള വാസ്തുശില്പമാക്കി അവതരിപ്പിക്കാൻ പുരാണങ്ങളുടെ സങ്കേതങ്ങൾ കൂട്ടിവയ്ക്കുന്നതിൽ കമ്പമുള്ള ചില എഴുത്തുകാർ നടത്തുന്ന പ്രയത്നങ്ങളെ നമുക്ക് ചെറുതായി കാണാൻ കഴിയില്ല. വായനക്കാരന്റെ കണ്ണുകൾക്ക് വാണിഭം ചെയ്തെടുക്കാൻ സാധിക്കാത്ത വസ്തുത്വത്തെ ഉൾവിളികൊണ്ടെന്നപോലെയാണ് ചില എഴുത്തുകാർ വായനക്കാരിലേക്ക് കയറ്റി അയക്കുന്നത്.


ചരിത്രാഖ്യാനങ്ങളുടെ അപര്യാപ്തതാബോധത്തെ പലപ്പോഴും പരിഹരിക്കുന്നതു മിത്തുകളാണ്. നാം മിത്തിലും ചരിത്രത്തിലും കണ്ടുമുട്ടുന്ന ശബ്ദങ്ങളും ഗന്ധങ്ങളും ബിംബങ്ങളും പലപ്പോഴും നിത്യജീവിതാനുഭവത്തിൽ സാധിക്കാത്തത്ര ആധികാരികതയോടെ നമുക്ക് അനുഭൂതമായി തീരാറുണ്ട്. ഒരു യാഥാർത്ഥ്യത്തിന്റെ വളരെ അഗാധമായ ബിന്ദുവിലേക്ക് ആഴ്ന്നെത്താൻ ചരിത്രത്തിന്റെയോ മിത്തിന്റെയോ ഒക്കെ സഹായം അനിവാര്യമാണ്. ലോകം കേവലം ഭാവനാസൃഷ്ടിയല്ലല്ലോ. അതുപോലെ തന്നെയാണ് കഥാപാത്രങ്ങളും. ഫിക്ഷനിലെ നിർമിതലോകത്തെ സ്വന്തം ഐന്ദ്രിയാനുഭൂതികളുമായി തട്ടിച്ചു നോക്കാനാണ് വായനക്കാരൻ ശ്രമിക്കുന്നത്.

ഈ ശ്രമത്തെ അടുത്തറിഞ്ഞ എഴുത്തുകാരനാണ് കെ.പി. നിർമൽ കുമാർ. 'കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ' എന്ന കഥ ഒരു കല്പിതകഥയാണ് (fairy tale). ഫിക്ഷനും യാഥാർത്ഥ്യത്തിനുമിടയിലെ ധിഷണയുടെ അസാധാരണത്വമാണ് നിർമൽ കുമാറിന്റെ ഈ കഥ. ചില ടിപ്പണികൾ ഉപയോഗിച്ച് വായിക്കാൻ നിർബന്ധിതമാക്കുന്ന കഥകൾ മുമ്പും നിർമൽ കുമാർ എഴുതിയിട്ടുണ്ട്. അത് ഒരിക്കലും ഭാവനയുടെ മോടിയില്ലായ്മയല്ല, മറിച്ച് അത് ഭാവനയെ ചരിത്രസംബന്ധമായും മിത്തിക്കലായും ചൂടുപിടിപ്പിക്കുന്ന ഒരു വ്യവസ്ഥയാണ്.

## അധികാരത്തെക്കുറിച്ചുള്ള ഭാവവിചാരങ്ങൾ

മിത്തിനെയും ചരിത്രത്തെയും ഒന്നു തൊട്ടുപോകുകയോ അത്തരത്തിൽ മേനിനടിക്കുകയോ ചെയ്യുന്നതിനെ കൗണ്ടർ ചെയ്താലേ കഥയ്ക്കുള്ളിലെ സമകാലിക യാഥാർത്ഥ്യത്തെ കണ്ടുമുട്ടാനാകൂ. വായനക്കാരനെ പ്രയത്നശാലിയാക്കുന്ന കഥാകാരനാണ് നിർമൽകുമാർ. അധികാരത്തിന്റെ പ്രാകൃതരൂപത്തെയും അതിനെച്ചൊല്ലിയുള്ള വികാരങ്ങളെയും വിചാര

www.malankaralibrary.com



മിത്തിന്റെ അർത്ഥത്തെ ചൊല്ലി അശാന്തമാകുന്ന മനസ്സാണ് നിർമൽ കുമാറിന്റേത്. ഒരു ചരിത്രയാഥാർത്ഥ്യത്തെ വൈകാരിക ബോധ്യമാക്കി മാറ്റുന്ന രീതിയാണ് ഈ കഥാകാരൻ അവലംബിക്കുന്നത്. ഭാവനയുടെ സൗജന്യസൽക്കാരമല്ലിത്. മറിച്ച് യാഥാർത്ഥ്യത്തിന്റെ തുറന്നുവയ്പ്പാണ്. കലാപങ്ങളുടെയും യുദ്ധങ്ങളുടെയും വിജയപരാജയങ്ങളുടെയും കാലത്തിലെ അധികാരത്തെക്കുറിച്ചുള്ള ഭാവവിചാരങ്ങളാണ് കഥയിലുള്ളത്. ഊഹങ്ങളുടെ ലഹരി പിടിപ്പിക്കുന്ന മിശ്രിതങ്ങളെ കഥാകാരൻ ഒഴിവാക്കുന്നു. എന്നിട്ട് മിത്തിനുമേൽ അനുഭവങ്ങളുടെ തത്വചിന്തയെയാണ് പ്രതിഷ്ഠിക്കുന്നത്. ചരിത്രത്തിന്റെ അന്യമായ അർത്ഥത്തെ പിടിച്ചുകൊണ്ടുവരുന്ന മിത്താണ് ഇവിടെ അധികാരം സ്ഥാപിക്കുന്നത്. അധികാരം ഇവിടെ സേവനത്തിന്റെ മൂല്യമല്ല. ഇത് വയലൻസിന്റെ തത്വചിന്തയെയാണ് ഉണർത്തിയെടുക്കുന്നത്. ഇവിടെ മിത്തിനെ വിശദീകരിക്കുന്ന ദർശനമായി നിർമൽ കുമാർ കഥയിലേക്ക് വ്യാപിപ്പിക്കുന്നു. അധികാരത്തിന്റെ അങ്ങേത്തലയ്ക്കലുള്ളത് യുദ്ധക്കൊതിയാണെന്നും പിടിച്ചുവയ്പ്പാണെന്നും ഇന്നും അതിന്റെ വേർഷനുകൾ അരങ്ങേറുന്നുണ്ടെന്നും കഥ സ്ഥാപിക്കുകയാണ്.

## ചോദ്യങ്ങളുടെ ഗ്യാലറി

നിർമൽ കുമാറിന്റെ 'കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ' എന്ന കഥയിലുള്ളത് ചോദ്യങ്ങളുടെ ധാതുശകലങ്ങളാണ്. എല്ലാ ഉത്തരങ്ങളും കൗതുകവസ്തുക്കളുടെ സ്വയംനിർമിത പീഠങ്ങളായി മാറുന്നു. പുരാണങ്ങളിലെയും മിത്തുകളിലെയും അധികാരപ്രഭുക്കന്മാരെ സമകാലികമായി എതിർക്കുന്നതിന്റെ ഒരു രൂപരേഖയാണ് ഈ കഥയിലെ ചോദ്യങ്ങൾ. നിർമൽ കുമാർ സമകാലിക ചരിത്രത്തെയും ഭൂതകാലചരിത്രത്തെയും മുൻനിർത്തി അതിന്റെ സത്യാവസ്ഥ തേടുകയാണ്. അതിനുള്ള ടൂളുകളാണ് ഇതിലെ ചോദ്യങ്ങൾ. അസ്തിത്വത്തിന്റെ സാകല്യാവസ്ഥയാണ് പുതിയ ചരിത്രമെന്ന് എഴുത്തുകാരനായ നിർമൽ കുമാർ കരുതുന്നില്ല. അതുകൊണ്ടുതന്നെ ഈ കഥയിലെ ഓരോ ചോദ്യവും നാം ജീവിക്കുന്ന കാലത്തോടുള്ള ആരായലുകളാണ്. ചില ചോദ്യങ്ങളെ ഉദ്ധരിച്ചാൽ നിർമൽ കുമാർ കാലത്തെ ചോദ്യം ചെയ്യുന്നവിധം കൂടുതൽ ബോധ്യമാകും.

1) കൺകെട്ടഴിച്ചു പെറ്റ തള്ള സ്വയം, മക്കളുടെ ഭൗതികാവശിഷ്ടങ്ങൾ ഒന്നൊന്നായി നുള്ളിപ്പെ

ങ്ങളെയും നമ്മുടെ ഉള്ളിൽ ഒളിപ്പിക്കുകയും ചെയ്യുന്ന ഒരു രീതിയാണ് നിർമൽ കുമാർ അവലംബിക്കുന്നത്. ദൈവത്തിന്റെ പരിധിയിലെ പ്രിയപ്പെട്ടവനായി തീരാൻ വയലൻസിനെയും യുദ്ധത്തെയും ഒക്കെ വിശുദ്ധവേലയായി കാണുന്ന (കണ്ടിരുന്ന) ഒരു മിത്തിക്കൽ കൾച്ചർ (mythical culture) നമുക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കഥയിൽ നിർമൽ കുമാർ ചോദിക്കുന്ന ഒരു ചോദ്യത്തിന് ഇന്നും പ്രസക്തിയുണ്ട്.

*''യുദ്ധ ജേതാക്കളെന്ന്*
*അവകാശപ്പെടുന്ന അഞ്ചുപേരും*
*അവരുടെ ഭാര്യയും തിളയ്ക്കുന്ന*
*നെയ്യിൽ ഇരുകൈകളും*
*മുക്കി ജ്വാലാമുഖി ദേവതയുടെ*
*മുമ്പിൽ സത്യം ചെയ്യണം,*
*പാണ്ഡവർ എന്ന വംശീയ*
*കുടുംബമാവും മുമ്പ് അവർ*
*യഥാർത്ഥത്തിൽ പാണ്ഡുപുത്രന്മാർ*
*ആയിരുന്നുവോ?''*

www.malankaralibrary.com

റുക്കി പരിശോധിച്ച് തിരിച്ചറിഞ്ഞല്ലോ നൂറുകൗരവ ജഡങ്ങളും?

2) അരമന വക്താവിനോട് കൊട്ടാരം ലേഖിക ചോദിച്ചു, ''എന്നിട്ടും മാറിയില്ലേ ധൃതരാഷ്ട്രരുടെ മുറുമുറുപ്പ്?''

3) അധികാര ചിഹ്നമായ ചെങ്കോൽ മുതിർന്ന പാണ്ഡവന് ആശംസകളോടെ കൈമാറാതെ എന്തിനാണ് അവരെ കുരുവംശത്തിന്റെ ജനിതകധാര പഠിപ്പിക്കുന്നത്?

കഥകൾ ഭാവോദ്ദീപനശക്തി നേടിയെടുക്കുന്നത് നമ്മുടെ നിത്യജീവിതാനുഭവങ്ങളിൽനിന്നും അനുഭൂതികളിൽനിന്നുമാണ്. അതുമല്ലെങ്കിൽ ജീവിതത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളെ പിടിച്ചെടുക്കുന്നതിൽ നിന്നുമാണ്. ഈ കഥ വെറും ഭാവനയോ മിത്തോ ചരിത്രമോ അല്ല, മറിച്ച് ശക്തവും സമ്പന്നവുമായ ഒരു മനുഷ്യപുരാവസ്തുശേഖരം കൂടിയാണ്. ഒരു കാലത്തിലെ മനുഷ്യരുടെ നന്മകളെ കാറ്റെടുത്തുപോയതിന്റെ രേഖീകരണങ്ങൾ മുഴുവനും ഈ കഥയിലെ ചോദ്യങ്ങളിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ജീവിതത്തിൽനിന്നും നേരിട്ടെടുത്തതും ശൈലീസംശ്ലേഷണംകൊണ്ടു രൂപം മാറാത്തതുമായ ഒരു ചരിത്രത്തെ അഥവാ മിത്തിനെ ചോദ്യങ്ങൾകൊണ്ടാണ് പൂരിപ്പിക്കുന്നത്.

ഖാണ്ഡവ വനം എന്ന അതിവിശിഷ്ട ആവാസവ്യവസ്ഥയെ വളഞ്ഞുകത്തിച്ചു പാടേ നശിപ്പിച്ച പ്രാകൃതപാണ്ഡവരുടെ നീചപ്രവൃത്തിക്ക് നീ വിശ്വപ്രകൃതിയോട് പ്രായശ്ചിത്തം ചെയ്തു. എല്ലാ കലഹങ്ങളും യുദ്ധങ്ങളും പ്രാകൃത സ്വഭാവത്തിലേക്കു കടക്കുമെന്നു തന്നെയാണ് നിർമൽകുമാർ വാദിക്കുന്നത്. കുരുക്ഷേത്രയിൽ യുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ, ക്രാന്തദർശിയായ അച്ഛൻ പറഞ്ഞു- ''മകനേ, നീ ഇവിടെ അരമനയുടെ മുഖ്യ കാവൽക്കാരൻ ആയിരിക്കുക. കോട്ട ഭേദിച്ച് ശത്രു ഉള്ളിൽ വരാതിരിക്കാൻ സൂക്ഷ്മശ്രദ്ധ നീ രാപ്പകൽ ചെലുത്തുക.'' കലാപങ്ങളുടെ കാലത്തിലെ ഭരണദൗത്യത്തെയും കാവലാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമാണ് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് നിർമൽ കുമാർ ഉദ്ബോധിപ്പിക്കുന്നത്.

എല്ലാ ശത്രുതകളും പ്രാകൃതാവസ്ഥ സൃഷ്ടിക്കും. അത് കാലത്തിന്റെ താളിൽ അങ്ങിങ്ങു വിതക്കപ്പെടുന്ന നിർമിത കലാപത്തിലേക്ക് നയിക്കും. അതിൽ രാഷ്ട്രീയ താല്പര്യങ്ങൾ മുങ്ങിത്താണിട്ടുണ്ടാവും. ഇത്തരം യാഥാർത്ഥ്യങ്ങളെ മിത്തിൽനിന്നും ഊരിയെടുത്ത് നമുക്കുമുമ്പിൽ പ്രതിഷ്ഠിക്കാനാണ് ഈ കഥാകാരൻ ശ്രദ്ധവയ്ക്കുന്നത്. അക്രമങ്ങളുടെ ക്രമമില്ലാത്ത ചാട്ടങ്ങൾപോലും ആസൂത്രിതമായി മാറിയ കാലത്തെയാണ് നിർമൽകുമാർ തൊട്ടുകാണിക്കുന്നത്. മിത്തുകളെ വചനസമൃദ്ധിയാക്കി മാറ്റുകയും യാഥാർത്ഥ്യത്തെ തെരഞ്ഞുപിടിച്ചുകൊണ്ടുവരികയും ചെയ്യുന്ന ഈ പ്രവണത തന്നെയാണ് നിർമൽ കുമാർ 'സതി' എന്ന കഥയിലും പ്രവർത്തിപ്പിച്ചിട്ടുള്ളത്. 'സതി' യിൽ ചോദ്യം ചോദിക്കുന്ന ഒരു സതിയും ഉത്തരം പറയാതെ നിൽക്കുന്ന മറ്റൊരു സതിയുമുണ്ട്. കൊട്ടാരം ലേഖികയുടെ അഭിമുഖത്തിലെ സ്ത്രീ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. പക്ഷേ, കലാപ തുല്യമായ സാഹചര്യത്തിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്നില്ല. എല്ലാ ചൂതാട്ടസഭകളും ചോദ്യങ്ങളെയും ഉത്തരങ്ങളെയും നേരിടാൻ പാകമല്ലെന്നും അക്രമത്തിന്റെ കലയാണവർ പരിശീലിച്ചിരിക്കുന്നതെന്നും നിർമൽ കുമാർ പറഞ്ഞുവയ്ക്കുകയാണ്. അധികാരത്തിന് അർത്ഥം നഷ്ടപ്പെടുമ്പോൾ പ്രാകൃതമായ വാസനകളിലേക്ക് ഒരു അധികാരമോഹി പ്രവേശിക്കുന്നതിന്റെ എല്ലാ ചിത്രീകരണങ്ങളും ഈ കഥയിലുണ്ട്. ഈ കഥയിലെ ചോദ്യങ്ങൾ അധികാരത്തെ ഒരു പ്രാകൃതവ്യവസ്ഥയായി നമുക്ക് കാട്ടിത്തരുന്നു.

## അനുബന്ധം

സമകാലിക ചരിത്രം വായിച്ചും അരമനരഹസ്യങ്ങൾ കേട്ടും പരിചിതരായ കൗരവ-പാണ്ഡവ കഥാപാത്രങ്ങളെ നേരിൽ കാണാൻ തൊഴിൽ സാഹചര്യമുണ്ടാകുമ്പോൾ, കേട്ടറിവിലൂന്നിയ സംശയങ്ങൾ നേരേചൊവ്വേ ചോദിക്കുന്നൊരു ജിജ്ഞാസഭരിതയായ മഹാഭാരത സമകാലികയാണ് കൊട്ടാരം ലേഖിക!

*- ടിപ്പണി/ കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ*

ഒരു മിത്തും അതിൽത്തന്നെ ദുർഗ്രഹമല്ല. നിരാശ്രയത്തിന്റെ വിദ്യുത്പ്രവാഹങ്ങൾ അവയിലൂടെ കിതച്ചെത്തും. ചരിത്രത്തോടും മിത്തിനോടും ധിക്കാരമായി പെരുമാറുന്ന ഈ കഥ കാലത്തെ നേരിട്ടനുഭവിപ്പിക്കുന്നു. പ്രാകൃത വയലൻസിനോടുള്ള ഈ പ്രതിഷേധങ്ങൾ ഭ്രമാത്മകമായ ദൃശ്യാനുഭവമോ സൗന്ദര്യമുള്ള ഭ്രാന്തോ ഒക്കെയായി നമുക്കനുഭവപ്പെടുന്നു. ഈ കഥയിലെ ടിപ്പണി മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. അത് ഏതു കാലത്തെയും ഈ പ്രാകൃത സംസ്കാരവുമായി കൂട്ടിച്ചേർത്തു വായിക്കാനുള്ള രഹസ്യസൂചകങ്ങളാണ് മിത്ത്. എന്ന സംഗതിയുടെ വിശദാംശങ്ങളെയാണ് ചോദ്യങ്ങളുടെ കാടായി നിർമൽ കുമാർ നിവർത്തിക്കാട്ടുന്നത്. ■

www.malankaralibrary.com



# മീനാക്ഷി മറ്റൊരു നദിയാണ്

റവ. ഡോ. സുനിൽ ജോസ് cmi
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

മുരളി വിരിത്തറയിലിന്റെ 'മീനാക്ഷി മറ്റൊരു നദിയാണ്' എന്ന കവിതയുടെ ആസ്വാദനം (*സമകാലിക മലയാളം, 2023 ജൂലൈ 17)*


'മനുഷ്യൻ തന്റെ അപൂർണതയെ ഭാഷയിൽ പരിഹരിക്കുന്ന ഇടമാണ് കവിത' (കൽപ്പറ്റ) എന്ന വാക്യം കവിതയുടെ ഭാഷയെക്കുറിച്ചുള്ള നല്ലൊരു നിരീക്ഷണമാണ്. 'സംഭാഷണഭാഷയിൽനിന്ന് ഭിന്നമല്ലാത്തതും എന്നാൽ വാക്കുകളെ കൂടുതൽ അർത്ഥവത്തായി ക്രമീകരിച്ചതും അറിയുന്നതിൽ കവിഞ്ഞ ധർമമുള്ളതും ക്ഷയിക്കാത്തതും ഭ്രമിപ്പിക്കുന്ന രൂപമുള്ളതും ഉത്കൃഷ്ടവുമായ ഒരു ഭാഷയാണ് കവിത' എന്നൊരു നിരീക്ഷണവും കവിയായ കൽപ്പറ്റയുടേതായുണ്ട് (കവിതയുടെ ജീവചരിത്രം -10). മുരളി വിരിത്തറയിലിന്റെ 'മീനാക്ഷി മറ്റൊരു നദിയാണ്' എന്ന കവിത കവിതയുടെ ഈ സവിശേഷതകളെ അടയാളപ്പെടുത്തുന്നുണ്ട്.

കവിത മീനാക്ഷിയുടെ ഒഴുക്കാണ്. മീനാക്ഷി ഒരു നദിയല്ല മനുഷ്യസ്ത്രീയാണ്. അവളെങ്ങനെയാണ് ഒരു നദിപോലെ ഓട്ടത്തിനും നടത്തത്തിനുമിടയിലുള്ള വേഗത്തിൽ പാടം കവിഞ്ഞ് എന്നും റോഡിലേക്ക് ഒഴുകുന്നത്? കടവനാട്ടിലേയ്ക്കുള്ള ഒരേയൊരു ബസ് കാലത്ത് എടപ്പാളിൽനിന്നും പുറപ്പെട്ട് കഴിയുമ്പോഴേക്കും അവൾ ഓട്ടം/ഒഴുക്ക് ആരംഭിക്കും. അവളുടെ അതുവരെയുള്ള പ്രാരാബ്ധങ്ങൾ കവിതയിലില്ല. 'അവളുടെ ഒഴുക്കിൽപ്പെട്ട നാട്ടിലെ ചരാചരങ്ങളെല്ലാം റോഡിലെത്തിയാൽ നാനാദിക്കിലേക്കും പിരിഞ്ഞുപോകും.' അനേകരെ അവൾപോലുമറിയാതെ ഒഴുക്കിക്കൊണ്ട് പോകാനുള്ള എന്തോ ഒന്ന് അവളിലുണ്ട്.

'കടവനാട്ടിലേക്കുള്ള ബസിൽ കലങ്ങാതെ, കവിയാതെ അവളിരുന്ന് കാഴ്ചകൾ കാണും.' ഒഴുകുന്ന ഒരു നദി അതിന്റെ ഇരുകരകളെയും കാണുംപോലെ. 'ഐശ്വര്യ ടാക്കീസെത്തിയാൽ മമ്മൂക്കയുടെയും ലാലേട്ടന്റെയും പോസ്റ്ററുകളിലേയ്ക്ക് അവളൊന്നു തുളുമ്പിപ്പോകും' - പ്രണയവും ആരാധനയും കലർന്ന നോട്ടത്തിന്റെ തുളുമ്പൽ- 'അച്യുതവാര്യരുടെ സ്കൂൾ കണ്ടാൽ ഒരു വട്ടംകൂടി അങ്ങോട്ട് ഒഴുകിപ്പോയാലോന്ന് തോന്നും' - കുട്ടിത്തത്തിന്റെ ഗൃഹാതുരമായ ഓർമകൾ.

കോടതി വളപ്പിലെത്തുമ്പോൾ 'പഴയ കേസുകെട്ടിന്റെ കടലാസ്സ് വഞ്ചിയുംകൊണ്ട് കടലിലേക്ക് ഒഴുകിപ്പോയാലോന്ന് വിചാരിക്കും.' ഇനിയും ഒത്തുതീർപ്പാകാത്ത, കുരുക്കഴിയാത്ത ജീവിത വ്യവഹാരങ്ങളുടെ ഭാരംകൊണ്ട് തളർന്ന് കടലിൽ അഭയം തേടാൻ കൊതിക്കുന്ന ഹതഭാഗ്യകൂടിയാണവൾ എന്ന്

www.malankaralibrary.com



കവിത പറയാതെ പറയുന്നു. സിവിൽ സ്റ്റേഷൻ കഴിഞ്ഞ് താലൂക്കാസ്പത്രിക്കു മുന്നിലെത്തിയാൽ മുറിവേറ്റവരും രോഗികളും ബസ്സിൽനിന്നും നിർച്ചാലുകളായ് ആസ്പത്രിയിലേയ്ക്കൊഴുകിപ്പോകുന്നതു കണ്ടാൽ അവൾ കലങ്ങാൻ തുടങ്ങും.

കലങ്ങലും കവിയലും നദിയുടെ ഭാവങ്ങളാണ്. അവ മീനാക്ഷിയിലും ചേർത്തുവയ്ക്കുന്നുണ്ട് കവിത. മീനാക്ഷി കവിഞ്ഞപ്പോൾ കൂടെപ്പോന്നത് നാട്ടിലെ 'സകലചരാചരങ്ങളു'മാണ്. ബസിൽ അവളിരുന്നത് 'കലങ്ങാതെ, കവിയാതെയാണ്.' പക്ഷേ, ആശുപത്രിയിലെ മുറിവേറ്റവരുടെയും രോഗികളുടെയും കാഴ്ച അവളെ നൊമ്പരപ്പെടുത്തുന്നു. അവൾ കലങ്ങുന്നു. കടവനാട്ടിലെ തുരുമ്പിച്ച റാട്ടുകളുടെ ശബ്ദം ഈ കലക്കത്തിൽ പശ്ചാത്തലമാകുന്നുണ്ട്. 'ബസങ്ങനെ വളഞ്ഞുപുളഞ്ഞൊഴുകി പൂക്കൈതക്കടവിലെത്തുമ്പോൾ പുഴയിലേക്കൊഴുകി മീനാക്ഷി മറ്റൊരു നദിയാകും.'

കവിത ഇവിടെ അവസാനിക്കുന്നു. മീനാക്ഷി എന്ന നദി ഇത്ര ധൃതിയിൽ കവിഞ്ഞ് കലങ്ങിയൊഴുകിയത് പൂക്കൈതക്കടവിൽ– പുഴയിലൊഴുകി മറ്റൊരു നദിയാകാനായിരുന്നോ? എന്നൊരു ചോദ്യം വായനക്കാരിൽ അവരറിയാതെ ഉണരും.


കവിയുടെ സവിശേഷമായ നേട്ടമാണ് ഈ പെണ്ണൊഴുക്കിനെ കവിതയാക്കുന്നത്. സംഭാഷണങ്ങൾ ഒന്നുമില്ലാത്ത ഒരു ദൃക്സാക്ഷി വിവരണമായി ആഖ്യാനം ചെയ്യപ്പെടുന്ന കവിതയിൽ സ്ത്രീജീവിതത്തിലെ പലതരം ജീവിതാവസ്ഥകളിലേക്കുള്ള നോട്ടപ്പാടുകൾ കാണാം. ആ ചലനത്തെ ഒരു നദിയുടെ ഒഴുക്കായും അതിൽ ഓരം ചേർന്നും പിരിഞ്ഞും ഒഴുകുന്ന മനുഷ്യരുടെ കൂട്ടത്തെ നീർച്ചാലുകളായും കവിത സങ്കല്പിക്കുന്നുണ്ട്. 'മീനാക്ഷി മറ്റൊരു നദിയാണ്' എന്ന കവിത പെണ്ണൊഴുക്കിന്റെ ഗതിവേഗങ്ങളിലൂടെ ജീവിതത്തിന്റെ നേർക്കാഴ്ചകളിലേക്ക് സവിശേഷമായ വെളിച്ചം നല്കി ഒഴുകിപ്പോകുന്നു. ■

www.malankaralibrary.com



# വചനബോധി
## സുവിശേഷഭാഷ്യം - സീറോമലബാർ

ജെ. നാലുപറയിൽ




സീറോമലബാർ സഭയുടെ ഞായറാഴ്ച സുവിശേഷഭാഗങ്ങളുടെ ഏറ്റവും പുതിയ വ്യാഖ്യാനവും വിചിന്തനങ്ങളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈ രംഗത്തെ ഏറ്റവും സമഗ്രവും മൗലികവുമായ ഗ്രന്ഥമാണിതെന്ന് നിസ്സംശയം പറയാം.

ഞായറാഴ്ചകളും വിശുദ്ധരുടെ തിരുന്നാളുകളുമായി 63 അധ്യായങ്ങളാണ് ഇതിലുള്ളത്. മൂന്ന് ഭാഗങ്ങളായാണ് ഈ പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗം പശ്ചാത്തല പഠനങ്ങളാണ്. രണ്ടാം ഭാഗം ഞായറാഴ്ചകളിലെ സുവിശേഷഭാഗങ്ങളുടെ ഭാഷ്യവും അതിന്റെ വിചിന്തനവും പ്രസംഗങ്ങളുമാണ്. മൂന്നാം ഭാഗമാകട്ടെ, പ്രധാനപ്പെട്ട തിരുന്നാളുകളിലെ സുവിശേഷഭാഗങ്ങളുടെ ഭാഷ്യവും അതിന്റെ വിചിന്തനവും പ്രസംഗവുമാണ്.

ഓരോ ഞായറാഴ്ചത്തെയും സുവിശേഷഭാഗങ്ങളുടെ ഭാഷ്യത്തിനും വിചിന്തനത്തിനും പശ്ചാത്തലമൊരുക്കുന്നതാണ് ഒന്നാം ഭാഗത്തെ ആറു ലേഖനങ്ങൾ. ഇതിൽ ഒന്നാമത്തേത് വളരെ ബൃഹത്തായ ലേഖനമാണ്. സുവിശേഷ പ്രസംഗം എന്താണെന്നും അത് എങ്ങനെ ഒരുങ്ങണമെന്നും അവതരിപ്പിക്കണമെന്നും ഫ്രാൻസീസ് പാപ്പാ പല അവസരങ്ങളിലായി നല്കിയ നിർദ്ദേശങ്ങളുടെ സമാഹാരമാണിത്. അടുത്ത ലേഖനം ഈ പുസ്തകം ഫലപ്രദമായി ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങളാണ്. തുടർന്നു വരുന്ന നാല് ലേഖനങ്ങൾ സുവിശേഷങ്ങൾ ഓരോന്നിന്റെയും ഇതിവൃത്തവും കഥാപുരോഗതിയുടെ ഘട്ടങ്ങളും സംക്ഷിപ്തമായി അവതരിപ്പിക്കുന്നു.

പിന്നീട് വരുന്ന രണ്ടും മൂന്നും ഭാഗങ്ങളിലെ ഓരോ അധ്യായവും അതാത് സുവിശേഷഭാഗങ്ങളെക്കുറിച്ചാണ്. ഇതിലെ ഓരോ അധ്യായത്തിനും നാല് ഉപവിഭാഗങ്ങളുണ്ട്: സന്ദർഭം, പ്രമേയം, സന്ദേശം, പ്രസംഗം. ഇവയൊന്ന് വിശദീകരിക്കാം. 1) സന്ദർഭം: ലഭിച്ചിരിക്കുന്ന സുവിശേഷഭാഗത്തിന്റെ സന്ദർഭം (context) പറയുകയാണ് ആദ്യപടി. സന്ദർഭം തിരിച്ചറിഞ്ഞ് വചനഭാഗം വായിക്കുമ്പോഴല്ലേ സുവിശേഷകൻ ഉദ്ദേശിച്ച അർത്ഥതലങ്ങൾ നമുക്ക് മനസ്സിലാക്കാനാവൂ. 2) പ്രമേയം: ലഭിച്ചിരിക്കുന്ന സുവിശേഷഭാഗത്തിന്റെ പ്രധാന പ്രമേയമെന്തെന്ന് ചുരുക്കി പറയുകയാണിവിടെ.

3) സന്ദേശം: സന്ദേശമെന്ന മൂന്നാം ഘട്ടമാണ് സുവിശേഷപ്രസംഗകരെ ഏറ്റവും കൂടുതൽ സഹായിക്കുന്ന ഭാഗം. പശ്ചാത്തലവും പ്രമേയവും ഇതിനുള്ള ഒരുക്കങ്ങളായിരുന്നു. ആനുകാലിക ജീവിത സാഹചര്യങ്ങളിൽ നിർദ്ദിഷ്ട സുവിശേഷഭാഗം തരുന്ന സന്ദേശങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിക്കുകയാണിവിടെ. അഞ്ചു സന്ദേശങ്ങളാണ് ഓരോ സുവിശേഷഭാഗത്തിനും കൊടുത്തിരിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒരെണ്ണം വികസിപ്പിച്ചെടുത്താൽ ഏതൊരാൾക്കും നല്ലൊരു പ്രസംഗം (homily) പറയാനാവും.

4) പ്രസംഗം: തന്നിട്ടുള്ള സന്ദേശങ്ങൾ കൊണ്ടൊന്നും ഒരു പ്രസംഗം തയ്യാറാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഉപയോഗിക്കാനാണ് ഒരു സാമ്പിൾ പ്രസംഗം കൊടുത്തിരിക്കുന്നത്. അങ്ങനെ, 640 പേജുകളിലായി പൂർത്തിയാകുന്ന, ഞായറാഴ്ച പ്രസംഗത്തിനുള്ള ഒരു റഫറൻസ് ഗ്രന്ഥമാണിത്. കോഴിക്കോട്ടുള്ള ആത്മ ബുക്സ് ആണ് ഇതിന്റെ പ്രസാധകർ.

*വില - 750/-*
*കോപ്പികൾക്ക് : + 91 9746077500, +91 9746440600*

www.malankaralibrary.com



# മണിപ്പൂർ പാലം

മനുഷ്യപുത്രൻ

യേശുവിന്റെ കാലത്തുണ്ടായ രണ്ടു ദുരന്തങ്ങളായിരുന്നു, ബലിയർപ്പകരായ ഗലീലിയരെ പീലാത്തോസ് വധിച്ചതും സീലോഹായിലെ ഗോപുരം വീണ് പതിനെട്ട് പേർ കൊല്ലപ്പെട്ടതും (ലൂക്കാ 13:1-4). ഇത് യേശുവിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ പെട്ടെന്ന് വന്നു, അവന്റെ മറുപടി: ''മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങളും അതുപോലെ നശിക്കും'' (ലൂക്കാ 13:3).

മണിപ്പൂരിൽ നടന്നുകൊണ്ടിരിക്കുന്ന ദുരന്തം നമ്മൾ ചൂണ്ടിക്കാട്ടിയാലും യേശുവിന്റെ മറുപടി പഴയതു തന്നെയായിരിക്കും: ''മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങളും അതുപോലെ നശിക്കും.'' മാനസാന്തരപ്പെടുകയെന്ന് വച്ചാൽ മനസ്സ് മാറുക, ചിന്താരീതി മാറുക എന്നർത്ഥം.

മണിപ്പൂരിലെ സംഘർഷം ഒരു ദിവസം കൊണ്ട് ഉണ്ടായതല്ല, മറിച്ച്, ഒരു കാലഘട്ടം കൊണ്ട് വളർത്തിയെടുത്തതാണത്. അവിടുത്തെ മൂന്ന് സമൂഹങ്ങളും- കുക്കി, മെയ്തേയ്, നാഗന്മാർ - തമ്മിൽ വ്യത്യാസങ്ങളും മത്സരങ്ങളും എന്നും നിലനിന്നിരുന്നു.

കുക്കികളും മെയ്തേയികളും തമ്മിലുള്ള വൈജാത്യങ്ങളെയും ഭിന്നതകളെയും വളർത്തിയെടുക്കാൻ തല്പര കക്ഷികൾ ദീർഘകാലം പരിശ്രമിച്ചുവെന്ന് വ്യക്തം. തൽഫലമായി നവോത്ഥാന സംഘടനകളായി ജന്മമെടുത്ത 'അരംബായ് തങ്ങോൾ' 'മേയ്തേയ് ലീപുണ്' 'മെയിര പൈബിസ്' തുടങ്ങിയവ ക്രമേണ തീവ്രവാദ സംഘടനകളായി മാറി.

കുക്കികളുടെ എസ്ടി പദവിയും, അവർ ഉയർന്ന ഉദ്യാഗങ്ങൾ കൈക്കലാക്കുന്നതും, നഗരത്തിൽ അവർ ചങ്കായ സ്ഥലങ്ങൾ വാങ്ങുന്നതും, അവരുടെ ജനസംഖ്യ പടിപടിയായി വളരുന്നതുമൊക്കെ സ്പർദ്ധ വർദ്ധിപ്പിക്കാനുള്ള ഉപകരണങ്ങളാക്കി മാറ്റി. സംശയവും പകയും വിദ്വേഷവും നിറഞ്ഞു പാകമായി നിന്നിടത്ത് ഒരു തീപ്പൊരി മാത്രം മതിയായിരുന്നു തീ പിടിക്കാനും ആളിക്കത്താനും. മെയ് 3-ലെ റാലി ആ തീപ്പൊരിയായി മാറിയെന്ന് മാത്രം.

ഇത് വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ വരുന്നത് എന്താണ്? കേരളത്തിലെ സാമൂഹ്യമാധ്യമങ്ങളിലൂടെ പകയും സമുദായ സ്പർദ്ധയും പരത്തുന്ന വിവിധ ക്രിസ്തീയ സംഘടനകളെക്കുറിച്ചല്ലേ? പടിപടിയായി ഇത് വളർന്നുവന്നാൽ പിന്നീട് ചെറിയൊരു തീപ്പൊരി മതിയാകും കത്തിപ്പടരാൻ.

ചങ്ങനാശേരിയിൽ പോയി തിരിച്ചു വരുന്ന സമയം. കുറവിലങ്ങാട്ട് വന്നപ്പോൾ കാപ്പി കുടിക്കാൻ ഒരു ഹോട്ടലിൽ കയറി. അച്ചന്മാരെ കണ്ട് ഒരു അമ്മച്ചി വന്ന് സ്തുതിചൊല്ലി. എന്നിട്ട് പറഞ്ഞു, ആ പ്രദേശത്തെ ഏറ്റവും നല്ല ക്രിസ്ത്യൻ ഹോട്ടലാണ് അതെന്ന്! ഹോട്ടലുകളിലും ഭക്ഷണത്തിലും വരെ മതവിഭാഗീയത കടന്നു കൂടിയിരിക്കുന്നു!

ഒരു അച്ചൻ വീട്ടിൽ ചെന്നപ്പോൾ. അനുജൻ അരമനയിലേക്ക് പോകാൻ ഒരുങ്ങുന്നു. എന്തിനെന്നല്ലേ? ക്രിസ്ത്യൻ വ്യാപാരി വ്യവസായികളെ സംഘടിപ്പിക്കാൻ കൊച്ചുപിതാവ് വിളിച്ചിരിക്കുന്നെന്ന്!

ബഹുസ്വര സമൂഹത്തിൽ വിവിധ സമൂഹങ്ങളെ തമ്മിൽ അകറ്റാൻ എളുപ്പമാണ്. എന്നാൽ അതല്ല ക്രിസ്തീയ രീതിയെന്ന് ഓർക്കണം. ഫ്രാൻസീസ് പാപ്പാ പറഞ്ഞത് മറക്കണ്ട: ''മതിലുകൾ പണിയുകയല്ല ക്രിസ്തീയധർമ്മം, മറിച്ച് പാലങ്ങൾ പണിയുകയാണ്.'' നമുക്ക് പാരസ്പരികതയുടെ പാലങ്ങൾ പണിയാം. ''അല്ലെങ്കിൽ നിങ്ങളും അതുപോലെ നശിച്ചുപോകും.'' ■

www.malankaralibrary.com





ഇപ്പോൾ
കാഞ്ഞിരപ്പള്ളി രൂപതയിലെ ഇടുക്കി നിർമലാപുരം ഹോളി ഫാമിലി പള്ളിമണിയും **CHANT** സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിൽ 20 സംസ്ഥാനങ്ങളിലുമായി ഇപ്പോൾ 600-ൽപ്പരം പള്ളിമണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

**PULSATOR:** നിലവിലുള്ള പള്ളിമണികൾ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും അടിപ്പിക്കുന്ന സംവിധാനം.

**CHANT:** പള്ളികളിലെ നിലവിലുള്ള ആംപ്ലിഫയറിലൂടെ പള്ളിമണി ശബ്ദങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ എന്നിവ ഓട്ടോമാറ്റിക്കായും മാനുവലായും റിമോട്ട് ഉപയോഗിച്ചും പ്രവർത്തിക്കുന്ന സംവിധാനം.

**ALTAR CURTAIN AUTOMATION :** നിലവിലുള്ള അൾത്താര കർട്ടൻ (തിരുശ്ശീല) മാനുവലായും റിമോട്ടുപയോഗിച്ചും മാറ്റുന്ന ഓട്ടോമാറ്റിക് സംവിധാനം.

**MADONNA CHURCH BELLS :** യൂറോപ്യൻ ഗുണനിലവാരവും ആകൃതിയുമുള്ള പള്ളിമണികൾ നിർമിച്ചുനൽകുന്നു.

**SCHOOL BELL AUTOMATION:** നിലവിലുള്ള സ്കൂൾ ബെല്ലുകൾ ഓട്ടോമാറ്റിക്കായി അടിപ്പിക്കുന്ന സംവിധാനം.

**THURICOAL :** കരിയും തീയും നിലനിർത്തിക്കൊ് ധൂപാർച്ചനയിൽ ഓട്ടോമേഷൻ.

**HOLY WATER TOUCHLESS:** കരസ്പർശമില്ലാതെ ഹോളിവാട്ടർ ഓട്ടോമാറ്റിക്കായി കിട്ടുന്ന സംവിധാനം.

**Call: Felix Madonna - 98953 99881, 98952 98951**

Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

MSME
Make in India

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

Date of Publication: 13.08.2023 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 52**




Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala